**KOTTAYAM PUBLIC LIBRARY**

Call No. MF9 Acc. No. 9467
Prer N

Author: പ്രഭാകരനുണ്ണി . കെ. എം.

Title: നവോദയം

# നവോദയം

ഗ്രന്ഥകർത്താ:

കെ. എം. പ്രഭാകരനുണ്ണി

1124/1948

തൃശ്ശിവപേരൂർ
മംഗളോദയം പ്രസ്സിൽ
അച്ചടിച്ചത്.

9467

NATIONAL BOOK S... BR. KOTTAYAM
SPCS LTD.

വില ഉറുപ്പിക ഒന്നു്.

ഒന്നാം പതിപ്പ് കോപ്പി 1000

9467

# സമൎപ്പണം

ഞങ്ങളുടെ

ദിവംഗതയായ

പ്രിയമാതാവിൻെറ

പാദാരവിന്ദങ്ങളിൽ

Mf9

# വിഷയവിവരം


| | | ഭാഗം |
|---|---|---|
| 1 | സ്നേഹിതന്മാർ | 1 |
| 2 | പ്രഭാതത്തിലെ മഞ്ഞ് | 16 |
| 3 | വിവാഹമോതിരം | 36 |
| 4 | വാഗ്ദാനം | 52 |
| 5 | നവോദയം | 70 |

# അവതാരിക

ഒരു പതിനഞ്ചു കൊല്ലത്തിന്നിപ്പുറമായി മലയാളത്തിലെ കഥാസാഹിത്യം വളരെ വേഗത്തിൽ വളൎന്നുചരികയാണ്. ഹിന്ദി, ബങ്കാളി, തമിഴ് മുതലായ മറ്റു ഭാരതീയസാഹിത്യങ്ങളുമായി തട്ടിച്ചുനോക്കിയാൽ ഇന്നു മേലേക്കിടയിൽ അഭിമാനിപ്പാനൊന്നും കാലമായിട്ടില്ലെങ്കിലും, കുറെ പ്രതിഭാസമ്പന്നന്മാരായ കഥാകാരന്മാരും, പ്രശസ്തങ്ങളായ കഥകളും നമുക്കുണ്ടായിക്കഴിഞ്ഞിട്ടുണ്ടെന്ന് അഭിമാനിക്കാവുന്നതാണ്. കഥാസാഹിത്യംപോലെ എല്ലാവരും വായിക്കുകയും രസിക്കുകയും ചെയ്യുന്ന മറ്റൊരു സാഹിത്യശാഖയുണ്ടോ എന്നു സംശയമാണ്. പണ്ഡിതനും പാമരനും അതിൽ രസിപ്പാൻ വകയുണ്ടാകാം.

ഈ കഥാസമാഹാരത്തിന്റെ കൎത്താവായ ശ്രീമാൻ കെ. എം. പ്രഭാകരനുണ്ണി സാഹിത്യരസികന്മാൎക്കു കേവലം അപരിചിതനല്ല. 'മാതൃഭൂമി' ആഴ്ചപ്പതിപ്പു മുഖേനയും മറ്റുമായി അദ്ദേഹത്തിന്റെ കഥകൾ ഇതിനുമുമ്പുതന്നെ സഹൃദയന്മാൎക്കു സുപരിചിതങ്ങളാണ്. മേലേക്കിടയിലുള്ള കഴിവുകളുള്ള ഒരാളാണെങ്കിലും, ഇന്നദ്ദേഹം ഒരു ലജ്ജാവിധുരമായ കാട്ടുപ്പൂവായി ഒതുങ്ങിക്കഴിഞ്ഞുകൂടുകയാണ്. അദ്ദേഹത്തിന്റെ ആദ്യത്തെ രംഗപുഷ്പാഞ്ജലിയാണ് നാമിവിടെ കാണുന്നതെങ്കിലും, കറയററ വാസനാബലവും അഭ്യാസശക്തിയും വായനക്കാൎക്കിതിൽ തെളിഞ്ഞുകാണാവുന്നതാണ്. വലിയ സാ

ഹിത്യകാരന്മാരിൽമാത്രം പ്രകാശിച്ചുകാണാറുള്ള ആ വ്യക്തിമുദ്ര, പ്രസ്തുതകഥാനിബന്ധനത്തിലെ വാക്യങ്ങളിൽപ്പോലും കാണുന്നുണ്ടെന്നുള്ളതു പ്രശംസാർഹമായിരിക്കുന്നു. വർണ്ണനകളുടെ പുതുമയും, കൌതുകവും, നിരാഡംബരതയും ഒന്നു വേറെത്തന്നെയാണ്. ഒരു പൂർവ്വാനുരാഗത്തേയും പരിണാമഗുപ്തിയേയുംമാത്രം പ്രധാനകരുക്കളായി എടുത്തു കൈകാര്യം ചെയ്യുന്ന നമ്മുടെ പല കഥാകാരന്മാർക്കും, ഈ കഥകളിൽനിന്നു ചിലതൊക്കെ പഠിപ്പാനുണ്ടാകുമെന്നാണെന്റെ വിശ്വാസം. പറയത്തക്ക പ്ലോട്ടുകളൊന്നും കൂടാതെ, സംസ്കാരസുരഭിലമായ ആശയഗതികൊണ്ടും, വർണ്ണനാചാതുര്യംകൊണ്ടും ശ്രീമാൻ പ്രഭാകരനുണ്ണി ഹൃദയാലുക്കളായ വായനക്കാരെ അപഹൃതചിത്തവൃത്തികളാക്കിത്തീർക്കുകയാണ് ചെയ്യുന്നത്. മനുഷ്യഹൃദയത്തിന്റെ അവ്യക്തങ്ങളും സൂക്ഷ്മങ്ങളുമായ ഭാവങ്ങൾക്കു രൂപവും നിറവും കൊടുക്കുന്നതിൽ ഈ ഗ്രന്ഥകാരന്റെ തൂലിക വളരെയധികം വിജയം നേടീട്ടുണ്ട്. 'പ്രഭാതത്തിലെ മഞ്ഞിൽ'ക്കൂടെക്കാണുന്ന ആ പേരില്ലാത്ത കഥാനായകന്റേയും, 'സ്നേഹിതന്മാ'രിലൊരാളായ ദേവേശന്റേയും ഹൃദയവികാരങ്ങളിലേയ്ക്കൊന്നിറങ്ങിനോക്കുക; മേല്പറഞ്ഞതു വാസ്തവമാണെന്നു നിങ്ങൾക്കപ്പോൾ ബോദ്ധ്യപ്പെടും.

ബങ്കിംചന്ദ്രൻ, രവീന്ദ്രനാഥൻ മുതലായ വിശ്വവിശ്രുതന്മാരായ സാഹിത്യാചാര്യന്മാരാണ് ഈ കഥാകാരനെ നയിക്കുന്നതെന്നു തോന്നുന്നു. അവരുടെ സാഹിത്യത്തിലാണ് നാമിപ്പോൾ വിഹരിച്ചുകൊണ്ടിരിക്കുന്ന

തെന്നു് ഇതു വായിക്കുമ്പോൾ വായനക്കാൎക്കു ഭ്രമം പററിപ്പോകാവുന്നതാണു്. സംസ്കാരസുരഭിലമായ ഒരന്തരീക്ഷമാണു് കഥകൾക്കെല്ലാം പൊതുവിലുള്ളതു്. ആ 'സുലേഖ'യുടെ ചിത്രമുണ്ടല്ലോ അതു വളരെ കുറച്ചുസമയംമാത്രമേ നമ്മുടെ മുമ്പിൽ നിൽക്കുന്നുള്ളുവെങ്കിലും, ഏററവും ഹൃദയാവൎജ്ജകമായിരിക്കുന്നു. ഇന്ത്യൻസ്ത്രീത്വത്തിൻെറ മാതൃകയെ പ്രശംസനീയമായ വൈദഗ്ദ്ധ്യത്തോടുകൂടിയാണു് കഥാകാരൻ അതിൽ ചിത്രീകരിച്ചിട്ടുള്ളതു്. 'സ്നേഹിതന്മാർ' 'വിവാഹമോതിരം' മുതലായ കഥകൾ ഉയൎന്നതരത്തിലുള്ള കലാനിൎമ്മിതികളാണു്. അസാമാന്യവൈദഗ്ദ്ധ്യമുള്ള തൂലികകൾക്കുമാത്രമേ അത്തരം സൃഷ്ടി സാദ്ധ്യമാവുകയുള്ളു.

'അസഭ്യങ്ങൾ' എന്നു തികച്ചും പറയാവുന്ന ഒരുതരം സാഹിത്യനിൎമ്മിതിക്കു നമ്മുടെ ചില കഥാകാരന്മാർ പുറപ്പെട്ടുകാണുന്നതു ശോചനീയമായിരിക്കുന്നു. വളരെയൊക്കെ കഴിവുള്ളവരാണു് ഇവരെന്നുള്ളതാണു് കുറേക്കൂടി കഷ്ടമായിരിക്കുന്നതു്. മനഃശാസ്ത്രത്തിൻേറയും യഥാതഥപ്രസ്ഥാനത്തിൻേറയും (Realism) പടച്ചട്ടയുടെ രക്ഷയിൽനിന്നുകൊണ്ടാണു് അവരിതു ചെയ്യുന്നതു്. ഇത്തരം സാഹിത്യത്തിൻെറ വളച്ച നമ്മുടെ സമുദായത്തിന്നു് ഒരാരോഗ്യപരമായ അവസ്ഥയെയാണുളവാക്കുകയെന്നു വിചാരിപ്പാൻ പ്രയാസമാണു്. ശൃംഗാരത്തെ അതിൻെറ പരമകോടിവരെ വൎണ്ണിച്ചിട്ടുള്ള ചില കവികൾകൂടി, പ്രതിപാദനശില്പത്തിൻെറ കൌശലംകൊണ്ടു് (സംസ്കൃതവാക്കുകളെക്കൊണ്ടു പൊതിഞ്ഞുവെ

ക്കുന്നതിനെയല്ല വിവക്ഷിക്കുന്നതു്.) അതിൻെറ അശ്ലീലതയെ പരിഹരിപ്പാൻ കുറെയൊക്കെ സമർത്ഥമായിട്ടുണ്ടു്; എന്നാൽ പ്രാകൃതമനുഷ്യൻെറ പ്രാകൃതവികാരങ്ങളെ പ്രാകൃതഭാഷയിൽത്തന്നെ വിളിച്ചുപറയുന്ന മുൻപറഞ്ഞ സാഹിത്യകാരന്മാർ സമുദായത്തിന്നെന്തുപകാരം ചെയ്യുന്നുവെന്നറിഞ്ഞുകൂടാ. മനുഷ്യനിലുള്ള മൃഗീയവികാരങ്ങളെ കെട്ടഴിച്ചുവിടുകയല്ലാതെ മറെറന്താണൊരു പ്രയോജനം ഇതുകൊണ്ടുണ്ടാകാനുള്ളതു്! ഉത്തമമനുഷ്യൻെറ ഉത്തമവികാരങ്ങൾ പ്രതിബിംബിക്കുന്ന സാഹിത്യത്തിന്നു് അതിൻെറ ഒരന്തസ്സും പരിശുദ്ധിയും ഉണ്ടായിരിക്കേണ്ടതാണു്. മഹാകവി കുമാരനാശാൻ ഒരു മികച്ച പ്രേമഗായകനായിരുന്നിട്ടുകൂടി എത്ര പരിശുദ്ധമായ ഒരന്തരീക്ഷമാണു് അദ്ദേഹത്തിൻെറ സാഹിത്യത്തിൽ സൃഷ്ടിച്ചിട്ടുള്ളതെന്നുള്ളതു ശ്രദ്ധേയമായ ഒരു സംഗതിയാണു്. ഒരു കുടുംബാംഗങ്ങൾക്കെല്ലാവക്കുംകൂടി ഒരുമിച്ചിരുന്നു വായിക്കാവുന്നവയാണു് അദ്ദേഹത്തിൻെറ കൃതികൾ. ഏതായാലും പ്രഭാകരനുണ്ണി അവർകളുടെ വർണ്ണനകളിലെല്ലാം സംസ്കാരസംശുദ്ധമായ ഒരു കുലീനത പരിസ്ഫുരിച്ചുകാണുന്നുണ്ടെന്നുള്ളതു് ആശാവഹമായിരിക്കുന്നു.

ഒരു മികച്ച കഥാസമുച്ചയം തുറന്നു വായിപ്പാൻ വെമ്പിക്കൊണ്ടിരിക്കുന്ന വായനക്കാരെ ഇതിലധികം തടസ്സപ്പെടുത്തുവാൻ എനിക്കു ധൈര്യമില്ല; കേരളീയകഥാകാരന്മാരുടെ മുന്നണിയിൽ വന്നു പ്രകാശിക്കുന്നതിന്നുള്ള കഴിവു ശ്രീമാൻ പ്രഭാകരനുണ്ണിക്കുണ്ടു്; പ്രകൃതിദ

ത്തമായ വാസനകൊണ്ടും, അഭ്യാസംകൊണ്ടും അനുഗൃഹീതനാണദ്ദേഹം; അങ്ങിനെയുള്ളൊരു സാഹിത്യകാരനെ കണ്ടറിവാനും വളർത്തിക്കൊണ്ടുവരുവാനുമുള്ള കലാബോധവും കർത്തവ്യനിഷ്ഠയും അഭിനവകേരളത്തിന്നുണ്ടാകുമെന്നാശിക്കാവുന്നതാണ്. കാലം അദ്ദേഹത്തിൻെറ പുരോഗതിയിൽ പുഞ്ചിരിക്കുമാറാകട്ടെ!

പെരിന്തൽമണ്ണ,
24—7—1948.

കുറുവാൻതൊടി
ശങ്കരനെഴുത്തച്ഛൻ

# സ്നേഹിതന്മാർ

ദേവേശന്നു് ഏകാകിയായി ആ ഗൃഹം വിട്ടുപോകേണ്ടിവന്നു.

ദേവേശനും രാജേന്ദ്രനും അയൽപക്കക്കാരായിരുന്നതുകൊണ്ടും, ഒരേ സ്കൂളിൽ, ഒരേ ക്ലാസിൽ പഠിച്ചുവന്നതുകൊണ്ടും അവരുടെ വിദ്യാഭ്യാസത്തിന്നുശേഷവും അവർ ഒരേ പട്ടണത്തിൽത്തന്നെ ജോലിയാരംഭിച്ചു. അവർ തമ്മിലുള്ള സ്നേഹവിശ്വാസങ്ങൾ അതിശയനീയമായിരുന്നു; പക്ഷേ, അനാവശ്യമായി തമ്മിൽ ശണ്ഠകൂടുക, നിസ്സാരമായ കാര്യങ്ങളെക്കുറിച്ചു വെറുതെ തർക്കിക്കുക മുതലായ അവരുടെ ചില പ്രത്യേകസ്വഭാവങ്ങൾ കണ്ടു്, 'ഇത്രയും യോജിപ്പില്ലാത്ത രണ്ടു കൂട്ടർ, എങ്ങിനെയാണു് ഒരു ഗൃഹത്തിൽ ജീവിച്ചുവരുന്നതെ'ന്നു് അവരുടെ സ്നേഹിതന്മാർ ചോദിച്ചുകൊണ്ടിരുന്നു. ചെറുപ്പകാലംമുതൽക്കുള്ള അവരുടെ അന്യോന്യസ്നേഹം അവർ മുതിർന്നുവന്നിട്ടുകൂടി, അതിൻെറ ഇത്തരം ബാലിശങ്ങളും നിർദ്ദോഷങ്ങളുമായ ചപലതകളോടുകൂടി അവരിൽ പററിക്കൂടി. ജീവിതത്തിലെ ഏതു പ്രലോഭനങ്ങൾക്കും അവരുടെ ഹൃദയങ്ങളെ അണുമാത്രമെങ്കിലും അകററിനിർത്താൻ സാധിച്ചില്ല. അവ അത്രമേൽ പററിപ്പിടിച്ചിരുന്നു. ഒന്നായിച്ചേർന്ന അവരുടെ ഹൃദയസരസ്സിൽ എതെങ്കിലും ഒരു കോണിൽ ഒരു കൈവിരൽസ്പർശമുണ്ടായാൽ

അതു് ആ സരസ്സിനെ ആകമാനം പ്രകമ്പിതമാക്കിത്തീൎത്തു. അങ്ങിനെ അപൂൎവ്വമായിക്കാണുന്ന യഥാൎത്ഥസുഹൃൽസ്നേഹത്തിൻെറ അനിൎവ്വചനീയമായ നിഗൂഢപ്രരണയിൽ ആമഗ്നരായി അവർ ജീവിച്ചുവന്നു.

അങ്ങിനെയിരിക്കുമ്പോഴാണു് രാജേന്ദ്രന്നു സ്വദേശത്തുനിന്നു പിതാവിൻെറ ഒരെഴുത്തു കിട്ടിയതു്. എഴുത്തു കണ്ട ഉടനെ സ്വഗൃഹത്തിലേയ്ക്കു ചെല്ലുണമെന്നു് അതിൽ എഴുതിയിരുന്നു. ഇത്രയും അടിയന്തരമായ സംഗതി എന്തായിരിക്കണമെന്നറിയാതെ പരിഭ്രാന്തചിത്തനായി രാജേന്ദ്രൻ പിറേറന്നുതന്നെ ഗൃഹത്തിലേയ്ക്കു പുറപ്പെട്ടു.

രണ്ടാഴ്ചയ്ക്കുശേഷം ദേവേശന്നു രാജേന്ദ്രൻെറ എഴുത്തു കിട്ടി. അവിടെനിന്നു പോന്നതിൻെറ പിറേറ ആഴ്ച തൻെറ വിവാഹം നടന്നുവെന്നും, അത്രയും ധൃതിയായി നടത്തിയതുകൊണ്ടു് ഒരു ക്ഷണനമയപ്പാൻപോലും സാധിച്ചില്ലെന്നും അതിന്നു തനിക്കു മാപ്പുനൽകണമെന്നും മററും അതിൽ എഴുതിയിരുന്നു. ദേവേശൻ വല്ലാതെ അത്ഭുതപ്പെട്ടു. ഇത്രയും ധൃതിയായി രാജേന്ദ്രൻെറ വിവാഹം നടത്തിയതെന്താണു ? എങ്കിലും രാജേന്ദ്രൻ വന്നാൽ എല്ലാമറിയാമല്ലോ.

ആ മാസാവസാനത്തിൽ രാജേന്ദ്രൻ വന്നുചേൎന്നു. ജിജ്ഞാസാഭരിതനായ ദേവേശൻെറ ആദ്യത്തെ കുശലപ്രശ്നങ്ങൾക്കു ശേഷം വിവാഹത്തെക്കുറിച്ചു വിസ്തരിച്ചു പറവാൻ അയാൾ രാജേന്ദ്രനോടാവശ്യപ്പെട്ടു. അപ്പോൾ സന്ധ്യാസമയമായിരുന്നു. മുകളിലുള്ള വരാന്തയിൽ അ

ഭിമുഖമായിരുന്നു രാജേന്ദ്രൻ തന്റെ വിവാഹകഥ പറഞ്ഞു.

അവളുടെ അച്ഛൻ, രാജേന്ദ്രന്റെ അച്ഛന്റെ കരാത്മമിത്രമായിരുന്നു. അവളുടെ മാതാവു ചെറുപ്പത്തിൽ മരിച്ചുപോയിരുന്നതുകൊണ്ടു വൃദ്ധപിതാവിന്റെ പരിലാളനങ്ങളേററാണ് അവൾ വളൎന്നുവന്നത്. തന്റെ മരണാനന്തരം പ്രിയപുത്രി കഷ്ടപ്പെട്ടേയ്ക്കുമെന്നോൎത്ത് ആ വൃദ്ധൻ വല്ലാതെ വ്യാകുലപ്പെട്ടുകൊണ്ടിരുന്നു. തന്റെ മരണാനന്തരം പുത്രിയുടെ ഏകാവലംബം രാജേന്ദ്രന്റെ പിതാവാണെന്ന് അയാൾ ഇടയ്ക്കിടെ പറയാറുണ്ടായിരുന്നു. അവരുടെ അന്യോന്യമൈത്രിയുടെ അനന്തരസ്മരണയ്ക്കായി പുത്രനെക്കൊണ്ട് അവളെ വിവാഹം ചെയ്യിക്കാമെന്നു രാജേന്ദ്രന്റെ അച്ഛൻ ആ വൃദ്ധപിതാവിനെ സമാശ്വസിപ്പിക്കാറുണ്ട്. രാജേന്ദ്രന്റെ വിവാഹം നടന്നതിന്നു നാലുദിവസംമുമ്പ് അയാൾ രോഗബാധിതനായി. താൻ മരിക്കുന്നതിന്നുമുമ്പു പുത്രി അനാഥയല്ലെന്നു കണ്ടു സമാധാനത്തോടെ മരിക്കണമെന്ന് അയാൾ രാജേന്ദ്രന്റെ അച്ഛനോടു പറകയും, ഉടനെ അച്ഛൻ രാജേന്ദ്രന്ന് എഴുതുകയും അധികം ആഃഘോഷങ്ങൾകൂടാതെ വിവാഹം നടത്തുകയും ചെയ്തു.

രാജേന്ദ്രൻ ഇങ്ങിനെ തന്റെ വിവാഹകഥ പറഞ്ഞവസാനിപ്പിച്ചപ്പോൾ ദേവേശൻ ചോദിച്ചു:

"അവളുടെ പേരെന്താണ്?"

രാജേന്ദ്രൻ:—"സുശീല."

ദേവേശൻ:—"എന്നാൽ ആ കൊച്ചുകുടുംബിനിയെക്കൂടി ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവരാതിരുന്നതെന്താണു്?"

കൂടുതൽ സൌകര്യമുള്ള ഒരു വീടെടുത്തതിന്നുശേഷം അവളെ ഇങ്ങോട്ടു കൊണ്ടുവരാനാണ് താൻ ആലോചിക്കുന്നതെന്നു രാജേന്ദ്രൻ പറഞ്ഞു. അപ്പോഴേയ്ക്കു് അവിടെ വെളിച്ചം തീരെ മങ്ങിപ്പോയതുകൊണ്ടു് അവർക്കു തമ്മിൽ കാണ്മാൻ കഴിയാതായി. ഇരുവരും എഴുന്നേററു ചുവട്ടിലേയ്ക്കു പോന്നു.

അങ്ങിനെ മാസങ്ങൾ പലതുകഴിഞ്ഞു. മാസത്തിൽ ഒന്നോ രണ്ടോ കുറി രാജേന്ദ്രൻ സ്വഗൃഹത്തിൽ പോയി വരിക പതിവായി. ഗൃഹസംബന്ധമായ പല അസൌകര്യങ്ങൾകൊണ്ടു രാജേന്ദ്രന്ന് ആ പെൺകുട്ടിയെ അങ്ങോട്ടു കൂട്ടികൊണ്ടുവരുവാൻ സാധിച്ചില്ല. ഒരു ദിവസം അയാൾ പുറത്തെവിടെയോ പോയി വൈകുന്നേരമേ മടങ്ങിവന്നുള്ളു. വന്നപ്പോൾ തനിക്കു ദേഹത്തിന്നു തീരെ സുഖമില്ലെന്നു പറഞ്ഞു. പിറേറ ദിവസം രാജേന്ദ്രൻ കിടയ്ക്കയിൽനിന്നെഴുന്നേററതേയില്ല. അയാൾക്കു നല്ല പനിയുണ്ടായിരുന്നു. നാലുദിവസത്തോളം പനി നീണ്ടുനിന്നു. ക്രമേണ സുഖക്കേടു് അധികമാവുന്നുവെന്നു ദേവേശൻ കണ്ടു. അതിനെപ്പററി ദേവേശൻ രാജേന്ദ്രനുമായി സംസാരിച്ചു.

"ഞാൻ വീട്ടിലേയ്ക്കു പോകട്ടെ." രാജേന്ദ്രൻ പറഞ്ഞു.

അതനുസരിച്ചു ദേവേശൻ അയാളെ സ്വഗൃഹത്തിൽ കൊണ്ടുപോയാക്കി. ആഴ്ചയിൽ രണ്ടുതവണ രാജേന്ദ്രന്റെ അച്ഛൻ സുഖക്കേടിനെക്കുറിച്ചു ദേവേശന്നെഴുതി.

ഒരു ദിവസം, രോഗം പെട്ടെന്ന് അധികമായിരിക്കുന്നുവെന്നും, ഉടനെ വരേണമെന്നും ഒരെഴുത്തു കിട്ടി. ദേവേശൻ ഉടനെ പരിഭ്രാന്തചിത്തനായി രാജേന്ദ്രന്റെ ഗൃഹത്തിലേയ്ക്കു പാഞ്ഞുചെന്നു. പൂമുഖത്തും വരാന്തയിലും മുററത്തും ആളുകൾ കൂട്ടം കൂട്ടമായി നിന്നിരുന്നു. അയാൾ ഗൃഹത്തിലേയ്ക്കു കയറുമ്പോൾ ആളുകൾ വ്യസനസൂചകമായ ദൃഷ്ടികളാൽ നിശ്ശബ്ദമായി നോക്കിക്കൊണ്ടു നിന്നു. രാജേന്ദ്രൻ എവിടെയാണ് കിടക്കുന്നതെന്നോ, ദീനസ്ഥിതി ഇന്നതാണെന്നോ ഒരാളും അയാളോടു പറകയുണ്ടായില്ല. എല്ലായിടത്തും നിശ്ശബ്ദമായിരുന്നു. ആ വീടു വിറങ്ങലിച്ചുനിൽക്കുന്നപോലെ ദേവേശന്നു തോന്നി. അനവധി ആളുകൾ അവിടെ ഉണ്ടായിരുന്നെങ്കിലും നിശാന്തത്തിലേതിനേക്കാൾ ഭയങ്കരമായ ഒരേകാന്തത അയാളെ ചുററിഞെരുക്കുന്നപോലെ തോന്നി. ദേവേശൻ ഹൃദയസ്പന്ദനത്തോടെ കോണിപ്പടിയോളം ചെന്നു. അമർത്തിപ്പിടിച്ച ഹൃദയഭേദകങ്ങളായ രോദനങ്ങൾ അയാളുടെ കർണ്ണപുടങ്ങളിൽ വന്നുവീണു.

ഒരു സ്വപ്നചാരിയെപ്പോലെ അയാൾ മുകളിലേയ്ക്കു കയറിച്ചെന്നു. ആ മുറിക്കകത്ത്, കിടയ്ക്കയുടെ ചുററും രാജേന്ദ്രന്റെ ബന്ധുമിത്രങ്ങൾ പ്രതിമകളെപ്പോലെ നിന്നിരുന്നു. രാജേന്ദ്രന്റെ വൃദ്ധപിതാവു വിവർണ്ണ

വദനനായി, ആ തലയിണമേൽ കിടന്നിരുന്ന നിർജ്ജീവവദനത്തിലേയ്ക്കു നിർന്നിമേഷം നോക്കിക്കൊണ്ടിരുന്നു.

ആ കിടയ്ക്കയുടെ കാൽക്കൽ രാജേന്ദ്രൻെറ കാലടികൾക്കിടയിൽ ശിരസ്സർപ്പിച്ച്, ഒരു യുവതി ബോധരഹിതയായിക്കിടക്കുന്നുണ്ട്.

ദേവേശൻ കോണിപ്പടിയിറങ്ങി ആ ആൾത്തിരക്കിന്നിടയിൽക്കൂടെ പടിക്കലേയ്ക്കോടി.

മരണാനന്തരം സംസ്കാരകർമ്മങ്ങൾക്കായി ആ ജഡദേഹം അവിടെനിന്നും കുറെ അകലെയുള്ള ഒരു സ്ഥലത്തേയ്ക്കു കൊണ്ടുപോകപ്പെട്ടു. അവരുടെ തറവാടിൻെറ മൂലസ്ഥാനം അവിടെയാണെന്നും, അതുകൊണ്ടു ശവദാഹകർമ്മങ്ങൾ അവിടെവെച്ചു വേണമെന്നും ചില വൃദ്ധന്മാരായ കുടുംബാംഗങ്ങളുടെ അഭിപ്രായമനുസരിച്ച് 'ഹരിപുര'ത്തുവെച്ചു കർമ്മങ്ങൾ കഴിച്ചു.

അങ്ങിനെ രാജേന്ദ്രൻെറ പിതാമഹന്മാരേയും പ്രപിതാമഹന്മാരേയും 'മറചെയ്ത' ആ പുരാതനശ്മശാനത്തിൽ രാജേന്ദ്രനേയും മറചെയ്തു. മനുഷ്യൻെറ ഈ ലൌകികക്രിയകൾക്കനുസരിച്ച് അന്തരിച്ചുപോയ ആത്മാക്കൾക്കും ഐക്യമുണ്ടാകുമെങ്കിൽ, അവരെസ്സംബന്ധിച്ചേടത്തോളം കേവലം അജ്ഞാതമായിക്കിടക്കുന്ന ആ അനന്തരജീവിതത്തെക്കുറിച്ചു നമുക്കല്പമുണ്ടാപ്പെടേണ്ടതില്ല. എങ്ങിനെയായാലും ഹരിപുരം മനോഹരമായ ഒരു നാട്ടുപുറമാണ്. പച്ചപ്പുൽനിറഞ്ഞതും കാട്ടുപൂക്കൾ വികസിച്ചുനില്ക്കുന്നതുമായ പർവ്വതങ്ങളുടെ സാനുപ്രദേശങ്ങളിൽനിന്നു പുറപ്പെട്ടുവരുന്ന മന്ദമാരുതനാൽ പരിലാ

ളിതമായ ആ പുഴവക്കിൽ രാജേന്ദ്രൻ മനുഷ്യലോകത്തിൽനിന്നുമകന്നു നിത്യസുഷുപ്തി അനുഭവിച്ചുവരുന്നു.

ദേവേശൻ, നിരുന്മേഷനായി, നാട്ടും വീട്ടും വിട്ടു, വിദേശങ്ങളിൽ കുറെക്കാലം ചുററിത്തിരിഞ്ഞു. എവിടേയും അയാൾക്കു മനസ്സമാധാനം കിട്ടിയില്ല. രാജേന്ദ്രന്റെ ചിന്ത അനവസ്തൃതമായി അയാളുടെ ഹൃദയത്തെ അസുഖപ്പെടുത്തിക്കൊണ്ടിരുന്നു. ഒരു രണ്ടുകൊല്ലത്തോളം അയാൾ അങ്ങിനെ ഉദ്ദേശ്യരഹിതനായി അലഞ്ഞു നടന്നു. കുറെക്കഴിഞ്ഞപ്പോൾ പുതിയ പുതിയ അനുഭവങ്ങൾ, വ്യത്യസ്തപ്പെട്ട അന്തരീക്ഷം, ഇതുകളെക്കൊണ്ടു രാജേന്ദ്രന്റെ ചിന്ത അയാളുടെ ഹൃദയത്തെ മുമ്പെത്തെപ്പോലെ വ്യഥിതമാക്കാതായപ്പോൾ, അയാൾ മടങ്ങിവന്നു 'ഹരിപുരത്തു' താമസമാക്കി. മിക്ക സമയവും അയാൾ തന്റെ മുറിയിൽ വായനയിൽ വ്യാമഗ്നനായി ഇരിക്കും. വായനയിൽനിന്നു കണ്ണുയർത്തിയാൽ രാജേന്ദ്രന്റെ ശ്മശാനസ്ഥലം, ആ പുഴയോരത്തു്, അവ്യക്തമായി അയാൾക്കു കാണാം.

ദേവേശന്റെ വീട്ടിന്നല്പം അകലെ താമസിക്കുന്ന ഒരു കൃഷീവലനു് സുശീലയെന്നുപേരായ സരസയായ ഒരു പെൺകുട്ടിയുണ്ടു്. അന്നു രാവിലെ അവൾ ഒരു ചെറിയ കൊട്ടനിറയെ കാശ്മീരികളുമായി പടികടന്നു വരുന്നതു കണ്ടു. അവൾ കോലായിലേയ്ക്കു കയറിപ്പറഞ്ഞു: "എവിടെ, പനി മാറി വന്നാൽ എനിക്കു തരാമെന്നു പറഞ്ഞ ചിത്രങ്ങൾ? ഇതു് അച്ഛൻ ഇവിടെ ത

രാൻ പറഞ്ഞതാണ്. ചിത്രങ്ങൾ തന്നാലേ ഞാനിതു തരികയുള്ളൂ.''

ആ പെൺകുട്ടിയുടെ ചിബുകം പിടിച്ചുയർത്തിക്കൊണ്ടു ദേവേശൻ പറഞ്ഞു: "എന്താ സുശീ! പനി മാറിയോ? ആ കൊട്ടയിലുള്ളതു് ഇവിടെ തരാതെ പോയാൽ ഞാൻ വന്നു് അച്ഛനോടു പറയും.'' അവൾ കൊട്ട പിന്നിലേയ്ക്കു പിടിച്ചു് ഒരു കൈകൊണ്ടു ദേവേശൻെറ കൈപിടിച്ചു മാററി മുററത്തേയ്ക്കിറങ്ങാൻ ഭാവിച്ചു.

"സുശിക്കെത്ര ചിത്രങ്ങൾ വേണമെങ്കിലും ഞാൻ തരാമല്ലോ വരൂ.'' എന്നു പറഞ്ഞു ദേവേശൻ അവളെ അകത്തേയ്ക്കു കൂട്ടിക്കൊണ്ടുപോയി. നല്ല നല്ല ചിത്രങ്ങളുള്ള ഒരു ഇംഗ്ലീഷുമാസികയെടുത്തു് അവൾക്കു കൊടുത്തു. "സുശിക്കേതു വേണമെങ്കിൽ എടുത്തോളൂ.''

'ഏതു വേണമെങ്കിൽ' എന്നുള്ളതിന്നു് അവളും ദേവേശനും കല്പിച്ച അർത്ഥം, നിർഭാഗ്യവശാൽ, ഒന്നായില്ല. അവൾ അതിലെ മുക്കാലും ഏടുകൾ ചീന്തിയെടുത്തു. അവർ കോലായിൽ വന്നപ്പോൾ, അവൾ മറുപുറത്തുള്ള ഒരു ഗൃഹത്തിലെ പൂന്തോട്ടത്തിലേയ്ക്കു നോക്കിപ്പറഞ്ഞു: "എനിക്കു കുറെ പൂക്കൾ വേണം.''

"അയ്യോ, കുട്ടീ! അതു് എങ്ങിനെയാണു്. അതു് അവരുടേതല്ലേ?''

അവൾ ഒന്നും കേൾപ്പാൻ തയ്യാറുണ്ടായിരുന്നില്ല. "എന്നാൽ സുശിതന്നെ പോയി ചോദിച്ചോളൂ.'' ദേവേശനിതു പറഞ്ഞപ്പോഴേയ്ക്കും അവൾ പടികടന്നു് അയൽ വീട്ടിലേയ്ക്കോടി.

പുരോഭാഗത്ത് ഒരു കൌതുകമുള്ള പൂന്തോട്ടത്തോടുകൂടിയ ആ വീട് ദേവേശനെ അല്പം ആകർഷിച്ചിരുന്നു. അയാൾ വന്നതിന്നുശേഷം അതിൽ ജനവാസമുള്ളതായിത്തന്നെ തോന്നിയിരുന്നില്ല. ലീലാവിലാസന്മാരായ ചെറുകുട്ടികളുടെ കോലാഹലശബ്ദമോ, നേരമ്പോക്കുകൾ പറഞ്ഞിരിക്കുന്ന ഉല്ലാസഹൃദയന്മാരായ പുരുഷന്മാരുടെ ഉച്ചഹാസങ്ങളോ അതിൽനിന്ന് ഒരിക്കലും കേൾക്കുകയുണ്ടായിട്ടില്ല. പ്രാർത്ഥന കഴിഞ്ഞു് എല്ലാവരും മടങ്ങിപ്പോയ ക്ഷേത്രംപോലെ അതു്, എപ്പോഴും, നിശ്ശബ്ദമായിക്കാണപ്പെട്ടു. സാധാരണവീടുകളുമായി അതിന്നുള്ള ഈ വ്യത്യസ്തത പ്രത്യക്ഷപ്പെട്ടുതുടങ്ങിയമുതൽക്കാണ് ദേവേശൻ അതിനെ സൂക്ഷിക്കുവാൻ തുടങ്ങിയതു്. രാജേന്ദ്രന്റെ സ്മരണ മുമ്പേത്തേപ്പോലെ അയാളുടെ ഹൃദയത്തെ പറിച്ചു ചീന്താറില്ല. മുമ്പ് അയാൾ രാജേന്ദ്രനെ കഴിയുന്നതും വിസ്മരിക്കാൻ ശ്രമിച്ചു. കാരണം, നിശിതവും വ്യസനമയവുമായ ആ സംഗതിയോർക്കുവാൻപോലും കഴിയാത്തവിധം അയാളുടെ ഹൃദയം അത്രമേൽ ദുർബ്ബലമായിരുന്നു. എന്നാൽ കാലത്തിന്റെ നിഗൂഢശക്തി അയാളുടെ ഹൃദയത്തിലും പ്രവർത്തിക്കാതിരുന്നില്ല. രാജേന്ദ്രൻ നഷ്ടപ്പെട്ടതുമുതൽ അയാളുടെ ഹൃദയവും സ്നേഹത്തിന്നുവേണ്ടി ഉഴറുകയായിരുന്നു. എന്തിനെന്നറിയാതെ, അയാളുടെ അസ്വസ്ഥഹൃദയം ഈ അജ്ഞാതമായ ഗൃഹത്തിന്നു പുറവും പാറി നടന്നു. മുമ്പു ദേവേശൻ വീട്ടിലിരിക്കാറുള്ള സമയംതന്നെ ചുരുക്കമാണ്. ഇപ്പോൾ വീട്ടിൽനിന്നു പുറത്തുപോകാറുള്ള സമയം ചുരുക്കമായി. വല്ലപ്പോഴും പുറത്തു പോയാൽത്ത

ന്നെ, ആരോ തന്നെ ആ ഏകാന്തമായ ഗൃഹത്തിൽ കാത്തിരിക്കുന്നുണ്ടെന്നും, ആകുലചിത്തമായ ആ ഇഷ്ടജനത്തെ സമാശ്വസിപ്പിക്കുവാൻ ക്ഷണം മടങ്ങിയെത്തേണമെന്നുമുള്ള ഒരു തോന്നലോടുകൂടി ത്വരിതഗതിയായി വീട്ടിൽ മടങ്ങിയെത്തും. നിശ്ശബ്ദമായ മദ്ധ്യാഹ്നവേളകളിൽ, വരാന്തയിൽ, കസാലയിൽ കിടക്കുമ്പോഠം, അയൽവീട്ടിലെ പൂന്തോട്ടത്തിൽനിന്നു് ഒരു നേരിയ സൌരഭ്യം വഹിച്ചുകൊണ്ടു് ഉച്ചവെയിലേററു ചൂടുപിടിച്ചുള്ള മന്ദവായു, വിരഹാകുലയായ യുവതിയുടെ ഉഷ്ണനിശ്വാസങ്ങഠംപോലെ, അയാളുടെ മുഖത്തു വന്നു തട്ടും. അതു് അയാളെ കോഠംമയിർക്കൊള്ളിക്കുകയും, മധുവനേഷിച്ചു കൂടുവിട്ടുപോകുന്ന തേനീച്ചകഠംപോലെ ആശകഠം ചിറകു വിടർത്തി അന്തരീക്ഷത്തിലേയ്ക്കു പറന്നുപോകയും ചെയ്യും.

സുശീലയെന്നു പേരായ ആ മനോഹരിയായ കൃഷീവലബാലിക അയാളുടെ ഏതോ ഒരു സന്ദേശവാഹിനിയാണെന്നു്, അവഠം പൂപറിക്കാൻ പോയപ്പോഠം ദേവേശനു തോന്നി. അവഠം പൂക്കളുമായി മടങ്ങിവന്നു് ഒന്നുരണ്ടു പുഷ്പങ്ങഠം അയാഠംക്കു കൊടുത്തു് ഓടിപ്പോയി. അവയുടെ മനോഹരസൌരഭ്യം അയാളുടെ അനക്ഷരസന്ദേശങ്ങഠംക്കു മറുപടി പറഞ്ഞു. ആ പെൺകുട്ടി ആകസ്മികമായി പ്രത്യക്ഷപ്പെട്ടു് അയാഠം ആഗ്രഹിക്കുന്ന വസ്തുവുമായി ചില അജ്ഞാതബന്ധങ്ങഠം ഉണ്ടാക്കിവെച്ചു് ഓടിപ്പോയതായി ദേവേശനു തോന്നി.

ആ ഗൃഹാന്തർഭാഗത്തു താമസിക്കുന്നതാരായിരിക്കുമെന്നു ദേവേശൻ പലകുറി ചിന്തിച്ചുനോക്കി. ബന്ധുകവാ

ടങ്ങളുമായ ആ ഗൃഹത്തിലെ ഓരോ ജനാലകളിലേയ്ക്കും ഓരോ വാതുക്കലേയ്ക്കും ദേവേശൻെറ ദൃഷ്ടികൾ പലപ്പോഴും അന്വേഷിച്ചുചെന്നു. കങ്കണങ്ങളണിഞ്ഞ ഒരു മൃണാളഹസ്തവും ആ ജനാലകൾ തുറന്നിടുകയാവട്ടെ യവനികകൾ നീക്കുകയാവട്ടെ ചെയ്തില്ല.

എന്നാൽ, ഒരു ദിവസം, ആ അജ്ഞാതസ്വരൂപിണി, യഥാർത്ഥരൂപത്തിൽ, അയാൾക്കു പ്രത്യക്ഷപ്പെട്ടു. സന്ധ്യ കഴിയാറായിരുന്നു. ദേവേശൻ മുകളിൽ, വരാന്തയുടെ ഒരു മൂലയിൽ ചാരി കിടക്കയാണ്. നോക്കിക്കൊണ്ടിരിക്കെ, ആ ജനാലകളിലൊന്നു മന്ദം തുറക്കുന്നതു കണ്ടു. അഴിച്ചിട്ട കുന്തളഭാരത്തോടും, കരുണാമസൃണങ്ങളായ നയനയുഗളത്തോടുംകൂടിയ ഒരു യുവതി അവിടെ പ്രത്യക്ഷപ്പെട്ടു. സന്ധ്യാസൂര്യൻെറ അരുണകിരണങ്ങൾ അവളുടെ കുന്തളഭാരത്തിലും, കവിൾത്തടങ്ങളിലും, ഫാലപ്രദേശത്തും വീണുകൊണ്ടിരുന്നു. ജനാലപ്പടികളാൽ ചട്ടമിട്ട ഒരു മനോഹരചിത്രംപോലെ അവൾ കാണപ്പെട്ടു. തൻെറ ഭാവനകളും, ആശകളും, അഭിലാഷങ്ങളും മൂർത്തീകരിച്ചു മുമ്പിൽ നില്ക്കുകയാണെന്നു ദേവേശൻ വിചാരിച്ചു. ഒരു സുരഭിലസ്രോതസ്സായി ആ ഹേമപങ്കജത്തിൻെറ ദലസമ്പുടങ്ങളിലേയ്ക്കൊഴുകിച്ചെന്നു് അവിടെ അപ്രത്യക്ഷമായാൽ കൊള്ളാമെന്നു് അയാൾ വിചാരിച്ചു. ഇരുട്ടു ക്രമേണ വ്യാപിച്ചു. ആ ഗൃഹം കാണെക്കാണെ മാഞ്ഞുപോയിത്തുടങ്ങി. ഗാഢനിദ്രയിൽപ്പെടുമ്പോഴത്തെ ഒരു മനോഹരസ്വപ്നംപോലെ, ഒടുവിൽ, അതു തീരെ അപ്രത്യക്ഷമായി.

അന്നയാൾ കസാലയിൽനിന്നെഴുന്നേററില്ല. അയാൾ പലതും ആലോചിച്ചുകൊണ്ടിരുന്നു. അങ്ങിനെ ഓരോന്നാലോചിച്ച് ഒടുവിൽ നിദ്രയിൽപ്പെട്ടു.

ഒരു ഞെട്ടലോടുകൂടി ഉണന്നു ചുമരിന്മേലുള്ള 'ക്ലോക്ക്' നോക്കിയപ്പോൾ അദ്ധരാത്രിയോടടുത്തിരിക്കുന്നു. കുറച്ചു മുന്നിരുട്ടുണ്ടായിരുന്നതു് അപ്പോഴേയ്ക്കും കഴിഞ്ഞുപോയിരുന്നതുകൊണ്ടു ചന്ദ്രൻ ഉദിച്ചുയന്നിരുന്നു. അയാൾ കസാലയിൽനിന്നെഴുന്നേററു ചന്ദ്രികാവിലസിതമായ ആ രാത്രിയെ നോക്കിക്കൊണ്ടു് അല്പനേരം നിന്നു. ശയനമുറിയിലേയ്ക്കു പോകാൻ ഭാവിക്കുമ്പോൾ, മറുപുറത്തുള്ള ഗൃഹത്തിൻെറ കല്പടകളിൽക്കൂടി ആരോ ഇറങ്ങിവരുന്നുണ്ടെന്നു് അയാൾക്കു തോന്നി. ഒരു ഹൃദയസ്പന്ദനത്തോടെ അയാൾ സൂക്ഷിച്ചുനോക്കി. ഒരു സ്ത്രീരൂപം മുററത്തേയ്ക്കിറങ്ങുന്നതു് അയാൾ കണ്ടു. അയാളുടെ ദേഹം കമ്പിതമായി. ഒരു നിമിഷനേരം താൻ സ്വപ്നം കാണുകയാണെന്നു് അയാൾ വിചാരിച്ചു. രൂപം മുററത്തേയ്ക്കിറങ്ങി മന്ദം പടിക്കലേയ്ക്കു നടന്നു. ദേവേശന്നു് എന്തു വിചാരിക്കേണ്ടുന്നമെന്നുതന്നെ നിശ്ചയമുണ്ടായില്ല. അവൾ ഒരഭിസാരികയാണെന്നു് അയാൾ വിശ്വസിച്ചു. കുത്സിതവൃത്തികൾക്കായി കാമുകസങ്കേതത്തിലേയ്ക്കു പുറപ്പെട്ടിരിക്കയാണെന്നു് അയാൾ കരുതി. പെട്ടെന്നു് ആ മായാരൂപിണി തൻെറ സൌവണ്ണപീഠത്തിൽനിന്നു താഴെ വീഴുകയും ഭയങ്കരിയായ ഒരു രാക്ഷസിയായി രൂപാന്തരപ്പെടുകയും ചെയ്തു. താൻ ചെയ്യുന്നതെന്താണെന്നുകൂടി ആലോചിക്കാതെ അയാൾ ആ അഭിസാരികയെ അനുഗമിക്കാൻ തീച്ചപ്പെടുത്തി.

ആ സ്ത്രീരൂപം അല്പം അകലെ, ത്വരിതഗതിയായിപ്പോകുന്നതു ദേവേശൻ കണ്ടു. അയാൾ വൃക്ഷച്ഛായകളിലൂടെ അവളെ അനുയാനം ചെയ്തു. ഈ സഞ്ചാരത്തിന്റെ പരിണാമം എന്തായിരിക്കുമെന്ന് അയാൾ ഊഹിക്കാൻപോലും കഴിഞ്ഞില്ല. താൻ ഹൃദയത്തിൽ പ്രതിഷ്ഠിച്ചുവെച്ച ആ പാവനമൂർത്തി ഇങ്ങിനെ മലിനഗർത്തങ്ങളിലേയ്ക്കധഃപതിച്ചപ്പോൾ, അയാൾ നിരാശനായി അതിന്റെ അവസാനംവരെ ആരായുവാൻ തീർച്ചപ്പെടുത്തി.

ആ സ്ത്രീരൂപം വഴികളും വയലുകളും പിന്നിട്ടു ശ്മശാനാഭിമുഖമായി നടന്നു. ആ നിശ്ശബ്ദതയിൽ നിർബ്ബാധം ഒഴുകിക്കൊണ്ടിരുന്ന പുഴയുടെ കളാരവം കേൾക്കാമായിരുന്നു. ക്രമേണ ദേവേശന് ഇതുവരെയുണ്ടായിരുന്ന ചിന്താരീതി മാറിത്തുടങ്ങി. അയാൾക്കു വല്ലാതെ പേടിയായി. മടങ്ങിപ്പോയാലെന്താണെന്നുകൂടി അയാൾ വിചാരിച്ചു. പക്ഷേ, ഒരദൃശ്യപാശം തന്നെ പിടിച്ചു വലിക്കുന്നുണ്ടെന്ന് അയാൾക്കു തോന്നി.

അവൾ പുഴവക്കിൽക്കൂടെ നടന്ന് ആ ശ്മശാനത്തിലേയ്ക്കു കടന്നു. ദേവേശൻ അവളെ അനുയാനം ചെയ്തു. വൃക്ഷങ്ങളിൽ ഇരുന്നിരുന്ന ചില രാപ്പക്ഷികൾ ചിറകടിശബ്ദത്തോടുകൂടി അങ്ങുമിങ്ങും പറന്നുപോയി. പുഴയിൽനിന്നു വരുന്ന തണുത്ത കാററു് ചെടികളേയും വൃക്ഷങ്ങളേയും മന്ദമന്ദം ഇളക്കിക്കൊണ്ടിരുന്നു. ഇതുവരെ ദേവേശന്റെ ഹൃദയം ഭയാവേഗത്താൽ നിന്നുപോകാറായിരുന്നു. എന്നാൽ, ഈ ശ്മശാനമദ്ധ്യത്തിൽ അയാൾക്കു ഭയം

തോന്നിയില്ല. ഭയത്തിൻെറ മൂദ്ധന്യദശയിൽ മനുഷ്യഹൃദയം വികാരങ്ങൾക്കതീതമായ ഒരു നിർഭയാവസ്ഥയെ പ്രാപിക്കുന്നു. ദേവേശൻ അവളെ നോക്കിക്കൊണ്ട് ഒരു വൃക്ഷച്ഛായയിൽ നിന്നു.

ആ സ്ത്രീരൂപം മന്ദമന്ദം ഒരു ശിലാമണ്ഡപത്തെ പ്രാപിച്ചു. മഞ്ഞിൻതുള്ളികൾ ആ മണ്ഡപത്തിന്നു ചുറവും പുൽക്കൊടികളിൽ മിന്നിമിന്നിക്കൊണ്ടിരുന്നു. അവൾ അല്പനേരം അരികിൽച്ചെന്ന് ആ മണ്ഡപത്തെ നോക്കിക്കൊണ്ടുനിന്നു. അനന്തരം നമ്രമുഖിയായി ആ മണ്ഡപത്തെ വലംവെച്ചു. ദേവേശൻെറ ഹൃദയസ്പന്ദനം അയാൾക്കുതന്നെ കേൾക്കാമായിരുന്നു.

നോക്കിക്കൊണ്ടുനില്ക്കെ, അയാളുടെ ഹൃദയാന്തഭാഗത്തുനിന്ന് ഒരു നവീനവികാരവിശേഷം ഉദിച്ചുയരുകയും, അതയാളുടെ ദേഹമാസകലം വ്യാപിക്കുകയും ചെയ്തു. ആ ശ്മശാനവും, ആ സ്ത്രീരൂപവും, ആ ചന്ദ്രികയും, ആ പുഷ്പങ്ങളും അയാളുടെ ദൃഷ്ടിപഥത്തിൽനിന്നു മാഞ്ഞുപോകയും, അതിൻെറ സ്ഥാനത്തു രാജേന്ദ്രൻെറ മുഖമണ്ഡലം ഒരു പരിവേഷത്തോടുകൂടി ഉദിച്ചുയരുകയും, രാജേന്ദ്രനെസ്സംബന്ധിച്ചുള്ള അയാളുടെ പൂവ്വസ്മരണകൾ ചിറകുകൾ വിടത്തി പറന്നിറങ്ങുകയും ചെയ്യുന്നതായിക്കണ്ടു. അയാൾ വൃക്ഷച്ഛായയിൽനിന്നു പുറത്തുവന്നു:

"സുലേഖേ!"

ഒരു ഞെട്ടലോടുകൂടി അവൾ ആ ശിലാമണ്ഡപത്തെ കെട്ടിപ്പിടിച്ചു. ഒരു മനുഷ്യശബ്ദം ഒരാളെ ഏററവു

മധികം ഭയപ്പെടുത്തുന്നതു്, അതു് അവിചാരിതമായി, അദ്ധ്രാത്രി, ഒരു ശ്മശാനസ്ഥലത്തുനിന്നു കേൾക്കുമ്പോഴാണ്. ദേവേശൻ അവളുടെ അടുക്കലേയ്ക്കു ചെന്നു.

അവൾ ഭയചകിതമായ ദൃഷ്ടികളോടുകൂടി അല്പനേരം നോക്കിക്കൊണ്ടു നിന്നതിന്നുശേഷം,

"നിങ്ങൾ ആരാണ്?"

"ഞാൻ ദേവേശനാണ്."

അവൾ മന്ദം എഴുന്നേററു നിന്നു. അവർ രണ്ടുപേരുംകൂടി പിന്നീട് ആ ശിലാമണ്ഡപത്തെ വലംവെച്ചു. അതിന്നുശേഷം അതിന്നു മുമ്പിൽ മുട്ടുകുത്തി. അവൾ കൊണ്ടുവന്ന പുഷ്പങ്ങൾ രണ്ടുപേരും ആ മണ്ഡപത്തിന്മേൽ അപ്പിച്ചു. അതിന്നുമേൽ തല ചായ്ചുവെച്ചു രണ്ടുപേരും കറെ നേരം പ്രാത്ഥനയിൽ മുഴുകി. അവരുടെ കണ്ണുനീർ ആ മണ്ഡപത്തിന്മേൽ വീണ് ഒന്നായിച്ചേന്നു കീഴ്പോട്ടൊഴുകി. ആ മണ്ഡപത്തിന്നു ചുററും വാടിക്കിടന്നിരുന്ന പുഷ്പങ്ങളുടെ പഴകിയ മണം വായുവിൽ വ്യാപിച്ചു.

അവരുടെ പ്രാത്ഥനകൾ രാജേന്ദ്രൻ കേട്ടിരിക്കുമോ?

ദേവേശൻ പിറേറന്നുതന്നെ ഹരിപുരം വിട്ടുപോയി.

—ം○○—

# പ്രഭാതത്തിലെ മഞ്ഞ്

കോളേജു പൂട്ടിയാൽ ഞങ്ങളെല്ലാവരും കുറച്ചു ദിവസം നാട്ടുപുറത്തുപോയി താമസിക്കണമെന്നു തീൎച്ചപ്പെടുത്തിയിരുന്നു. മദ്ധ്യവേനൽക്കല്പനക്കാലത്തു രണ്ടുമൂന്നു മാസം നാട്ടുപുറത്തുള്ള താമസംകൊണ്ട്, നിത്യജീവിതത്തിലെ അച്യുതിചലിതസമ്പ്രദായങ്ങൾകൊണ്ടു നവീനത്വം കുറഞ്ഞുപോയ പട്ടണവാസത്തിന്ന് ഒരു നല്ല പരിഹാരമായിരിക്കുമെന്ന് എല്ലാവരും ആശിച്ചു. അതനുസരിച്ച്, ഞാൻ കോളേജുപൂട്ടിവരുന്നതിന്നു കുറച്ചു ദിവസം മുമ്പുതന്നെ, നാട്ടുപുറത്തുള്ള ഞങ്ങളുടെ വീടു തയ്യാറാക്കിവെയ്ക്കുവാൻ അച്ഛൻ കല്പനകൊടുത്തിരുന്നു. മൂന്നു മാസത്തെ താമസത്തിന്നു വേണ്ട ഗൃഹോപകരണങ്ങൾ വണ്ടികളിൽ അങ്ങോട്ടയച്ചു കൊടുത്തു. ഞാൻ വന്നാൽ 'പുറപ്പെടേണ്ട താമസം മാത്രമേ ഉള്ളൂ'വെന്ന് എനിയ്ക്കെഴുതിയിരുന്നു. എന്റെ ആഗമനം പ്രതീക്ഷിച്ച് അവർ അക്ഷമരായി കാത്തിരുന്നു.

ഞാൻ കോളേജു പൂട്ടിയതിന്റെ പിറേറന്നുതന്നെ വീട്ടിലേയ്ക്കു പുറപ്പെട്ടു. പുസ്തകങ്ങൾ നിറച്ച ഒരു 'ട്രങ്കും' ഒരു തോൽപ്പെട്ടിയും മാത്രമേ എനിക്കു പ്രത്യേകമായി കൊണ്ടുപോകേണ്ടതായിട്ടുണ്ടായിരുന്നുള്ളു. വീട്ടിൽ വന്നതിന്റെ പിറേറന്നുതന്നെ ഞങ്ങൾ പുറപ്പെട്ടു.

പോകുന്നതിന്നു മുമ്പു വീട്ടിലെ ഓരോ മുറികളും അടച്ചു പൂട്ടി. പൂട്ടിയതു ശരിയായിട്ടുണ്ടോ എന്നു വലിച്ചുനോക്കിക്കൊണ്ട് അമ്മ ഓരോ പൂട്ടും വീണ്ടും പരിശോ

ധിച്ചു. എല്ലാം ശരിയായിട്ടുണ്ടെന്നും, ഈ മൂന്നു മാസത്തിന്നകത്ത് അവിടെ ഒരു കവച്ച്യയും നടക്കുവാൻ പോകുന്നില്ലെന്നും അമ്മയെ ഓമ്മപ്പെടുത്തിക്കൊണ്ട് എൻെറ സഹോദരിമാർ അവരെ പുറപ്പെടുവിക്കുവാൻ ധൃതികൂട്ടിക്കൊണ്ടു പിന്നാലെ നടന്നു. 'ചന്ദ്രൻ' എന്നു വിളിച്ചിരുന്ന എൻെറ ഇളയ സഹോദരൻ അവൻെറ പുതിയ നാവിക ഉടുപ്പുകളിട്ടു (Sailor's dress) ക്ഷമയില്ലാതെ പടിക്കൽപ്പോയി, ബാക്കിയുള്ളവരുടെ അലസതയെക്കുറിച്ച് ആവലാതിപ്പെട്ടുകൊണ്ടു നിന്നു. അമ്മ ഒരു വലിയ താക്കോൽക്കൂട്ടവുമായി കഷ്ടിച്ചു മുററത്തേയ്ക്കിറങ്ങിയപ്പോഴേയ്ക്കും വെയിൽ നല്ലവണ്ണം ചൂടുപിടിച്ചിരുന്നു.

"എന്തൊരു പുറപ്പാടാണിത്? ഇന്നലത്തെ നിങ്ങളുടെ ഒരുക്കങ്ങൾ കണ്ടപ്പോൾ സൂര്യനുദിക്കുമ്പോഴേയ്ക്ക് അവിടെ എത്തിക്കളയുമെന്നാണ് ഞാൻ വിചാരിച്ചത്." ഞാൻ പറഞ്ഞു.

"നിനക്കു നിൻെറ പെട്ടിയും തൂക്കി നടന്നാൽ മതി. ഒരു വീട്ടിൽ എല്ലാം ബന്തോസ്തചെയ്ത് ഒരു ദിക്കിലേയ്ക്കു പോകണമെങ്കിൽ, എവിടെയെല്ലാം കണ്ണെത്തണം?"

അപ്പോഴേയ്ക്കും അച്ഛൻ ചന്ദ്രനേയും കൂട്ടി വണ്ടിയിൽപ്പോയി കയറി. വിമലയും സുശീലയും പരിഷ്കൃത രീതിയിലുള്ള ഉടുപ്പുകളിട്ടു പുറത്തേയ്ക്കു വന്നു. ഞങ്ങൾ പോകുന്ന സ്ഥലമേതാണെന്നോർത്ത് എനിക്കു ചിരി വന്നു.

"നിങ്ങളുടെ സമ്പ്രദായങ്ങൾ കണ്ട് ആ നാട്ടുപു

ത്തെ സാധുക്കളായ ജനങ്ങൾ വല്ലാതെ പരിഭ്രമിച്ചു പോയേയ്ക്കും.”

സുശീല പറഞ്ഞു: “നാം പോകുന്ന ഓരോ ദിക്കിന്റേയും അനുസരിച്ചു നമുക്കു നമ്മുടെ സമ്പ്രദായങ്ങൾ മാററാൻ കഴിയുമോ? നമ്മുടെ ഈ സമ്പ്രദായവ്യത്യാസം കൊണ്ടു് അവർക്കെന്താണൊരു ദ്രോഹം വരാൻ പോകുന്നതു്?”

“അവൎക്കു പ്രത്യേകം ദ്രോഹങ്ങൾ ഒന്നുമില്ലെങ്കിലു, അവർ അല്പം പേടിച്ചുപോയേയ്ക്കും. അത്രമാത്രം.”

വിമല:—“നാമവിടെ സുഖവാസത്തിന്നു പോവുകയല്ലേ? നമുക്കതേ ഇതിൽ നോക്കേണ്ടതുള്ളൂ. നമ്മുടെ സമ്പ്രദായങ്ങൾ അവരുടേതിൽനിന്നു വ്യത്യസ്തമാണെങ്കിൽ അതിന്നു നാം ഉത്തരവാദികളല്ല. ജ്യേഷ്ഠന്നു് അവിടെപ്പോയാൽ ഒരു കൃഷീവലന്റെ മാതിരി ജീവിക്കാൻ സാധിക്കുമോ?”

ഞാൻ:—“സാധിക്കുമോ എന്നു ഞാൻ ഇതിന്നു മുമ്പു പരീക്ഷിച്ചിട്ടില്ല. പക്ഷേ നിങ്ങളുടെ സുഖവാസം അവിടെയുള്ള നിവാസികളുടേതുമായി പലതരത്തിലും സംഘടിക്കേണ്ടതുണ്ടു്. രണ്ടു വിപരീതമായ രീതികളാണെങ്കിൽ നിങ്ങൾ എങ്ങിനെ യോജിയ്ക്കും? പിന്നെ, കേവലം അവരിൽനിന്നകന്നു നിൽക്കുകയാണെങ്കിൽ, നിങ്ങളുടെ നാട്ടുവാസത്തിൽ യാതൊരു സുഖവും ഉണ്ടാകയില്ല.”

പട്ടണത്തിലെ എല്ലാ പരിഷ്കൃതസമ്പ്രദായങ്ങളും സ്വീകരിച്ചു ജീവിച്ചുവന്ന ഞങ്ങൾക്കു്, കേവലം അപരി

ഷ്ഠതമായ അവരുടെ സഹവാസംതന്നെ- ഏററവും രസപ്രദമായിരിക്കുമെന്നു ഞാൻ വിചാരിച്ചു. വിമലയേയും സുശീലയേയും സംബന്ധിച്ചേടത്തോളം അവിടെയുള്ള കൃഷീവലകന്യകമാരുമായി ക്ഷണം പരിചിതരാകുവാനും സ്നേഹബദ്ധരാകുവാനും സഹജങ്ങളും അസാധാരണങ്ങളുമായ പല വിശേഷമാർഗ്ഗങ്ങളുമുണ്ട്. എൻെറ കഥയായിരിക്കും ശോചനീയമായിത്തീരുക എന്ന് എനിക്കു തോന്നി.

വൈകുന്നേരമായപ്പോഴേയ്ക്കും ഞങ്ങൾ അവിടെ എത്തി. പട്ടണത്തിലെ പരിസരങ്ങളിൽനിന്നകന്നകന്നു ഞങ്ങളുടെ വണ്ടി നാട്ടുപുറത്തേയ്ക്കോടിക്കൊണ്ടിരിക്കുന്നു. വൈകുന്നേരമായപ്പോഴേയ്ക്കും ഞങ്ങൾ നാട്ടുപുറത്തേയ്ക്കു കടന്നു. ഒരന്തരീക്ഷത്തിൽനിന്നു വേറൊന്നിലേയ്ക്കുള്ള ആ 'പകർച്ച' രസാവഹമായിരുന്നു. അങ്ങാടികളുടെ ഇരമ്പലുകളും, വാഹനങ്ങളുടെ ബഹളങ്ങളും വിദൂരതയിൽ ലയിച്ചുപോയി. നിരത്തുകൾ ക്രമേണ ക്രമേണ വീതി ചുരുങ്ങിത്തുടങ്ങി. ഇരുപുറവും വിശാലമായ വയലുകളും, അവയുടെ ഓരങ്ങളിൽ തെങ്ങുകളും കവുങ്ങുകളും നിറഞ്ഞ തോട്ടങ്ങളും ഞങ്ങൾക്ക് അമിതമായ രസം നൽകി. വൃക്ഷച്ഛായകളിൽ നിർബ്ബാധങ്ങളായ ഗൃഹങ്ങൾ അങ്ങിങ്ങായി കാണാമായിരുന്നു. ഞങ്ങൾ വിട്ടുപോന്ന ആ ശബ്ദായമാനമായ ലോകം ഏതോ വിസ്മൃതിയിൽപ്പെട്ടു വിലീനമായിപ്പോയതുപോലെ തോന്നി.

ഞങ്ങളുടെ ഈ ഗൃഹം പട്ടണത്തിലേതുപോലെ അത്ര വലുതായിരുന്നില്ല. മുൻവശത്തുള്ള ഒരു മുററവും അ

തോട്ടത്തൊട്ട ഒരു ചെറിയ പൂന്തോട്ടവും ഭംഗിയുള്ളതായിരുന്നു. ആ തളിർത്തുനിന്നിരുന്ന പൂന്തോപ്പ്, വൃദ്ധനായ വീട്ടുകാവൽക്കാരൻെറ പരിശ്രമഫലമാണ്. ഗൃഹത്തിന്നു പിന്നിലുള്ള മാവിൻതോട്ടം തികച്ചും അതിന്ന് ഒരു ഗ്രാമ്യച്ഛായ നൽകിയിരുന്നു.

ഞങ്ങൾ അവിടെ എത്തിയതോടുകൂടി അമ്മ വീട്ടുസാമാനങ്ങളെല്ലാം അതാതിടത്തു ക്രമപ്പെടുത്തിവെയ്ക്കുവാൻ തുടങ്ങി. വിമലയും സുശീലയും അവരവൎക്കു വേണ്ട മുറികൾ തിരഞ്ഞെടുക്കുവാനായി മുകളിലേയ്ക്കോടി. ചന്ദ്രൻ ഒരു നിമിഷംകൊണ്ടു് ആ വീട്ടിലെല്ലാം ഓടിയെത്തി. ആ വീട്ടിലെ ഒരു പ്രത്യേകമുറി സ്വാധീനമാക്കുവാനുള്ള സ്വാൎത്ഥതല്പരത അവൻെറ ഹൃദയത്തിലുദിക്കാതിരുന്നതുകൊണ്ടു്, ആ വീടു മുഴുവൻ ഒരു ഗൃഹനായകനെപ്പോലെ അവൻ പരിശോധിച്ചു. ബഹളമെല്ലാം കഴിഞ്ഞു്, എല്ലാവരും ഉടുപ്പുകൾ മാറി, ചുവട്ടിൽ വന്നപ്പോൾ ഞാൻ ചോദിച്ചു.

"എനിയ്ക്കിരിക്കുവാനോ കിടക്കുവാനോ ഒരു സ്ഥലം വേണ്ടെന്നുണ്ടോ?"

അമ്മ—"നിനക്കാ ചുവട്ടിലെ മുറി വൃത്തിയാക്കി ഇട്ടിട്ടുണ്ടല്ലോ. നിൻെറ സക്കീട്ടുകട്ടിൽ അതിൽ അങ്ങോട്ടു നിവൎത്തിയാൽ ഒക്കെ സൌകൎയ്യമായി."

ഞാൻ—"ആ കട്ടിൽ അങ്ങോട്ടു നിവൎത്തിയിട്ടു് അതിന്മേൽ കയറിയിരുന്നാൽ മതിയോ? ഒന്നു് അങ്ങോട്ടും ഇങ്ങോട്ടും തിരിയാൻ അതിൽ സ്ഥലമില്ലല്ലോ."

വിമല—"ജ്യേഷ്ഠൻെറ സ്ഥലക്കുറവിനെപ്പററിയുള്ള

ആക്ഷേപം എന്തിനെ ഉദ്ദേശിച്ചാണെന്ന് എനിക്കറിയാം. ആ 'ട്രങ്ക്' അങ്ങോട്ടു തുറന്നാൽ ആ മുറി നിറയുവാനുള്ള പുസ്തകങ്ങൾ പുറത്തു വരുന്നതു കാണാം."

ഞാൻ—"നിങ്ങളുടെ പെട്ടികളും പെട്ടകങ്ങളും എടുക്കുന്നതിൻെറ പകുതി സ്ഥലം എൻെറ പുസ്തകങ്ങൾക്കാവശ്യമില്ല. ഈ മൂന്നുമാസം എങ്ങിനെയാണിവിടെ കഴിച്ചുകൂട്ടേണ്ടത് എന്നാണ് ഞാൻ ആലോചിക്കുന്നത്."

വിമല—"ജ്യേഷ്ഠൻ കോളേജിലെ 'ഹോസ്റ്റൽ' മുറിയിൽ എങ്ങിനെയാണ് കഴിച്ചുകൂട്ടുന്നത്? പുസ്തകങ്ങൾ വെയ്ക്കുവാൻ മുകളിൽ ഒരു അലമാറിയുണ്ട്; അതെടുത്തോളു."

അമ്മ—"നിണക്കെന്തെങ്കിലും കുററം പറഞ്ഞുകൊണ്ടിരിക്കണം. അച്ഛനെങ്ങിനെയാണ് ഇവിടെ കഴിച്ചുകൂട്ടുന്നത്."

ഞാനൊന്നും പറഞ്ഞില്ല. മിക്ക സമയങ്ങളിലും ഇങ്ങിനെ എൻെറ ചില ആവശ്യങ്ങളെ ക്രമീകരിക്കുവാൻ അച്ഛനെ ഉദാഹരണമായി ഉദ്ധരിക്കാറുണ്ട്. പക്ഷേ, അച്ഛൻേറയും എൻെറയും സുഖസൌകര്യങ്ങൾ രണ്ടുതരത്തിലായേയ്ക്കാമെന്ന് അമ്മയ്ക്കാലോചിക്കക്കൂടി വയ്യ.

പിറേറന്ന് അച്ഛൻെറ ചില കുടിയാന്മാർ കാഴ്ചക്കുലകൾ, പഴങ്ങൾ മുതലായ പല ഉപഹാരങ്ങളുമായി അദ്ദേഹത്തെ വന്നു കണ്ടുകൊണ്ടിരുന്നു. അവരുടെ ആദരവും വണക്കവും പെൺകുട്ടികളെ നന്നെ രസിപ്പിച്ചു. അന്നു വൈകുന്നേരം ഞാൻ അച്ഛനൊന്നിച്ചു ഞങ്ങൾ

ക്കവിടെയുണ്ടായിരുന്ന ചില കൃഷിസ്ഥലങ്ങളും തോട്ടങ്ങളും പരിശോധിക്കുവാൻ പോയി.

പിറേറന്നു രാവിലെ അച്ഛൻ വയലുകൾ പരിശോധിക്കുവാനായി പുറത്തേയ്ക്കിറങ്ങി. ഞങ്ങൾ ചായ കഴിച്ചുകൊണ്ടിരിക്കുമ്പോൾ അമ്മ പറഞ്ഞു:

"ഞാൻ രുഗ്മിണിക്കു ഭാമയേയും കൂട്ടിക്കൊണ്ടു് ഇങ്ങോട്ടു വരുവാൻ ഇന്നലെ ഒരാളെ അയച്ചിട്ടുണ്ടു്."

ഞാൻ—"എന്താണു് ഇത്ര അടിയന്തരകാര്യം?"

അമ്മ—"കാര്യങ്ങൾ ഒന്നുമുണ്ടായിട്ടല്ല. അവരും രണ്ടുമാസം ഇവിടെ താമസിക്കട്ടെ. കുട്ടികൾക്കു് ഒരാളായല്ലോ."

ഞാൻ—"ഏതാണു് ഭാമ?"

അമ്മ—"നീ അറികയില്ലേ? ഓ, നീ കുട്ടിയിൽ കണ്ടതാണു്. ഇപ്പോൾ ഓർമ്മയുണ്ടായിരിക്കയില്ല; ഭാമ അവളുടെ മകളാണു്."

ഞാൻ—"ആരായാലും നിങ്ങൾ ഒരു കാര്യം മനസ്സിരുത്തിയാൽ കൊള്ളാം. ഇങ്ങിനെ കണ്ണിൽക്കണ്ടവരെയൊക്കെ ക്ഷണിച്ചുവരുത്തുകയാണെങ്കിൽ വേറെ ഒരു വീടു് ഏർപ്പാടുചെയ്തുകൊള്ളൂ. എനിക്കിവിടെ പ്രയാസമാണു്. ഞാൻ, പക്ഷേ, പട്ടണത്തിലേയ്ക്കുതന്നെ മടങ്ങിപ്പോയ്ക്കൊള്ളാം."

അമ്മ—"എന്താ നീ പറയുന്നതു്? അവർ 'കണ്ണിൽക്കണ്ടവ'രാണോ? നിൻെറ അച്ഛൻെറ സഹോദരിയെ നിനക്കെന്നെപ്പോലെത്തന്നെ കരുതേണ്ടതുള്ളൂ.

പിന്നെ, അവരുടെ ഉത്തരവാദിത്വമൊന്നും നിണ്ണക്കില്ല."

സുശീല—"അവരെക്കൊണ്ടു ജ്യേഷ്ഠന്നു് ഒരു സൌകൎയ്യക്കേടും വരികയില്ല. ജ്യേഷ്ഠൻ അവരെ അങ്ങോട്ടു് ഒന്നും അസൌകൎയ്യപ്പെടുത്താതിരുന്നാൽ മതി."

രുഗ്മിണി അച്ഛൻെറ ഒരിളയ സഹോദരിയാണു്. അവർ വളരെക്കാലമായി ഭർത്തൃസമേതയായി നാട്ടുപുറത്തുതന്നെ താമസമായിരുന്നു. അവരുടെ ഭർത്താവു മരിച്ചുപോയതിന്നുശേഷവും അവർ ആ പ്രദേശം വിട്ടു് എവിടെയും പോക പതിവില്ലായിരുന്നു. പട്ടണത്തിലേയ്ക്കു് അവർ മുമ്പുതന്നെ വളരെ ദുൎല്ലഭമായേ വന്നിരുന്നുള്ളൂ. ഞാൻ വിദ്യാഭ്യാസാൎത്ഥം അധികകാലവും അവിടെ ഇല്ലാതിരുന്നതുകൊണ്ടു് അവരുടെ മുഖച്ഛായതന്നെ കേവലം മറന്നപോലെയായിരുന്നു.

വൈകുന്നേരമായപ്പോഴേയ്ക്കും അവർ വന്നുചേൎന്നു. അപ്പോൾ ഞാൻ ഗൃഹത്തിലുണ്ടായിരുന്നില്ല. സന്ധ്യയോടുകൂടി ഞാൻ മടങ്ങിവന്നപ്പോൾ അകത്തുനിന്നു് അനസ്യൂതമായി കേട്ടുകൊണ്ടിരുന്ന സംഭാഷണങ്ങളാലാണു് ഞാനതു മനസ്സിലാക്കിയതു്. ഞാൻ കോലായിലേയ്ക്കു കയറിയപ്പോൾ അമ്മ എന്നെ അകത്തേയ്ക്കു വിളിച്ചു.

"നീ ഇപ്പോൾ ഇവരെ കണ്ടാലറിയുമോ എന്നു സംശയമാണു്. നിങ്ങളും ഇവനെ കുട്ടിയിൽ കണ്ടതായിരിക്കും. ഇവൻ ഇപ്പോൾ പഠിക്കുകയാണു്. കല്പന

കാലമായതുകൊണ്ടു് ഇവനും ഇങ്ങോട്ടു പോരുവാൻ സാധിച്ചു."

ഞാൻ അവരെ അഭിവാദ്യംചെയ്തു ചില കുശലപ്രശ്നങ്ങൾ കഴിച്ചു പുറത്തേയ്ക്കു വന്നു. തളത്തിൻെറ അങ്ങേ മൂലയിൽ ഒരു പെൺകുട്ടി വിമലയും സുശീലയുമായി സംസാരിച്ചുകൊണ്ടു നിന്നിരുന്നു.

ആകപ്പാടെ എനിക്കൊരു മുഷിച്ചിലാണു് തോന്നിയതു്. രണ്ടുമൂന്നുമാസത്തെ വ്യത്യസ്തപ്പെട്ടതും രസാവഹവുമായ ആ ഗ്രാമ്യജീവിതത്തിൽ, കേവലം അപരിചിതരായ അവരുടെ സാന്നിദ്ധ്യം എനിക്കുള്ള ഇഷ്ടാസ്വാതന്ത്ര്യത്തെ കെടുത്തുകളഞ്ഞേയ്ക്കുമെന്നു തോന്നി. സ്വതന്ത്രനായി അടുക്കളയിലൊക്കെ ഭക്ഷണമന്വേഷിച്ചു ചെല്ലാനും, വിശ്രമസമയത്തു് അമ്മയുടെ കിടപ്പുമുറിയിൽ ചെന്നു് അതുമിതും പറഞ്ഞു് അമ്മയെ ശുണ്ഠിയെടുപ്പിക്കാനും, വ്യർത്ഥങ്ങളും അസംബന്ധങ്ങളുമായ വിമലയുടേയും സുശീലയുടേയും സംഭാഷണങ്ങളിൽ കുററങ്ങൾ കണ്ടുപിടിക്കാനും, മററു പല സൌഹാർദ്ദപരങ്ങളും നിർദ്ദോഷങ്ങളുമായ നേരമ്പോക്കുകളിൽ പങ്കെടുക്കുവാനും എന്നെസ്സംബന്ധിച്ചേടത്തോളം അപരിചിതരായ അവരുടെ സാന്നിദ്ധ്യം ഹാനികരമായേയ്ക്കുമെന്നോർത്തു ഞാൻ നിരുന്മേഷനായി.

അമ്മയുടെ അടുക്കലേയ്ക്കു് ഇപ്പോൾ അധികം ചെല്ലാതായതുകൊണ്ടു്, ഒരു ദിവസം, അമ്മ അവരോടു്, ഞാൻ കേൾക്കെ, പറയുന്നതു കേട്ടു:

"അവൻ ഇപ്പോൾ മിക്കസമയവും പാടത്തും പറ

ത്തിലുമാണ്. ഈ വീട്ട സൌകര്യം കുറഞ്ഞതാണത്രെ. നിങ്ങളുംകൂടെ ഇവിടെ താമസമാക്കിയാൽ അവൻെറ സൌകര്യങ്ങൾ തീരെ ഇല്ലാതായിപ്പോയേക്കുമെന്നാണ ത്രെ പേടി."

ഞാൻ അകത്തേക്കു കടന്നുചെന്നു. "അമ്മയ്ക്കെൻെറ പേരിൽ അപരാധങ്ങൾ ചുമത്തുവാൻ വലിയ താല്പര്യ മാണ്. നിങ്ങൾ അതൊന്നും വിശ്വസിക്കരുതേ, ചെറി യമ്മേ! നിങ്ങളുടെ കൂടുതൽ സൌകര്യത്തിന്നുവേണ്ടി ഞാൻ ഇവിടെനിന്നു പോകുവാൻകൂടി തയ്യാറാണെന്നാ ണ് ഞാൻ പറഞ്ഞത്."

അമ്മ:—"ആവൂ! എന്തൊരു ത്യാഗശീലനാണെ ന്നോ! നിൻെറ ഈവക ത്യാഗങ്ങൾകൊണ്ടാണ് എനി ക്കുള്ള സൈ്വരക്കേട മുഴുവൻ."

ഓരോരുത്തരും ചായയ്ക്കു വന്നിരുന്നു. അമ്മ എല്ലാ വക്കും ചായ പകൻറുകൊടുത്തു. അല്പം സങ്കോചത്തോ ടെ നിന്നിരുന്ന ഭാമയോട് അമ്മ പറഞ്ഞു:

"ഇവനെ നിനക്കു നിൻെറ ജ്യേഷ്ഠനെപ്പോലെ ക രുതേണ്ടതുള്ളു. ഇവൻെറ മുമ്പിൽ നീ ഇങ്ങിനെ ലജ്ജി ച്ചു നിൽക്കേണമെന്നില്ല."

എനിക്കെന്തോ, മുമ്പേത്തെപ്പോലെ ഹൃദയം തുറ ന്നു സംസാരിപ്പാൻ സാധിച്ചില്ല. എൻെറ സ്ഥിതി കൂ ടുതൽ അപകടത്തിലാക്കമാറ്, ചായ കഴിഞ്ഞെഴുന്നേൽ ക്കുമ്പോൾ വിമല പറഞ്ഞു:

"ഈ നാട്ടിലെ 'സാധുക്കളായ നിവാസിക'ളുമായി ഇടപഴകുവാനുള്ള കൂടുതൽ കെല്പു ജ്യേഷ്ഠനോ, ഞങ്ങൾ ക്കോ?"

"നിങ്ങൾക്കുതന്നെ, സംശയമില്ല."

കേവലം അപരിഷ്കൃതയായ ഒരു ബാലികയുടെ മു മ്പിൽ ഇങ്ങിനെ സങ്കോചം കൊള്ളുന്നതു തീരെ ഉചി തമല്ലെന്നു് എനിക്കു തോന്നി. ഈവക സന്ദർഭങ്ങളിൽ, എന്നേക്കാൾ കൂടുതൽ ഹൃദയാസ്വാസ്ഥ്യം തോന്നുവാൻ അവകാശം ആ പെൺകുട്ടിക്കാണെന്നും, ഞാനിങ്ങിനെ സങ്കോചംകൊണ്ടാൽ എൻെറ കഥ അവളേക്കാൾ പ രുങ്ങലാണെന്നു് അവൾക്കുതന്നെ തോന്നുവാൻ ഇടയു ണ്ടെന്നും ഞാൻ വിചാരിച്ചു.

ഭാമ സ്വതവേ, ഒരു സാധുപ്പെൺകുട്ടിയാണ്. വി മലയെപ്പോലെയോ, സുശീലയെപ്പോലെയോ ഒരു പ്ര സരിപ്പോ ചുറുചുറുക്കോ അവൾക്കുണ്ടായിരുന്നില്ല. അ വളുടെ നടത്തവും, അംഗങ്ങളുടെ ഓരോ ചലനങ്ങളും വളരെ കൌതുകമുള്ളതും സ്വാരസ്യമേറിയതുമായിരുന്നു- നിദ്ദോഷങ്ങളും, ഏതോ വിദൂരതയിലേയ്ക്കുഴറിച്ചെല്ലുന്നതു പോലെയുള്ള കടാക്ഷങ്ങളും, ആരോഗ്യപൂർണ്ണങ്ങളായ കവിൾത്തടങ്ങളും ഭാമയ്ക്കു് ഒരു പ്രത്യേകമനോഹാരിത നൽകി.

അങ്ങിനെ ദിവസങ്ങൾ കുറെ കഴിഞ്ഞു.

വിമലയുടേയും, സുശീലയുടേയും പട്ടണത്തിൽ ഞ ങ്ങളുമായി സ്നേഹനിലയിൽ വത്തിച്ചുവന്നിരുന്ന മററു പ ല പരിഷ്കൃതകുടുംബങ്ങളിലെ ബാലികമാരുടേയും സഹ ജമായ പ്രകൃതികളിൽമാത്രം പരിചിതനായ എനിക്കു്, ഭാമയുടെ സ്വഭാവത്തിൻെറ ഈ പ്രകൃതിവ്യത്യാസം, വാ സ്തവത്തിൽ, ഹൃദയത്തിന്നു് ഒരു പുതുമ നൽകി. പല

പ്പോഴും എനിക്കവളുടെ പേരിൽ ദയതോന്നി. അവരെ അപേക്ഷിച്ച ഭാമ അബലയും അസമർത്ഥയുമാണെന്നു ഞാൻ വിചാരിച്ചു! പ്രകൃതിയിലും പെരുമാററത്തിലും അവൾക്കു കൂടുതൽ യോജിക്കുന്നതും, കൂടുതൽ സ്നേഹിക്കുവാൻ സാധിക്കുന്നതുമായ വേറൊരു അപരിഷ്കൃതബാലിക അവിടെ ഇല്ലാതെപോയതിലുള്ള അവളുടെ വിഷമതയിൽ ഞാൻ ഹാർദമായി അനുതപിച്ചു.

എൻെറ സഹോദരിമാർ അവരുടെ ഈ നിന്ദാവഹങ്ങളായ അനുകരണഭ്രമങ്ങൾ എല്ലാം ഉപേക്ഷിച്ച്, ഭാമയെപ്പോലെ, രണ്ടു ഗ്രാമീണബാലികമാരായി ഇരിക്കേണ്ടതാണെന്ന് എനിക്കു തോന്നി. ഒരേ അന്തരീക്ഷത്തിൽ ജീവിച്ചു പരിചയിച്ച എന്നിൽ, അതിൽനിന്നും ഈ അനാഡംബരവും മനോഹരവുമായ പരിസരത്തിലേയ്ക്കുള്ള വ്യതിചലനം ഒരു താരതമ്യവിവേചനബുദ്ധിയെ ഉളവാക്കിവിട്ടു. എൻെറ അപ്പോഴത്തെ മനഃസ്ഥിതിക്ക്, ആ രണ്ടു വിപരീതസ്ഥിതികളുടെ നിരൂപണത്തിന്ന്, അവ രണ്ടിനേയും പ്രതിനിധീകരിക്കുന്ന ഭാമയും സഹോദരിമാരും മാത്രമേ ഉണ്ടായിരുന്നുള്ളു. ഞാനെത്രതന്നെ ശ്രമിച്ചിട്ടും എൻെറ മനസ്സാക്ഷിയുടെ ബലവത്തായ അഭിപ്രായത്തെ അമർത്തുവാൻ സാധിച്ചില്ല. ഭാമയുടെ നൈസർഗ്ഗികമായ സൌന്ദര്യവും, വിനയാന്വിതമായ സംഭാഷണങ്ങളും, ഗൌരവംനിറഞ്ഞ ഭാവഹാവാദികളും അവൾക്കെത്രയും യോജിച്ചവയാണെന്നും, അകൃത്രിമസുന്ദരങ്ങളാണെന്നും എനിക്കു തോന്നി. വിമലയും സുശീലയും ഈ സംഗതികളെല്ലാം അറിയേണ്ട സമയം

അതിക്രമിച്ചിരിക്കുന്നുവെന്ന് അവരെ മനസ്സിലാക്കുവാൻ ഞാൻ ആഗ്രഹിച്ചു. അവരുടെ സൌന്ദൎയ്യവും ഈ കൃത്രിമാഡംബരങ്ങളെല്ലാം ഉപേക്ഷിച്ചുകഴിഞ്ഞാൽ ഭാമയുടേതുപോലെ മനോഹരമാകാതിരിക്കയില്ല! അതിന്നും പുറമേ, ആ സാധുപ്പെൺകുട്ടിയെ അവളുടെ നിർബ്ബാധമായ ഗൃഹാന്തൎഭാഗത്തുനിന്നു ക്ഷണിച്ചുവരുത്തി, 'വലിയ പരിഷ്കാരികളായി', അവരോട് ഇങ്ങിനെ കീഴ്നിലയിൽ പെരുമാറുന്നതോൎത്ത് എനിക്കു വിമലയോടും സുശീലയോടും കലശലായ ദ്വേഷ്യം തോന്നി. അമ്മയും പലപ്പോഴും ഈ കാൎയ്യത്തിൽ അശ്രദ്ധ കാണിക്കാറുണ്ട്. എല്ലാവരും ഈ നിലയിലാണെങ്കിൽ അത് അവൾക്കൊരു അപമാനമാണെന്നുകൂടി ഞാൻ വിചാരിച്ചു. അതുകൊണ്ടു ഞാനവളോടു കൂടുതൽ വാത്സല്യത്തോടും സ്നേഹത്തോടുംകൂടി പെരുമാറുവാൻ തീൎച്ചപ്പെടുത്തി. ഞാൻ ചെയ്യുന്നത് എത്രയും ആശാസ്യമായ ഒരു പ്രവൃത്തിയാണെന്നും, അതിൽ എന്നെ ആരും ശങ്കിക്കേണ്ടതോ കുറപ്പെടുത്തേണ്ടതോ ഇല്ലെന്നും എനിക്കു തോന്നി.

ഒരു ദിവസം വൈകുന്നേരം പെൺകുട്ടികൾ തോട്ടത്തിൽ നിൽക്കുകയായിരുന്നു. ഞാൻ മുറിയിൽനിന്നെഴുന്നേറ്റ് അവരുടെ അടുക്കലേയ്ക്കു ചെന്നു. അക്ഷമയായി വിമല പറഞ്ഞു:

"ജ്യേഷ്ഠാ! നാളെ ആ പുഴവക്കത്തുകൂടെ, സായന്തനസഞ്ചാരത്തിന്ന്, ജ്യേഷ്ഠൻ ഞങ്ങളെ കൊണ്ടുപോകണം."

ഞാൻ:—"നിങ്ങൾക്കു തനിയെ പോകാമല്ലോ. എനിക്ക് അച്ഛൻെറകൂടെ നാളെ ഒരിടത്തോളം പോകേണ്ടതുണ്ട്."

അല്പം കഴിഞ്ഞു ഞാൻ ചോദിച്ചു: "എങ്ങിനെ, വിമലേ! ഈ നാട്ടുപുറം നിണക്കു യോജിച്ചതല്ലേ! മുഷിഞ്ഞുവെന്നു തോന്നുന്നുവല്ലോ."

വിമല:—"ചില തരക്കാർക്ക് ഇതു വളരെ യോജിച്ചതാണ്. പക്ഷേ, എനിക്ക് ആ പട്ടണത്തിലെ തിരക്കിലേയ്ക്കും, ബഹളത്തിലേയ്ക്കും, മടങ്ങിപ്പോകാൻ തോന്നുന്നു. ജ്യേഷ്ഠനെന്താ, ഇനി അങ്ങോട്ടില്ലെന്നുണ്ടോ?"

ഞാൻ:—"ഇപ്പോൾ എനിക്കങ്ങോട്ടു പോരാതിരിപ്പാൻ നിവൃത്തിയില്ല. പക്ഷേ, എൻെറ പഠിപ്പുകഴിഞ്ഞാൽ ഞാൻ ഒരു നാട്ടുപുറത്തു സ്ഥിരതാമസമാക്കും. എനിക്കിവിടെ താമസിക്കുമ്പോൾ, പട്ടണത്തിൻെറ ഒരേകദേശച്ഛായകൂടി ഓർമ്മിക്കുവാൻ സാധിക്കുന്നില്ല."

വിമല:—"ജ്യേഷ്ഠൻ വളരെക്കാലം പരിചയിച്ച പട്ടണം ഇത്രവേഗത്തിൽ മറന്നുപോയാൽ, ഇനി ഞങ്ങളെയുമെല്ലാം ക്രമേണ മറന്നുപോകുമല്ലോ!"

ഞാൻ:—"പട്ടണത്തെ വാസ്തവത്തിൽ ഞാനത്ര ഇഷ്ടപ്പെട്ടിട്ടില്ലെന്ന്, അതിനെ മറക്കുവാൻ തുടങ്ങുമ്പോഴാണ് എനിക്കു മനസ്സിലാവുന്നത്."

സുശീല:—"ജ്യേഷ്ഠൻെറ കല്പനക്കാലം കഴിഞ്ഞു പോകുമ്പോൾ നമുക്കു ഭാമയേയും കൂട്ടിക്കൊണ്ടുപോകണം."

ഞാൻ:—"ഭാമക്കു പട്ടണവുമായി മുമ്പു പരിചയമില്ല. അതുകൊണ്ട്, ഒരുകുറി പക്ഷേ, അപകടം പറ്റിപ്പോയേക്കാം. രണ്ടാമതൊരുകുറി നിങ്ങളുടെ ക്ഷണനം സ്വീകരിക്കുമെന്നു തോന്നുന്നില്ല."

സുശീല:—"പട്ടണത്തിൽ അത്രയധികം ചീത്തത്തങ്ങളുണ്ടെന്ന് എനിക്കു തോന്നുന്നില്ല."

ഭാമ:—"എനിക്കു പട്ടണത്തിലേക്കു പോകുന്നതാലോചിക്കുമ്പോൾത്തന്നെ, എന്തോ, ഒരു പേടി തോന്നുന്നു."

ഞാൻ:—"ഭാമയുടെ ഈ പേടിക്കു കാരണം, വാസ്തവത്തിൽ നിങ്ങളാണ്. നിങ്ങളുടെ..."

വിമലയും സുശീലയും ബലമായ ഒരു വാദപ്രതിവാദത്തിന്നു പുറപ്പെട്ടപ്പോഴേക്കും ഞാനവിടെനിന്നു പോന്നുകളഞ്ഞു. വെറുതെ തൎക്കിക്കുവാൻ വിമലക്കു സ്വതവേയുള്ള വാസന എനിക്കു നല്ല നിശ്ചയമുണ്ട്. അകത്തുനിന്ന് അമ്മയോട് അവൾ പറയുന്നതു ഞാൻ കേട്ടു "ഭാമയേയുംകൂടി കേടുവരുത്തുന്നതു ഞങ്ങളാണത്രെ."

എൻെറ കല്പനക്കാലം ക്ഷണത്തിൽ കഴിഞ്ഞുപോകുന്നുണ്ടെന്ന് എനിക്കു തോന്നി. ഞാൻ ആദ്യമായി അങ്ങോട്ടു താമസിക്കുവാൻ വന്നപ്പോൾ, ഒരു നാട്ടുവാസത്തിൻെറ സുഖസൌകൎയ്യങ്ങൾ അനുഭവിക്കണമെന്നു മാത്രമേ ആഗ്രഹമുണ്ടായിരുന്നുള്ളു. അതിന്ന് അസൌകൎയ്യങ്ങൾ ഉണ്ടാക്കിത്തീൎക്കുവാൻ അമ്മ ചില ദുഃപരിചിതന്മാരായ ബന്ധുക്കളെയും ക്ഷണിച്ചുവരുത്തി!

അതുകാരണമായി ചില അസ്വാസ്ഥ്യതകൾ അനു ഭവിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ, എന്റെ ഹൃദയ ത്തിന്റെ അഗാധതയിൽ അവാച്യമായ ഒരാനന്ദംകൂടി ഊറിനിൽക്കുന്നില്ലേ എന്നെനിക്കു തോന്നി. അവിചാരി തമായ ആ പരിവർത്തനദശയിൽ എനിക്കതിന്റെ ആ വിർഭാവം അറിയുവാൻ കഴിഞ്ഞില്ല. ആ ഹൃദയസ്ഥിതി എന്താണെന്നു ഞാൻ ആരാഞ്ഞുനോക്കി. ഒരു മാസത്തോ ളമായി ആ മനോഹരപ്രദേശത്തിന്റെ സുന്ദരഭാഗങ്ങ ളിൽ പ്രസരിച്ചുകൊണ്ടിരുന്ന എന്റെ ഹൃദയം, ആ ബാ ഹ്യസൌന്ദര്യങ്ങളിൽനിന്നെല്ലാം ചുരുങ്ങിച്ചുരുങ്ങി വന്ന് ഒരു പ്രത്യേകസ്ഥാനത്തു ചെന്നു ചുഴന്നു നിൽക്കുകയാ ണോ എന്ന് എനിക്കു തോന്നി. ചന്ദ്രികാവിലസിതമായ ആ രാത്രിയെ ഒരു മനോഹരഗ്രാമീണബാലികയെപ്പോ ലെ ഞാൻ കണ്ടു. ആ മൃണാളഹസ്തങ്ങൾ എന്റെ നേ ക്കു നീട്ടി, ആകാശത്തിലേയ്ക്കു പറന്നുപോകുവാൻ അവൾ കാത്തുനിൽക്കുകയാണെന്ന് എനിക്കു തോന്നി. ദൂരവ ർത്തിനിയായ ഏതോ ഒരു പ്രേമമൂർത്തിയുടെ നേർക്ക് എ ന്റെ ഹൃദയം കൈകൾ നീട്ടി.

പിറേറന്നു രാവിലെ ചായ കഴിച്ചുകൊണ്ടിരിക്കു മ്പോൾ അമ്മ പറഞ്ഞു: "ഭാമയും രുഗ്മിണിയും അട ത്തു പോവുകയായി. ഇനി അവരെക്കൊണ്ടു നിനക്ക് അസൌകര്യങ്ങളൊന്നും വേണ്ട."

അപ്പോൾ എനിക്കൊന്നും പറവാൻ സാധിച്ചില്ല. വൈകുന്നേരം ഞാൻ അമ്മയുടെ മുറിയിൽച്ചെന്ന് അ വരുടെ അടുക്കെ ഇരുന്നു.

"നീ എന്താണ് ഇപ്പോൾ ഇങ്ങോട്ടു വന്നത്?"

ഞാൻ:—"ഞാൻ കാരണമായിട്ടാണ് അമ്മ അവരെ പറഞ്ഞയയ്ക്കുന്നതെന്നാണ്, രാവിലെ അമ്മ പറയുന്നതു കേട്ടപ്പോൾ എനിക്കു തോന്നിയത്. എനിക്കവരെക്കൊണ്ടു യാതൊരു അസൌകര്യങ്ങളുമില്ല. ഞാൻ കാരണമായി അമ്മ അവരെ പറഞ്ഞയയ്ക്കേണമെന്നില്ല."

അമ്മ—"ഓ, നീയതു പറവാൻവേണ്ടി വന്നതാണോ? അവർ പോകുന്നതു നിനക്കു സൌകര്യത്തിന്നു വേണ്ടിയാണെന്നു ഞാൻ നേരമ്പോക്കു പറഞ്ഞതല്ലേ?"

ഞാൻ—"നല്ല നേരമ്പോക്കാണ്! അവർ എന്തു വിചാരിക്കും? അമ്മ അതു പറഞ്ഞ സ്ഥിതിക്ക്, അവർ ഇപ്പോൾ പോകാൻ പാടില്ല. അവർ ഇവിടെ ഒരു ബുദ്ധിമുട്ടാണെന്നു നാം കരുതുന്നുണ്ടെന്നല്ലേ അവൎക്കു തോന്നുക?"

അമ്മ—"ആട്ടെ, അതുകൊണ്ട്?"

ഞാൻ—"അതുകൊണ്ട്, അവരെ ഇപ്പോൾ പറഞ്ഞയയ്ക്കേണ്ട. നാം പോകുമ്പോൾ അവരും പോകട്ടെ."

'അങ്ങിനെത്തന്നെയാവാ'മെന്ന് അമ്മ സമ്മതിച്ചു. മുറിയിൽനിന്നു പുറത്തു വന്നപ്പോൾ എൻെറ വാക്കുകളിൽനിന്ന് അമ്മ വല്ലതും ശങ്കിച്ചിരിക്കുമോ എന്ന് എനിക്ക് ഒരു സംശയമുണ്ടായി. തിരികെച്ചെന്ന് 'അമ്മയ്ക്കു സ്വേച്ഛപോലെ ചെയ്യാ'മെന്നു പറഞ്ഞാലോ എന്നു ഞാൻ വിചാരിച്ചു. ഏതായാലും ഞാൻ സന്തോഷത്തോടെ പൂവട്ടിലേയ്ക്കു പോന്നു.

അതുകൊണ്ട്, അവർ പോകേണ്ടെന്നു വെച്ചു. അമ്മയെന്തോ ശങ്കിച്ചിരിക്കണം. അതെനിയ്ക്കു സൂക്ഷ്മമായ

ത്തു പിന്നീടൊരിക്കലാണ്. എല്ലാവരും മദ്ധ്യാഹ്നഭക്ഷണം കഴിഞ്ഞു വിശ്രമിക്കയായിരുന്നു. ഞാൻ പകുതിവായിച്ചുവെച്ച ഒരു പുസ്തകം സഹോദരിമാരാരോ എടുത്തുകൊണ്ടുപോയിരുന്നു. അതു മുകളിലുണ്ടോ എന്നറിവാൻ ഞാൻ മെല്ലെ കോണികയറിച്ചെന്നു. അപ്പോൾ മുകളിലെ തളത്തിൽനിന്ന് എന്തോ വീഴുന്ന ശബ്ദം കേട്ടു. എന്തോവീണുടഞ്ഞതുപോലെയാണ് എനിക്കുതോന്നിയത്. ചന്ദ്രൻ വല്ലവികൃതിയും കാണിക്കയായിരിക്കുമെന്നോർത്തു ഞാൻ ശബ്ദമുണ്ടാക്കാതെ ഉമ്മറത്തു ചെന്നു നോക്കി. അപ്പോൾ പൂക്കൾവെയ്ക്കുന്ന ഒരു ചൈനാപ്പാത്രം ഉടഞ്ഞുകിടക്കുന്നതായും അതിന്നരികിൽ ഭാമ പരിഭ്രമിച്ചു നിൽക്കുന്നതായും കണ്ടു. എന്നെ കണ്ടപ്പോൾ അവൾ എൻെറ അരികിലേയ്ക്കു വന്ന്, "ഇതു് എൻെറ കയ്യിൽനിന്നു വീണുടഞ്ഞുപോയി" എന്നു പറഞ്ഞു. 'സാരമില്ല' എന്നു പറഞ്ഞു ഞാനതു പെറുക്കുവാൻ തുടങ്ങി. ഭാമ മെല്ലെ ചുവട്ടിലേയ്ക്കിറങ്ങിപ്പോയി.

ഉടനെ അടുത്ത മുറിയിൽനിന്ന്, "ആരാതു്? ചന്ദ്രാ! ചന്ദ്രാ!" എന്നു വിളിച്ചുകൊണ്ട് അമ്മ പുറത്തു വന്നു. എന്നെക്കണ്ടപ്പോൾ, "നീ എന്താണ് കാണിക്കുന്നതു്? എങ്ങിനെയാണിതുടഞ്ഞുപോയതു്?"

ഞാൻ—"ഇതു വെച്ചതു ശരിയായിരുന്നില്ല. അതു നേരെയാക്കുവാൻ നോക്കിയതാണ്. താഴെ വീണൊടഞ്ഞുപോയി."

അമ്മ—"നീ ഈവക സാധനങ്ങൾ തൊടാതിരി

ക്കമോ? നിൻെറ കലാനൈപുണ്യം പ്രദശിപ്പിക്കുന്നതു നിൻെറ മുറിയിലുള്ള സാധനങ്ങളിൽത്തന്നെ മതി."

ഞാൻ മെല്ലെ ചുവട്ടിലേക്കിറങ്ങിപ്പോന്നു. അന്നു വൈകുന്നേരം അമ്മ പൂമുഖത്തിരിക്കുമ്പോൾ ഭാമ കസാലയുടെ പിന്നിൽ ചെന്നു നിന്നു.

"എന്താ, ഭാമേ!"

ഭാമ—"ഇന്നുച്ചയ്ക്കു മുകളിൽ പൂക്കൾ വെയ്ക്കുന്നപാത്രം എൻെറ കയ്യിൽനിന്നു വീണുടഞ്ഞുപോയി."

അമ്മ—"നീയാണോ അതുടച്ചതു്?"

ഭാമ—"അതു ഞാൻ നേരെ വെയ്ക്കുവാൻ ശ്രമിച്ചപ്പോൾ, എൻെറ കയ്യിൽനിന്നു താഴെ വീണു."

അമ്മ—"അതു സാരമില്ല ഭാമേ! അവൻെറ കയ്യിൽനിന്നു വീണുവെന്നല്ലേ അവൻ പറഞ്ഞതു്?"

ഭാമ ഒന്നും മിണ്ടാതെ അവിടെനിന്നു പോയി.

പിറേറ ആഴ്ചയിൽ എൻെറ കല്പന അവസാനിക്കയായിരുന്നു. അമ്മ പറഞ്ഞു:

"നീ രുഗ്മിണിയേയും ഭാമയേയും അവരുടെ വീട്ടിൽക്കൊണ്ടാക്കി വരണം. അവരെ തനിയേ അയപ്പാൻ പാടില്ല."

ഞാൻ, 'അങ്ങിനെയാവട്ടെ' എന്നു പറഞ്ഞു. അന്നു രാത്രി വളരെ വൈകുന്നതുവരെ എനിക്കുറക്കം വന്നില്ല. വയലുകളിൽക്കൂടേയും പുഴവക്കിൽക്കൂടേയും ഭാമയുമായി ഒരു വണ്ടിയിൽ യാത്രചെയ്യുന്നതു രസാവഹമായിരിക്കുമെന്നു ഞാൻ കരുതി. പക്ഷേ, ദിവസം സമീപിച്ചുതുടങ്ങിയതോടുകൂടി എനിക്കു സമാധാനമില്ലാതായി

ത്തുടങ്ങി. എന്തോ ഒരസ്വാസ്ഥത എന്റെ ഹൃദയത്തിൽ പാർക്കാൻ തുടങ്ങി. എനിക്കിവിടം വിട്ടുപോകേണമെന്നു തീർച്ചയാണ്. എനിക്കാ പ്രദേശത്തിനോടും, ആ വീടിനോടും, എന്റെ കോളേജിനോടും, ഭാമയോടും ദ്വേഷ്യം തോന്നി. അതുകൊണ്ടു കഴിയുന്നതും വേഗത്തിൽ അവിടം വിടണമെന്നു ഞാൻ തീർച്ചപ്പെടുത്തി. പിറേറ ദിവസം ഞാൻ പറഞ്ഞു:

"എനിക്കു പോകുവാൻ നിവൃത്തിയില്ല."

എന്തുകൊണ്ടാണെന്ന് അമ്മ ചോദിച്ചു. കോളേജ് തുറക്കാൻ ഇനി കഷ്ടിച്ചൊരാഴ്ചയേ ഉള്ളുവെന്നും, പ്രൊഫസർ കല്പനയിൽ പോകുന്നതുകൊണ്ടു രണ്ടു ദിവസം മുമ്പുതന്നെ ചെല്ലേണമെന്നും മററും പറഞ്ഞു ഞാൻ അന്നുതന്നെ പട്ടണത്തിലേയ്ക്കു പോയി.

പട്ടണാഭിമുഖമായി വണ്ടി ഓടിക്കൊണ്ടിരിക്കുമ്പോൾ, എന്റെ അസ്വാസ്ഥഹൃദയം നാട്ടുപുറത്തുള്ള ഒരു ചെറിയ ഗൃഹത്തിന്റെ വരാന്തയിലും, പൂന്തോട്ടത്തിലും, മാന്തോപ്പിലും, മനോഹരങ്ങളും കരുണാപൂർണ്ണങ്ങളുമായ ദൃഷ്ടികളോടുകൂടിയ ഒരു ഗ്രാമീണബാലികയെ അന്വേഷിച്ച് അലഞ്ഞു നടന്നു. ഒരു ജഡദേഹം മാത്രം വണ്ടിയിൽ പട്ടണാഭിമുഖമായി പോയ്ക്കൊണ്ടിരുന്നു.

# വിവാഹമോതിരം

വിമല:—

ഞാൻ പറയാൻ പോകുന്ന കഥ ഏറെക്കുറെ എന്നെസ്സംബന്ധിച്ചുള്ളതുതന്നെയാണ്. വ്യസനമയമായ എന്റെ ഈ ആത്മകഥ കേട്ടുകഴിഞ്ഞാൽ എന്നെക്കുറിച്ചു നിങ്ങൾ എന്തുവിചാരിക്കുമോ എന്ന് എനിക്കറിഞ്ഞുകൂടാ. പക്ഷേ ദുഃഖകഥനത്തിൽനിന്നുള്ള ആത്മസംതൃപ്തിതന്നെ എനിക്ക് ആശ്വാസപ്രദമാകയാൽ നിങ്ങൾ അതിനെ ശ്രദ്ധാപൂർവ്വം കേൾക്കുമെന്നു ഞാനാശിക്കുന്നു. ഇതു കേട്ടുകഴിഞ്ഞാൽ, കെട്ടുകഥകളിലെ അസംഭാവ്യത നിറഞ്ഞ രംഗങ്ങൾ ഈ സാധുജീവിയുടെ ജീവിതത്തിലേയ്ക്കു കൊഴിഞ്ഞുവീണതായിരിക്കുമെന്നുകൂടി ഒരുപക്ഷേ നിങ്ങൾ കരുതിപ്പോയേയ്ക്കാം.

എനിക്കിപ്പോഴും തോന്നുന്നു, അന്നത്തെ തിക്കും തിരക്കും! സന്തോഷത്താൽ അന്തരീക്ഷം തിരതല്ലിക്കൊണ്ടിരുന്നു. ഈ നിസ്സാരജീവിയുടെ ഭാവിസുഖത്തിനുവേണ്ടി മനുഷ്യസമുദായം ഇങ്ങിനെ ഇളകിവശാവുകയോ? സുഗന്ധദ്രവ്യങ്ങളിൽനിന്നും, ചന്ദനത്തിരികളിൽനിന്നുമുള്ള പരിമളം വായുവിലെല്ലാം വ്യാപിച്ചു. ശ്രുതിമേളങ്ങളോടുകൂടി ഒരു പാട്ടുകാരി പാടിക്കൊണ്ടിരുന്നു. സ്വല്പനേരത്തേയ്ക്ക് അവിടെ നേരമ്പോക്കുകളും നിരൂപണങ്ങളും പൊട്ടിച്ചിരികളും നിറഞ്ഞുനിന്നു. വിദ്യുദ്ദീപത്തിൻകീഴിൽ ആ സുഗന്ധദ്രവ്യങ്ങളും, ആ സംഗീതസ്രോതസ്സും, പനിനീർപ്പൂക്കളും, ആ യുവതിമാരും എല്ലാംകൂടിയുള്ള കൂടിക്കലച്ച ഒരു പുരുഷനെ മത്തുപിടിപ്പിക്കും.

വിവാഹമുഹൂൎത്തത്തെ – സ്ത്രീയുടെ ജീവിതത്തിലെ ആ പ്രധാനനിമിഷത്തെ—അഭിമുഖീകരിക്കുവാനുള്ള മനോധൈൎയ്യം സജ്ജീകരിക്കുവാൻ ഞാൻ പ്രയത്നിച്ചുകൊണ്ടിരുന്നു. എൻെറ സൃഷ്ടികൎത്താവു് എന്നെ അധീരഹൃദയയും ലജ്ജാവിവശയുമായ ഒരു പെൺകുട്ടിയായിട്ടാണു് സൃഷ്ടിച്ചിട്ടുള്ളതു്. ഏതായാലും ഗൃഹാന്തൎഭാഗത്തുനിന്നു് ഒഴുകിവരുന്ന ഒരു വനിതാനിരയാൽ അനുയാനം ചെയ്യപ്പെട്ടു ഞാൻ വിവാഹവേദിയിൽ പ്രവേശിച്ചു. മാല്യസ്വീകരണത്തിന്നായി അദ്ദേഹം ശിരസ്സല്പം കുനിച്ചപ്പോൾ, ഞാൻ ക്ഷണത്തിൽ ആ മുഖത്തേയ്ക്കു് ഒന്നു നോക്കുകയുണ്ടായി. വീണ്ടും മന്ദമന്ദം ഞാൻ ഗൃഹാന്തൎഭാഗത്തേയ്ക്കുതന്നെ ആനയിക്കപ്പെട്ടു.

വിവാഹത്തിൻെറ ചടങ്ങുകളിൽനിന്നു് അല്പനേരത്തേയ്ക്കു മോചനം ലഭിച്ചു ഞാൻ എൻെറ മുറിയിലിരിക്കുമ്പോൾ, ബാല്യസഹചരിയും പ്രാണസ്നേഹിതയുമായ സുലോചന മുറിവാതിൽ തുറന്നു് അകത്തേയ്ക്കു വന്നു. അവൾ അരികിൽ വന്നിരുന്നു്, കൈവിരലിൽനിന്നു് ഒരു മോതിരം ഊരിയെടുത്തു് എൻെറ വിരലിൽ ഇട്ടുവിച്ചു. "ഇതു് എൻെറ വിവാഹസമ്മാനമാണു്" അവൾ പറഞ്ഞു. കുറെ സംസാരിച്ചിരുന്നശേഷം, "ഈശ്വരഭക്തിയോടും ഭൎത്തൃസ്നേഹത്തോടുംകൂടി ജീവിതം നയിക്കുവാൻ ദൈവം സഹായിക്കട്ടെ!" എന്നു് ആശീൎവ്വദിച്ചു പിരിഞ്ഞുപോയി.

വിവാഹം കഴിഞ്ഞു നാളുകൾ വളരെക്കഴിഞ്ഞു. നിഷ്കളങ്കവും കരുണാൎദ്രവുമായ ആ മുഖത്തുനോക്കി ഞാൻ

പലപ്പോഴും ചിന്താകുലയാകാറുണ്ട്. മുമ്പുതന്നെ ഞാൻ ഹേമചന്ദ്രനെ പലകുറി കാണുകയുണ്ടായിട്ടുണ്ട്. കഥാകഥനവേളയിൽ ഇങ്ങിനെ ഭർത്താവിൻെറ പേർ പറയുന്നതുകൊണ്ടു നിങ്ങൾ എന്നെ തെററിദ്ധരിക്കരുതേ! തന്നെ പേർപറഞ്ഞു സംബോധനംചെയ്യുന്നതാണ് കൂടുതൽ പ്രിയതരമെന്ന് അദ്ദേഹംതന്നെ പലകുറി എന്നോടു പറകയുണ്ടായിട്ടുണ്ട്. ഞാൻ മുമ്പു കണ്ട സമയങ്ങളിലെല്ലാം ഹേമചന്ദ്രൻ ഒരു നേരമ്പോക്കുകാരനും ഉത്സാഹിയുമാണെന്നായിരുന്നു എൻെറ വിശ്വാസം. പക്ഷേ, കരുണരസം തോന്നിക്കുന്ന ഒരു ചെറുപുഞ്ചിരിയും ചിന്താകുലമായ ദൃഷ്ടികളുമാണ് എനിക്കു പ്രത്യക്ഷപ്പെട്ടതു്. അന്നത്തേയും ഇന്നത്തേയുമുള്ള ഈ വ്യത്യാസത്തിനുപിന്നിൽ വല്ല സംഭവങ്ങളും ഒളിഞ്ഞുകിടപ്പുണ്ടോ, എന്ന് ഒരു ചിന്ത ചില വിശ്രമവേളകളിൽ എൻെറ ഹൃദയത്തിലൂടെ ഇടയ്ക്കിടെ കടന്നുപോകാറുണ്ട്.

'മധുവിധു'കാലമാകയാൽ ഞങ്ങൾ അദ്ദേഹത്തിൻെറ നാട്ടുപുറത്തുള്ള ഒരു ഗൃഹത്തിലാണ് താമസിച്ചിരുന്നതു്. കുട്ടികളെപ്പോലെ ഞങ്ങൾ വയലുകളിലൂടേയും കാപ്പിത്തോട്ടങ്ങളിലൂടേയും ഓടിനടന്നു. ഒരു നിമിഷനേരമെങ്കിലും ഞാനുമായി പിരിഞ്ഞിരിപ്പാൻ ഹേമചന്ദ്രനു സാധിച്ചില്ല. അല്പം അകലെയായി ഒരു ചെറുപുഴ ഉരുളൻകല്ലുകളിലൂടെ തട്ടിത്തടഞ്ഞു് ഒഴുകുന്നുണ്ടായിരുന്നു. അന്നത്തെ സന്ധ്യാസമയത്തു ഞങ്ങൾ ആ പുഴവക്കിലേയ്ക്കു പോയി. ഹേമചന്ദ്രൻ പറഞ്ഞു: "വിമലേ! പോയി കുറെ പൂക്കൾ പൊട്ടിച്ചുകൊണ്ടുവരൂ. നമു

ക്കു നമ്മുടെ വിവാഹക്രിയ ഒന്നുകൂടെ ഇവിടെ അഭിനയിക്കുക.''

ഞാൻ പുടവത്തുമ്പിൽ നിറയെ പൂക്കളുമായി മടങ്ങിവന്നു. ഹേമചന്ദ്രൻ അസ്തമനത്തിൻെറ അന്തിമശോഭയെ നോക്കിക്കൊണ്ടിരിക്കയായിരുന്നു. പതുക്കെപ്പതുക്കെ പിൻപുറത്തു ചെന്നുനിന്നു്, പൂക്കളെല്ലാം ഒന്നായി ഹേമചന്ദ്രൻെറ ശിരസ്സിൽ ചൊരിയണമെന്നായിരുന്നു എൻെറ വിചാരം. ഞാൻ മുഖത്തേയ്ക്കു പാളിനോക്കിയപ്പോൾ അദ്ദേഹത്തിൻെറ കണ്ണുകൾ അശ്രുകലുഷിതങ്ങളാണെന്നു കണ്ടു. എൻെറ ഹൃദയത്തിൽ പെട്ടെന്നു് ഒരു സംഭ്രമമുണ്ടായി. പൂക്കളെല്ലാം താഴെവീണു. ഒരു ഹൃദയാവേഗത്തോടുകൂടി ഹേമചന്ദ്രൻ എൻെറ കൈ പിടിച്ചു്, ''വാസ്തവത്തിൽ, വിമലേ! നിന്നെ ഞാൻ സ്നേഹിക്കുന്നില്ല. നീ എന്നെ സ്നേഹിക്കുന്നതിൽ പകുതിയെങ്കിലും എനിക്കു നിന്നെ സ്നേഹിക്കുവാൻ സാധിക്കുന്നില്ല.'' ഞാൻ മിണ്ടാതെ നിന്നു. എനിക്കു് ഒരു വല്ലായ്മ തോന്നി. എന്താണിപ്പോൾ ഹേമചന്ദ്രനു് ഇങ്ങിനെയൊന്നു പറയേണ്ടുന്ന ആവശ്യം ഉണ്ടായതു്? ഞങ്ങൾക്കന്യോന്യമുള്ള സ്നേഹത്തിൻെറ ശക്തിയേയോ അശക്തിയേയോ കുറിച്ചു് ഒന്നും പറഞ്ഞില്ലല്ലോ! നിശ്ശബ്ദരായി ഞങ്ങൾ ഗൃഹത്തിലേയ്ക്കു മടങ്ങി. ഞാൻ കൊണ്ടുവന്ന പൂക്കൾ ഇരുട്ടിൽ, ആ പുഴയോരത്തു കിടന്നു.

ഞങ്ങളുടെ വിവാഹം കഴിഞ്ഞു മാസങ്ങൾ അഞ്ചെട്ടു കഴിഞ്ഞിരുന്നു. വിവാഹത്തിൻെറ ആദ്യത്തെ ചൂടു മാറാത്ത ദിവസങ്ങളെ, ഒരു കുട്ടി മധുരപലഹാരങ്ങളെ

എന്നപോലെ ഞങ്ങൾ ഒന്നായെടുത്താസ്വദിച്ചു. ഉറവു പൊട്ടി ഊക്കിലൊഴുകിയ ഹേമചന്ദ്രൻെറ അനുരാഗനദി ക്രമേണ വിസ്തൃതമായ അതിൻെറ സമഭൂമിയിലെത്തിയപ്പോൾ, ആ അവ്യാഹതപ്രവാഹത്തെ വിട്ടു ശാന്തവും നിശ്ശബ്ദവുമായ പ്രയാണമാരംഭിച്ചു. എന്നാൽ ആ പ്രശാന്തസ്രോതസ്സിൻെറ അഗാധത അത്ര് അത്രമേൽ നിമ്മലമായിരുന്നിട്ടുകൂടി എനിക്ക് അറിവാൻ കഴിയാതായിട്ടാണ് വന്നത്. ആ ഹഷ്സമ്പൂണ്ണമായ ആനന്ദാനുഭൂതി അദ്ദേഹത്തിന്ന് അവസാനംവരെ തുടന്നുകൊണ്ടുപോകാമായിരുന്നില്ലേ? ഇടയ്ക്കുവെച്ച് എന്തിനാണത് ഇങ്ങിനെ പ്രശാന്തവും നിശ്ശബ്ദവുമായത്? ഇടയ്ക്കുവെച്ച് ഈ മാററമുണ്ടായതിന്നു കാരണമെന്താണ്? ദിവസങ്ങൾ ചെല്ലുന്തോറും ഹേമചന്ദ്രൻ എനിക്ക് അജ്ഞാതനായിത്തീരുകയാണ് ചെയ്തത്.

അന്നു നല്ല ചന്ദ്രികയുള്ള രാത്രിയായിരുന്നു. ഞങ്ങൾ തോട്ടത്തിൽ വളരെ നേരം ഉലാത്തിക്കൊണ്ടിരുന്നു. മഞ്ഞു വീണുതുടങ്ങിയപ്പോൾ ഞങ്ങൾ ശയനമുറിയിലേയ്ക്കു പോയി. ഒരു കുട്ടിയെപ്പോലെ ഹേമചന്ദ്രൻ കിടന്ന ഉടനെ ഉറങ്ങിപ്പോയി. ഞാനും എന്തൊക്കെയോ ആലോചിച്ചാലോചിച്ച് ഉറക്കത്തിൽപ്പെട്ടു.

ഞാൻ പെട്ടെന്ന് ഉറക്കമുണന്നു. ഏകദേശം പാതിരാവായിരിക്കണം. കണ്ണു മിഴിച്ചപ്പോൾ ഹേമചന്ദ്രൻ എഴുന്നേററ് ജനാലയിലൂടെ ആകാശത്തേയ്ക്കു നോക്കിക്കൊണ്ടിരിക്കയായിരുന്നു. ശരച്ചന്ദ്രിക ഞങ്ങളുടെ കിടയ്ക്കമേൽ വീണുകൊണ്ടിരുന്നു. അപ്പപ്പോഴായി ഹേമചന്ദ്ര

ൻെറ ദീൎഘനിശ്വാസങ്ങൾ ഞാൻ കേട്ടു. പിന്നെ അല്പനേരം എന്നെ നോക്കിക്കൊണ്ടിരുന്നതിന്നു ശേഷം മന്ദം എൻെറ മുഖത്തേയ്ക്കു കുനിഞ്ഞുവന്നു. എനിക്കു പേടിയായി. സമ്മാനമോതിരമണിഞ്ഞ എൻെറ കൈപിടിച്ചദ്ദേഹം ചുംബിച്ചു. പ്രാൎത്ഥനാരൂപത്തിലുള്ള ചില വാക്കുകൾ പിന്നീട് ആ രാത്രിയുടെ നിശ്ശബ്ദതയിൽ ഞാൻ കേട്ടു.

"ജഗദീശ്വരാ! എൻെറ ഹൃദയത്തിന്നു ശക്തിയും വെളിച്ചവും തരിക! ജീവിതത്തിലും മരണത്തിലും ഞാനൊരു വിശ്വസ്തഭൎത്താവായിത്തീരട്ടെ!" അദ്ദേഹത്തിൻെറ ഉഷ്ണനിശ്വാസങ്ങൾ എൻെറ കവിൾത്തടത്തിൽ തട്ടി. ഈ ദമ്പതികൾ ഒരു വാക്കുപോലും സംസാരിക്കാതെ ഒരേ തല്പത്തിൽ ആ ചന്ദ്രികാവിലസിതമായ രാത്രി കഴിച്ചുകൂട്ടി.

ഞാൻ പണ്ടത്തെപ്പോലെ കളിക്കയും ചിരിക്കയും ചെയ്തു. ഹേമചന്ദ്രൻ ഹൃദയത്തിൽ ഗൂഢസംഗതികൾ വെച്ചു പുറമേയ്ക്കൊന്നുമില്ലെന്നു നടിച്ചു. എൻെറ ഹൃദയം ആലോചനകൾകൊണ്ടു നിറഞ്ഞു. ഞാനും ഒന്നുമില്ലെന്നു നടിച്ചു.

ഒരു ദിവസം ഉച്ചയ്ക്കു ഞാൻ ഹേമചന്ദ്രൻെറ മുറിയിലേയ്ക്കു ചെന്നു. വാതിൽ ഉള്ളിൽനിന്ന് അടച്ചിരുന്നു. വാതിൽപ്പഴുതിലൂടെ ഞാൻ അകത്തേയ്ക്കു നോക്കി. അദ്ദേഹം കയ്യിൽ പിടിച്ചിരുന്ന ഒരു ഛായാപടം സൂക്ഷിച്ചു നോക്കുകയായിരുന്നു. വളരെ നേരം നോക്കിയതിന്നു ശേഷം, ചുംബനോന്മുഖമായി ശിരസ്സിനെ അതി

ന്നടുക്കലേയ്ക്കു കൊണ്ടുചെന്നു. പക്ഷേ, അതു ചുണ്ടുകളെ സ്പർശിക്കുന്നതിന്നുമുമ്പായി കസാലയിൽനിന്നു ചാടിയെഴുന്നേററു് ആ ഛായാപടത്തെ തുണ്ടുതുണ്ടാക്കി ചീന്തി. "എൻെറ ഹൃദയത്തിൽനിന്നു ഞാൻ നിന്നെ ഇങ്ങിനെ നൂറുനൂറായി ചീന്തിക്കളയും," അദ്ദേഹം പിറുപിറുത്തു. ഞാൻ ശബ്ദമുണ്ടാക്കാതെ കോണിപ്പടിയിറങ്ങി ചുവട്ടിലേയ്ക്കു പോന്നു. എൻെറ മുറിയിൽ എത്തുന്നതിന്നുമുമ്പായി മുകളിൽനിന്നു്, "വിമലേ! വിമലേ!" എന്നു വിളിക്കുന്നതു കേട്ടു. മുകളിൽ ചെന്നപ്പോൾ പകുതി വായിച്ചുവെച്ച ഒരു നോവൽ വായിക്കുവാൻ എന്നോടാവശ്യപ്പെട്ടു. വായിച്ചുകൊണ്ടിരിക്കുന്നതിന്നിടയ്ക്കു് അദ്ദേഹം ഉറങ്ങിപ്പോയി.

കിഴക്കൻപ്രദേശങ്ങളിലേയ്ക്കു് ഒരു സർക്കീട്ടുപോകുന്നതിനെക്കുറിച്ചു് അദ്ദേഹം തിടുക്കിത്തുടങ്ങി. അടുത്ത തിങ്കളാഴ്ച പോകുവാൻ തീർച്ചപ്പെടുത്തീട്ടുള്ളതായി എന്നോടു പറഞ്ഞു. ഞാൻ സാമാനങ്ങളെല്ലാം ഒരുക്കിത്തുടങ്ങി. സർക്കീട്ടിൽ വസ്ത്രങ്ങൾ വെയ്ക്കുവാൻ സൌകര്യമുള്ള ഒരു പെട്ടി എനിക്കുണ്ടായിരുന്നില്ല. അതുകൊണ്ടു ഹേമചന്ദ്രൻെറ പുസ്തകങ്ങളോ എന്തെല്ലാമോ വെച്ചിരുന്നതും വളരെ ദിവസമായി പൂട്ടിക്കിടന്നിരുന്നതുമായ ഒരു 'ട്രങ്കു്' ഞാൻ തുറന്നുനോക്കി. പുസ്തകങ്ങൾ മാററിവെയ്ക്കുന്ന കൂട്ടത്തിൽ, 'പ്രേമോപഹാര'മായിക്കൊടുത്ത ഒരു പുസ്തകത്തിന്നുള്ളിൽ വെളുത്ത 'മസ്ലിൻ' ശീലകൊണ്ടു പൊതിഞ്ഞ ഒരു കത്തു ഞാൻ കണ്ടെത്തി. മെല്ലെയെഴുന്നേററു ഞാൻ വാതിൽ സാക്ഷയിട്ടു. അതു ഞങ്ങളുടെ വി

വാഹത്തിൻമുമ്പു ഹേമചന്ദ്രൻെറ പ്രാണപ്രേയസി അദ്ദേഹത്തിന്നയച്ച അവസാനത്തെ പ്രേമലേഖനമായിരുന്നു. അതിലെ അക്ഷരങ്ങൾ ഉറുമ്പുകൾപോലെ എൻെറ കണ്ണിൻ മുമ്പിലൂടെ അരിച്ചുപോയി. അതിൽ എഴുതിയിരുന്നു,

"അങ്ങ് എനിക്കു നല്കിയ മുദ്രമോതിരം ഞാൻ വിമലയ്ക്കു വിവാഹസമ്മാനമായിക്കൊടുക്കും. അതിൻെറ ദുഃഖചരിത്രം വല്ലപ്പോഴും പറഞ്ഞു വിമലയെ വ്യാകുലപ്പെടുത്തരുതേ!"

എൻെറ ഹൃദയവ്യഥ വർദ്ധിച്ചുവന്നു. രാത്രി ഉറക്കമില്ലായ്മകൊണ്ടും, ഭക്ഷണത്തിന്നു രുചിയില്ലാതിരുന്നതുകൊണ്ടും ദേഹത്തിന്നു വല്ലാത്ത ക്ഷീണം തോന്നി. ഞായറാഴ്ച രാത്രി എനിക്കു പനിയുണ്ടായി. അതുകൊണ്ടു തിങ്കളാഴ്ചയിലെ സക്കീട്ടു ഹേമചന്ദ്രന്നു നീട്ടിവെയ്ക്കേണ്ടിവന്നു."

ഹേമചന്ദ്രൻ:—

"വിമലയ്ക്കു സുഖക്കേടായതിൽപിന്നെ എനിക്ക് ഒരു നിമിഷനേരമെങ്കിലും മനസ്സമാധാനമുണ്ടായിട്ടില്ല. ഹൃദയത്തിന്നു വല്ലപ്പോഴും സമാധാനക്കേടു തോന്നിയാൽ, അതിന്നു ശാന്തി നല്കിയിരുന്നതു വിമലയായിരുന്നു. അവളുടെ സ്നേഹപൂർണ്ണമായ ശുശ്രൂഷകൾകൊണ്ടും കൃത്യനിഷ്ഠകൾകൊണ്ടും എൻെറ ഗൃഹജീവിതം അത്യന്തം സുഖകരമായിരുന്നു. വിമല എനിക്കു ചെയ്തിരുന്ന ശുശ്രൂഷകളെല്ലാം അവളുടെ ഈ ദീനാവസ്ഥയിൽ ഞാൻ അവൾക്കു ചെയ്തുകൊടുപ്പാൻ തീർച്ചപ്പെടുത്തി. ഒരു നി

മിഷനേരത്തേയ്ക്കെങ്കിലും ആ മുറിയിൽനിന്നു ഞാൻ വിട്ടു പോരാറില്ല. ഡോക്ടരുടെ നിർദ്ദേശമനുസരിച്ച സമയത്തിന്നു മരുന്നുകൾ കൊടുക്കുക, ഭക്ഷണം കൊടുക്കുക മുതലായ പ്രവൃത്തികളെല്ലാം ഞാൻ അവളുടെ കട്ടിലിന്നരികെ ഇട്ടിട്ടുള്ള കസാലയിൽ ഇരുന്നുകൊണ്ടു ചെയ്യും— മററു ഗൃഹജോലികൾ എല്ലാം ഞങ്ങളുടെ അയൽപക്കക്കാരിയായ 'കല്യാണി' എന്നൊരു സ്ത്രീ വന്നു ചെയ്തുതരാറുണ്ട്. മുറിയിൽനിന്നു പോകാതെ എപ്പോഴും അവളുടെ ശുശ്രൂഷയിൽ വ്യാപൃതനായിരിക്കുന്നതു കാണുമ്പോൾ, വിമല ഇടയ്ക്കു പറയും, "ഇങ്ങിനെ നിങ്ങൾ ഇവിടെ ഇരുന്നിരുന്ന് എൻേറതു സുഖപ്പെടുമ്പോഴേയ്ക്ക്, നിങ്ങൾക്കുതന്നെ സുഖക്കേടുപിടിക്കും. നിങ്ങൾക്കു കുറെ നടക്കുകയോ വായിക്കുകയോ ചെയ്യരുതേ? എനിക്കൊരു സമയം കുറെക്കൂടെ വയ്യാതായാൽ നിങ്ങൾ എന്തെല്ലാമാണ് ഉപേക്ഷിക്കുക?"

ഡോക്ടരുടെ ചികിത്സയും എൻെറ ശുശ്രൂഷയും കൊണ്ടു രോഗം ക്ഷണത്തിൽ സുഖപ്പെടുമെന്നു ഞാൻ പൂർണ്ണമായ് വിശ്വസിച്ചിരുന്നു. പക്ഷേ, വളരെ ദിവസം കഴിഞ്ഞതിന്നു ശേഷവും അവൾക്കു യാതൊരു സുഖലക്ഷണങ്ങളും കണ്ടില്ല. ആ മൃദുളകപോലങ്ങൾ പിന്നെപ്പിന്നെ വിളർത്തുവശായി. മിന്നിക്കൊണ്ടിരുന്ന കണ്ണുകളുടെ മോഹനകാന്തി കുറഞ്ഞു കുറഞ്ഞു വന്നു.

പെട്ടെന്ന് അവൾക്ക് ഒരു ദിവസം ഒരു ക്ഷീണാധിക്യമുണ്ടായി. അവൾ ഉറങ്ങുകയായിരിക്കുമെന്നു കരുതി ഞാൻ ശബ്ദമുണ്ടാക്കാതെ അറവാതില്ക്കലേയ്ക്കു ചെ

ന്നു. അകത്തുനിന്ന് ആരോ സംസാരിക്കുന്ന ശബ്ദം ഞാൻ കേട്ടു. വിമല കല്യാണിയുമായി സംസാരിക്കുകയായിരിക്കുമെന്നു കരുതി ഞാൻ അകത്തേയ്ക്കു കടന്നു. പക്ഷേ, മുറിയിൽ ആരുമുണ്ടായിരുന്നില്ല. അവളുടെ മുഖം രക്തവർണ്ണമായിരുന്നു. വികാരതരളിതമായ ഒരു ഹൃദയത്തിൻെറ പ്രതിഫലനമാണതെന്ന് എനിക്കു മനസ്സിലായി. ഞാൻ അടുക്കലേയ്ക്കു ചെന്നപ്പോൾ അവൾ എൻെറ മുഖത്തേയ്ക്കു തുറിച്ചുനോക്കി. പെട്ടെന്ന് ആ മുഖം കടലാസ്സുപോലെ വിളർത്തു. ദേഹമാസകലം പച്ചവെള്ളംപോലെ തണുപ്പുള്ളതായി. ബോധരഹിതമായതുപോലെ അവൾ കണ്ണുകളടച്ചു. ഞാൻ ക്ഷണത്തിൽ ഡോക്ടർ വരുവാൻ ആളെ അയച്ചു. എന്തോ ഹൃദയക്ഷോഭംകൊണ്ടു വന്നതാണെന്നും, അല്പം സ്വസ്ഥമായി കിടന്നാൽ എല്ലാം സുഖപ്പെടുമെന്നും ഡോക്ടർ പറഞ്ഞു. സ്വല്പനേരം കഴിഞ്ഞശേഷം അവൾ കണ്ണുമിഴിച്ചു. ഒരു ലക്ഷ്യനോട്ടംകൊണ്ട് അവൾ എന്നെയും ഡോക്ടരേയും ആ മുറിയിലുള്ള വസ്തുക്കളേയും നോക്കിക്കൊണ്ടു കിടന്നു.

പിറേറന്നു വിമലയ്ക്കു വളരെ സുഖമുള്ളതായി തോന്നി. അന്ന് ഉന്മേഷത്തോടുകൂടി അവൾ പലതുമായി സംസാരിച്ചുകൊണ്ടിരുന്നു. വിമലയുടെ പ്രസന്നഭാവം കണ്ടു ഞാൻ ഹാർദ്ദമായി സന്തോഷിച്ചു. അടുത്തു കസാലയിലിരുന്നിരുന്ന എൻെറ കൈപിടിച്ച്, ഒരു ചെറുപുഞ്ചിരിയോടെ അവൾ പറഞ്ഞു:

"ഇപ്പോൾ എനിക്കു വളരെ സുഖം തോന്നുന്നുണ്ട്. രണ്ടാഴ്ചയ്ക്കുള്ളിൽ എനിക്ക് എല്ലാം സുഖപ്പെടും. കുറച്ചു

ദിവസം സുലോചനു ഇവിടെ വന്നു താമസിക്കട്ടെ. എന്നാൽ എനിക്കു വളരെ സന്തോഷമുണ്ടാകും; നിങ്ങൾക്കിനി കുറച്ചുദിവസത്തെ കല്പന തരാം."

എൻെറ ഹൃദയം കോരിത്തരിച്ചു. ഇരിക്കുന്നേടത്തുനിന്നു് എനിക്കു് ഇളകുവാൻ വയ്യാതായി. ഞാൻ ഒരു വിധം ഹൃദയക്ഷോഭമടക്കിക്കൊണ്ടു പറഞ്ഞു:

"എന്താ, എൻെറ ശുശ്രൂഷകൾ തൃപ്തികരമല്ലാത്തതുകൊണ്ടു പ്രവൃത്തിയിൽനിന്നു പിരിക്കയാണോ?"

"അതേ, ഇങ്ങിനെയായാൽ നിങ്ങൾ ചെയ്യുന്ന പണി അടുത്തു് എനിക്കു ചെയ്യേണ്ടിവരും. അതു് എത്ര മോശമാണു്? അതുകൊണ്ടു്, ഈ പ്രവൃത്തിക്കു ഞാൻ വേറൊരാളെ നിയമിക്കാൻ പോകുന്നു."

"ഞാൻ ഒഴിയുവാൻ തയ്യാറില്ലെങ്കിലോ?"

"കളി പോകട്ടേ! ഇതു നേരംപോക്കല്ല. സുലോചനയ്ക്കു ഞാൻ ഇന്നുതന്നെ എഴുതിക്കളയാം. എൻെറ എഴുത്തു കിട്ടിയ ഉടനെ അവൾ ഇവിടെ എത്താതിരിക്കയില്ല. ഒരു കടലാസ്സും പേനും എടുത്തുകൊണ്ടുവരു."

"എന്തിനാണു് വെറുതെ അവരെ ബുദ്ധിമുട്ടിക്കുന്നതു്? ഇവിടെ അങ്ങിനെ ഒരാൾ ആവശ്യമുണ്ടെങ്കിൽ, ഡോക്ടർ ആ 'നർസി'നെ ഇങ്ങോട്ടയച്ചുതരും.

"ഒരാളെ കിട്ടുവാനുള്ള ദൌല്ലഭ്യംകൊണ്ടല്ല ഞാനീ പറയുന്നതു്. സുലോചന ഇവിടെ വന്നാൽ എനിക്കു സന്തോഷവും സമാധാനവുമുണ്ടു്."

ഞാൻ ആ രാത്രി ഉറങ്ങിയതേയില്ല. നാനാതരം

ചിന്തകളാൽ എൻെറ ഹൃദയം വ്യാകുലപ്പെട്ടുകൊണ്ടിരുന്നു.

ഒരാഴ്ചയ്ക്കകം സുലോചന വന്നുചേൎന്നു. ഒരു 'ജട്ക' വന്നു നില്ക്കുന്നതും, പെട്ടികൾ ഇറക്കിവെയ്ക്കുന്നതും, അതിഥിസ്വീകരണത്തിൽ കല്യാണിയുടെ ചെറുകോലാഹലവും ഞാൻ മുറിയിൽ കേട്ടു. പുറത്തു പോയി സ്വാഗതം പറയുവാൻ വിമല എന്നോടാവശ്യപ്പെട്ടു. പക്ഷേ, ഞാൻ മരുന്നുകുപ്പികളും, ഔൺസ്ഗ്ലാസും മാററിയും മറിച്ചും വെച്ചുകൊണ്ടു് അവിടെത്തന്നെ ഇരുന്നു. പുറത്തു പോയി അവളെ തനിയെ കണ്മാൻ എനിക്കു ധൈൎയ്യമുണ്ടായിരുന്നില്ല. സുലോചന കല്യാണിയൊന്നിച്ചു മെല്ലെ ആ മുറിയിലേയ്ക്കു വന്നു. വിമല, ഹൎഷവികസിതമായ കണ്ണുകളോടുകൂടി കൈനീട്ടിക്കൊണ്ടു വിളിച്ചു,

"സുലൂ!"

"ശ്രീമതി!" പറഞ്ഞുകഴിയുന്നതോടുകൂടി സുലോചന കട്ടിലിന്നരികിലെത്തി. ആ സ്നേഹിതമാരുടെ പ്രഥമദൎശനത്തിൽ നിന്നുദിച്ച സ്നേഹചാപലങ്ങൾക്കിടയിൽ ഞാൻ ആ മുറിയിൽനിന്നു പുറത്തേയ്ക്കു പോന്നു.

വിമല വരുത്തിക്കൂട്ടിയ ദുൎഘടം നോക്കണേ! ക്ഷോഭിച്ചുകൊണ്ടിരുന്ന ഹൃദയസരസ്സ് ഇതാ, ശാന്തമായിത്തുടങ്ങുന്നതേ ഉള്ളു. ഛിന്നഭിന്നമായി അതിൽ നിഴലിച്ചു കണ്ടിരുന്ന വിമലയുടെ മുഖചന്ദ്രൻ ഇതാ, തെളിയുവാൻ തുടങ്ങുന്നതേയുള്ളു. അപ്പോഴേയ്ക്കും അവൾതന്നെ അതിലേയ്ക്കു് എന്തിനാണു് കല്ലെറിഞ്ഞതു്? ഈ നശ്വരമായ ലോകജീവിതം ശാന്തവും സ്നേഹപൂൎണ്ണവുമാക്കാനുള്ള മ

നഷ്യഹൃദയത്തിൻെറ പരിശ്രമങ്ങൾ എങ്ങിനെ വിഫലമായിത്തീരുന്നു!

അന്നുമുതൽ ദിനംപ്രതി ആ ഗൃഹത്തിന്നുള്ളിൽ നിശ്ശബ്ദമായി കഴിയാറുള്ള ഓരോ നിസ്സാരസംഭവങ്ങളും രണ്ടു ജീവിതങ്ങളെ ബലമായി ക്ഷോഭിപ്പിച്ചു. ഒരു വളക്കിലുക്കമോ, ഒരു കാൽപ്പെരുമാററമോ കേട്ടാൽമതി, ഹൃദയം കിടന്നു പിടയ്ക്കാൻ! ഞാൻ കഴിയുന്നതും ഹൃദയവികാരങ്ങളെ അമത്തിനിർത്തുവാൻ നോക്കി. പക്ഷേ, വെള്ളത്തിന്നുള്ളിൽ മുങ്ങിപ്പോവുകയാൽ അപ്രാപ്യമായ ഒരു താമരപ്പൂവിന്നു മീതെ ഒരു ഭ്രമരമെന്നോണം, ഏതോ ആകർഷണശക്തിയാൽ എൻെറ തരളിതഹൃദയം ആ കൊച്ചുവിഗ്രഹത്തിന്നു ചുററും ചുഴന്നുകൊണ്ടിരുന്നു. എപ്പോഴെങ്കിലും നോട്ടങ്ങൾ ഇടഞ്ഞാൽ രണ്ടുപേക്കും മുഖംതുടുക്കും. രാഗസമ്മിളിതമായ കടാക്ഷങ്ങൾ ഹൃദയത്തിൻെറ ചുംബനങ്ങളാണ്.

എന്നാൽ വിമലയുടെ മുമ്പിൽവെച്ചു സുലോചനയോടു ശുശ്രൂഷാസംബന്ധമായി വല്ലതും പറയുന്നതിന്നുകൂടി സങ്കോചം കാണിച്ചാൽ വിമല വല്ലതും ധരിച്ചെങ്കിലോ എന്നു ശങ്കിച്ച്, ഞാൻ, 'അതിങ്ങോട്ടെടുക്കൂ', 'ഇതങ്ങോട്ടുവയ്ക്കൂ' എന്നുംമററും സധൈര്യം പറയുക പതിവുണ്ട്.

പുറത്തെവിടെയോ പോയി സന്ധ്യയ്ക്കു വീട്ടിൽ മടങ്ങിവന്നപ്പോൾ വിമലയുടെ ദീനദീനമായി വിനിഗ്ഗളിക്കുന്ന പൊട്ടിച്ചിരികൾ മുറിക്കുള്ളിൽനിന്നു കേട്ടു. ഞാൻ സന്തോഷത്തോടെ മുറിയുടെ വാതുക്കലോളം ചെന്നു. വി

മല അകത്തുനിന്നു വിളിച്ചു: "ഇതാ, ഇങ്ങോട്ടൊന്നു വ രു. വേഗം വരണേ!"

അകത്തു കടന്നപ്പോൾ കിടയ്ക്കമേൽ വിമലയുടെ ചെറിയ പെട്ടി തുറന്നുവെച്ചിരിക്കുന്നതായിക്കണ്ടു. അതിൽനിന്നു ചില കണ്ഠാഭരണങ്ങളും, കൈവളകളും മററും അവൾ പുറത്തെടുത്തുവെച്ചിരുന്നു. ഒരു മാല്യമെടുത്തു വിമല സുലോചനയുടെ കഴുത്തിലണിയിച്ചിട്ടുണ്ട്. സുലോചന അതു കഴുത്തിൽനിന്ന് എടുക്കുവാൻ ശ്രമിച്ചിരുന്നു. പക്ഷേ, വിമല അത് അവിടെത്തന്നെ ബലമായി അമത്തിപ്പിടിച്ചു.

ആ കണ്ഠാഭരണം വിവാഹാവസരത്തിൽ ഞാൻ വിമലയെ അണിയിച്ച വിവാഹമാല്യമാണ്.

ഇതു സംബന്ധമായുണ്ടായ നേരമ്പോക്കുകളാണ് ഞാൻ മുമ്പു കേട്ടത്. ഞാൻ പെട്ടെന്ന് അവിടെനിന്നു മാറിപ്പോകുമ്പോൾ, വിമല പറയുന്നതു കേട്ടു:

"ഹാ! ഇതു നിൻെറ കഴുത്തിന്ന് എന്തൊരു ഭംഗിയാണ്! ഇതു വാസ്തവത്തിൽ, എന്നേക്കാൾ നിണക്കാണ് അധികം യോജിക്കുക."

ഹൃദയത്തിൽ ഒരടിയേററതുപോലെ ഞാൻ എൻെറ മുറിയിൽച്ചെന്നു കിടക്കമേൽ വീണു. ക്രമേണ ഏകാന്തത എല്ലാ ദിക്കിലും വ്യാപിച്ചു. രാത്രിയുടെ ഭയങ്കരത ക്രമേണ എൻെറ ഹൃദയത്തിലേയ്ക്കും വ്യാപിച്ചു. ചക്രവാളത്തിൽ മങ്ങിക്കാണാമായിരുന്ന ഒരു നക്ഷത്രം ഒരു പിശാചിൻെറ തീവ്രനേത്രംപോലെ എന്നെ തുറിച്ചുനോ-

ക്കി. ഹൃദയത്തിൽ അകാരണമായുണ്ടായ ഭയപ്പാടോടു കൂടി ഞാൻ കണ്ണുചിമ്മി.

പെട്ടെന്നു ഞാൻ ഞെട്ടിയുണൎന്നു. സുലോചന വാതിൽക്കൽ മുട്ടിക്കൊണ്ടു് എന്നെ വിളിച്ചിരുന്നു. ഞാൻ വാതിൽ തുറന്നപ്പോൾ, "ഒന്നു ചുവട്ടിലോളം വരൂ. ജ്യേഷ്ഠത്തിയ്ക്കെന്തോ, സുഖമില്ലെന്നു തോന്നുന്നു."

ഞാൻ വന്നു നോക്കിയപ്പോൾ, വിമലയുടെ സ്ഥിതി ഭയജനകമായിരുന്നു. ദേഹം വല്ലാതെ തണുത്തിരുന്നു. അൎദ്ധനിമീലിതങ്ങളായ കണ്ണുകളിൽ ഒരുതുള്ളി ചോരപോലുമുണ്ടായിരുന്നില്ല. പരിഭ്രാന്തചിത്തനായി ഞാൻ ഡോക്ടരുടെ ഗൃഹത്തിലേയ്ക്കോടി.

ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ വിമല കണ്ണുതുറന്നു. എന്റെ കൈപിടിച്ചു ഡോക്ടരോടു പൊയ്ക്കോൾവാൻ അവൾ ആംഗ്യം കാണിച്ചു. അയാൾ മുറിയിൽ നിന്നു പുറത്തേയ്ക്കു പോയി.

"ഹേമചന്ദ്രാ! അയാളോടു പോകാൻ പറയൂ. എന്റെ ഒടുവിലത്തെ അപേക്ഷ നിങ്ങൾ കേൾക്കുകയില്ലേ? അയാൾ പുറത്തു നില്ക്കുന്നുണ്ടു്."

ഞാൻ ഡോക്ടരെ എന്റെ മുറിയിലേയ്ക്കയച്ചു് അവളുടെ അരികിലേയ്ക്കു ചെന്നു.

"ഹേമചന്ദ്രാ! എനിക്കിനി അധികനേരം ഇവിടെ ഇരിക്കേണ്ടതില്ല. എനിക്കിതാ, നിങ്ങളെ പിരിഞ്ഞുപോകേണ്ടിവന്നിരിക്കുന്നു. അതു മാത്രമേ എനിക്കു വ്യസനമുള്ളു."

പറയുന്നതിന്നിടയ്ക്കു് അവൾക്കൊരു ശ്വാസംമുട്ട ലുണ്ടായി.

"അതാ, കണ്ടുവോ? നിങ്ങൾ എന്തിനാണു് കരയുന്നതു്? എന്നോടെന്തെങ്കിലും പറയൂ. ഞാൻ നിങ്ങളുടെ ശബ്ദം കേട്ടുകൊണ്ടു മരിക്കട്ടെ."

"സുലു! കരയാതെ ഒന്നിങ്ങോട്ടു നീങ്ങിയിരിയ്ക്കൂ. നിൻെറ കൈ ഒന്നിങ്ങോട്ടു കാണിയ്ക്കൂ. ഹേമചന്ദ്രാ! നിങ്ങളുടെ കൈയും."

ഞാൻ ഏങ്ങി ഏങ്ങിക്കരഞ്ഞുകൊണ്ടിരിക്കുമ്പോൾ വിമല എൻെറ കൈപിടിച്ചു സുലോചനയുടെ കൈത്തലത്തിലർപ്പിച്ചു.

"ഇതാ, ഹേമചന്ദ്രനെ ഞാൻ നിനക്കേല്പിച്ചു തരുന്നു. നിങ്ങൾ ആ പുഴവക്കിലേയ്ക്കു പോകുമ്പോൾ ഞാനുമുണ്ടായിരിയ്ക്കും. പക്ഷേ, അതു നിങ്ങൾ അറിയുകയില്ല. ......ഞാൻ ഇപ്പോൾ......പോകുന്നു......ഹേമചന്ദ്രാ! ......ഇതാ......ഈ മോതിരം...... സുലോചനയ്ക്കുതന്നെ ......തിരികെ......"

വിമല അവസാനമായി എൻെറ മുഖത്തേയ്ക്കു ദൃഷ്ടികൾ ഉയൎത്തി. സുലോചനയുടെയും എൻെറയും കരങ്ങൾ തൻെറ മാറിടത്തിൽ ചേൎത്തുവെച്ചുകൊണ്ടു വിമല ഇഹലോകവാസം വെടിഞ്ഞു.

മരണത്തിൻെറ നിശ്ശബ്ദത ആ ഗൃഹത്തിലെല്ലാം വ്യാപിച്ചു.

# വാഗ്ദാനം

'സുമതി'യും 'കൃഷ്ണദാസ'നും ആ പ്രദേശത്തു താമസം തുടങ്ങിയിട്ടു പത്തുപതിനഞ്ചുകൊല്ലമായി. ഒന്നു രണ്ടു കൊല്ലത്തോളം സ്ഥിരമായി ഒരു ദിക്കിലും താമസിക്കാതെ അവർ പല സ്ഥലങ്ങളിലുമായി സഞ്ചരിച്ചുകൊണ്ടിരുന്നു. അവക്ക് ഒരു പുത്രി ജനിച്ചതിന്നുശേഷം ആ ചെറിയ പട്ടണത്തിൽ ഒരു ഗൃഹം വാങ്ങി അവിടെ താമസമുറപ്പിച്ചു. 'നന്ദിനി' എന്നു പേരായ അവരുടെ ഏകപുത്രിക്ക് ഇപ്പോൾ പത്തുപതിനാറു വയസ്സായി. സ്വഗൃഹങ്ങളിൽനിന്നും സമുദായത്തിൽനിന്നും ബഹിഷ്കൃതരായ അവർ ആ ഗൃഹത്തിൽ സമാധാനത്തോടെ ജീവിതം കഴിച്ചുപോന്നു.

സുമതിയുടെ അച്ഛൻ ഒരു പ്രഭുകുടുംബത്തിലെ അംഗമായിരുന്നു. അദ്ദേഹവും, ആ ഗ്രാമത്തിൽ അന്നു താമസിച്ചിരുന്ന കൃഷ്ണദാസനും അന്യോന്യം പരിചിതരാകുവാൻ ഇടയായി. കൃഷ്ണദാസന്നു കൃഷിശാസ്ത്രത്തിൽ ഉന്നതവിദ്യാഭ്യാസം ലഭിച്ചിരുന്നതുകൊണ്ടു്, അതുസംബന്ധമായി ചില ഗവേഷണങ്ങൾ ചെയ്യാനായിട്ടാണ് അയാൾ ആ ഗ്രാമത്തിൽ താമസമാക്കിയിരുന്നതു്.

വിവാഹിതനായിരുന്നുവെങ്കിലും പത്നി സ്വഗൃഹത്തിലായിരുന്നതുകൊണ്ടു് അയാൾ അവിടെ ഏകനായി താമസിക്കയായിരുന്നു. വൃദ്ധനായ പ്രഭുവിന്നു കൃഷ്ണദാസനിൽ അസാമാന്യമായ സംതൃപ്തി ജനിച്ചു. അയാൾ പലപ്പോഴും കൃഷ്ണദാസനെ സ്വഗൃഹത്തിലേയ്ക്കു ക്ഷണിക്കുകയും, അയാളിൽ അമിതമായ വാത്സല്യം പ്രദർശിപ്പിക്കു

കയും ചെയ്തു. പരിഷ്കൃതരീതിയിൽ ജീവിതം നയിച്ചുപോന്ന ആ പ്രഭുഗൃഹവുമായുള്ള സമ്പർക്കം, ആ ഗ്രാമജീവിതത്തിലെ വിരസതയേയും തന്റെ പ്രവൃത്തിയുടെ പരിശുഷ്കതയേയും ഇല്ലാതാക്കുവാൻ കൃഷ്ണദാസനെ സഹായിച്ചു.

ആ കുടുംബാംഗങ്ങളുമായി അയാളുടെ കേവലം സൌഹാർദ്ദപരമായിരുന്ന ബന്ധം, ക്രമേണ പ്രസന്നവദനയും സ്നേഹശീലയുമായിരുന്ന സുമതിയെസ്സംബന്ധിച്ചു രൂപാന്തരപ്പെട്ടുതുടങ്ങി. ഈ ഭാവഭേദം, അതിന്റെ യഥാർത്ഥരൂപത്തിൽ തനിക്കുതന്നെ വ്യക്തമായി അനുഭവപ്പെട്ടുതുടങ്ങിയപ്പോൾ, ഏതൽഫലമായി സൌഹൃദത്തിന്റെ സീമയെ അതിലംഘിക്കുന്നതിനെ തന്നെത്താൻ തടഞ്ഞുനിൎത്തുവാൻ അയാൾ ആവുംപാടും ശ്രമിച്ചുനോക്കി. പക്ഷേ, താൻ അതിൽ പരാജയപ്പെടുന്നതായി അയാൾക്കു തോന്നി. മറെറാരു വ്യക്തിയോടുള്ള കൎത്തവ്യബോധത്താൽ അയാളുടെ ഹൃദയം ഭയപ്പെട്ടു. എന്നാൽ ആ ഭയപ്പാടോടുകൂടിത്തന്നെ, അനിവ്വചനീയമായ ഒരാനന്ദാനുഭൂതി, പുഷ്പങ്ങളിൽ മധുവെന്നപോലെ, അയാളുടെ ആത്മാവിൽ ഊറിനിന്നു. ഏതായാലും ജീവിതാന്തരീക്ഷത്തിൽ ആദ്യമായുണ്ടായ ആ മഹനീയോദയത്തിന്റെ സുവൎണ്ണകിരണങ്ങൾക്കായി തന്റെ ഹൃദയം അയാൾ മലക്കെ തുറന്നുവെച്ചു. ആത്മാവിനെ ആവരണം ചെയ്തിരുന്ന ഒരു മൂടൽമഞ്ഞു ക്രമേണ നീങ്ങിയകന്നുപോയി. ആ പ്രേമകഥയെ ആവരണം ചെയ്തിരുന്ന രഹസ്യയവനിക, മെല്ലെ മെല്ലെ, അപ്രത്യക്ഷമായി. ആ ഗൃഹത്തിലുള്ളവൎക്കെല്ലാം അതു് അറിവായി. അവിടെയും നില്ക്കാതെ, ആ ഗൃഹത്തിന്നു ചുററുമുള്ള കന്മതിലു

കളും ഭേദിച്ച് അതു പുറത്തു കടന്നു. അല്പകാലത്തിനു ള്ളിൽ, ആ ഗ്രാമത്തിലുള്ള മിക്ക ഗൃഹങ്ങളും അതറിഞ്ഞു വശായി.

ആ പ്രഭുവിനെ ഈ സംഗതി വ്യഥിതചിത്തനാക്കി. അയാളുടെ കോപാവേശം ആദ്യമായി കൃഷ്ണദാസന്റെ നേക്കാണ് ഒഴുകിച്ചെന്നതു്. തന്റെ അന്തഃപുരത്തിലേയ്ക്കു് വാത്സല്യസമേതം നല്കിയ സ്വാഗതത്തെ, ഇങ്ങിനെ കൃഷ്ണദാസൻ ദുരുപയോഗപ്പെടുത്തിയതോർത്തു് ആ വൃദ്ധൻ കോപകലുഷിതനായി. പക്ഷേ, അയാൾ അതിനെക്കുറിച്ച് ഒന്നും ആക്ഷേപിക്കയോ പ്രസ്താവിക്കയോ ഉണ്ടായില്ല. സുമതിയെ ഈ അനാശാസ്യമായ വേഴ്ചയിൽനിന്നു വിരമിപ്പിക്കുവാൻ ആ പിതാവു പലതും ശ്രമിച്ചുനോക്കി. പക്ഷേ, അവൾ അചഞ്ചലഹൃദയയായി കാണപ്പെട്ടു. വിവാഹിതനും, കുടുംബപ്രശസ്തിയെസ്സംബന്ധിച്ച് എത്രയോ താണപടിയിൽ നില്ക്കുന്നവനുമായ ഒരുവനുമായി ഇത്തരം സ്നേഹബന്ധത്തിലേപ്പെടുന്നതിന്റെ അത്ഥശൂന്യതയെക്കുറിച്ച് അയാൾ ഗുണദോഷിച്ചു. പിതാവു് അവളെ ഉപദേശിച്ചുനോക്കി. അവസാനമായി, അയാളുടെ സ്വത്തുക്കളിൽ സുമതിക്കുള്ള എല്ലാ അവകാശങ്ങളേയും ഇല്ലാതാക്കുമെന്നു ഭീഷണിപ്പെടുത്തി. എന്നാൽ, ശാന്തശീലയും സുദൃഢചിത്തയുമായ സുമതി, പിതാവിന്റെ ഉപദേശവചനങ്ങളും, ഭീഷണിവാക്കുകളും നമ്രവദനയായി കേട്ടുനിന്നതേ ഉള്ളു. ഒടുവിൽ, ഒരു ദിവസം പ്രഭാതത്തിൽ, പിതാവിന്റെ ക്രോധജല്പനങ്ങളോടും, മാതാവിന്റെ സ്നേഹാപേക്ഷകളോടും, സഹോദ

രിമാരുടെ അശ്രുധാരകളോടും, തൊഴുകൈയോടെ, യാത്രചോദിച്ച സുമതി ആ ഗൃഹം വിട്ടിറങ്ങിപ്പോയി. അതിന്നുശേഷം, സുമതി പിതൃഗൃഹത്തിലേയ്ക്കു പോകുകയോ, അവർ അവളെക്കുറിച്ചന്വേഷിക്കുകയോ, ഉണ്ടായിട്ടില്ല.

അതു കഴിഞ്ഞ് ഇപ്പോഴേയ്ക്കു പതിനെട്ടുവർഷങ്ങളായി.

ആദ്യകാലങ്ങളിൽ ബന്ധുമിത്രങ്ങളുടെ കർക്കശമായ ശകാരങ്ങളും, സമുദായത്തിൻെറ പുറംതള്ളലും അവരെ അമിതമായ നിലയിൽ അസ്വസ്ഥചിത്തരാക്കി. നന്ദിനി ജനിച്ചതിന്നുശേഷം, അവർ സ്ഥിരമായി, ആ പട്ടണത്തിൽ താമസമാക്കി.

സ്വപത്നിയെക്കുറിച്ചുള്ള അനുകമ്പാപൂർവ്വമായ ചിന്ത ചിലപ്പോഴെല്ലാം അയാളെ അസ്വാസ്ഥ്യപ്പെടുത്തിയില്ലെന്നില്ല.

സുമതിയുടേയും കൃഷ്ണദാസൻെറയും ഈ ഉത്തമമല്ലാത്ത ജീവിതത്തിൻെറ പ്രതിഫലനങ്ങൾ, നന്ദിനിയുടെ ജീവിതത്തിൻെറ പല ഭാഗങ്ങളേയും ബാധിക്കാതിരുന്നില്ല. വിവാഹഘട്ടം അടുത്തിരിക്കുന്ന ആ പെൺകുട്ടിയുടെ ഭാവിജീവിതത്തിന്ന് ഇതു ഹാനികരമായിത്തിരുമോ എന്ന് ആ അച്ഛനമ്മമാർ ഭയപ്പെട്ടു. തൻെറ പിതാക്കളുടെ അപ്രശസ്തജീവിതത്തെക്കുറിച്ച് അവളോട് ആരും പറകയുണ്ടായില്ല. എന്നാൽ, അവൾക്കു പല ആശങ്കകളും ജനിച്ചു. സ്നേഹിതകളും മററയൽവാസികളായ സ്ത്രീകളുമായുള്ള പരിചയങ്ങളിൽനിന്ന്, ത

ന്നെസ്സംബന്ധിച്ച് എന്തോ പന്തികേടുണ്ടെന്ന് അവൾ ക്കു തോന്നിട്ടുണ്ട്. വിവാഹവേളകളിലോ, മററുവല്ല ഗൃഹോത്സവസന്ദർഭങ്ങളിലോ അവൾക്കു പോകേണ്ടിവന്നാൽ, അവൾ അവിടെനിന്നു പുറംതിരിയുന്നതോടുകൂടി ഒരായിരം സംശയം പുരണ്ട സഹതാപദൃഷ്ടികൾ മുതുകത്തുവന്നു പറുന്നതായി അവൾക്കു തോന്നീട്ടുണ്ട്. ഒരു പക്ഷേ, തൻെറ ഭാവചേഷ്ടകളിലുള്ള സ്വാരസ്യക്കുറവോ, വേഷഭൂഷാദികളിലുള്ള ഔചിത്യക്കേടോ ആയിരിക്കുമോ ഇതിന്നു കാരണമെന്ന് ആ സാധുപ്പെൺകുട്ടി പലകുറി സംശയിച്ചിട്ടുണ്ട്. പക്ഷേ, അവളുടെ സംശയങ്ങൾക്കു നിവൃത്തിയുണ്ടായി. ഒരുദിവസം കൃഷ്ണദാസൻ നന്ദിനിയെ വിളിച്ച് എല്ലാ കഥകളും പറഞ്ഞുകൊടുത്തു. താനും സുമതിയും ഇപ്പോഴും വിവാഹിതരല്ലെന്നും തൻെറ പത്നി ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്നും കൃഷ്ണദാസൻ നന്ദിനിയോടു പറഞ്ഞു.

അന്നു രാത്രി ചിന്താധീനയായി അവൾ കട്ടിലിൽ കിടന്നു. സ്വതന്ത്രശീലയും, പിതാക്കളുടെ വാത്സല്യഭാജനവുമായിരുന്ന നന്ദിനിക്ക്, അവരുടെ പ്രവൃത്തിയെക്കുറിച്ച് അല്പമെങ്കിലും അസുഖമോ, അസംതൃപ്തിയോ ഉണ്ടായതായി തോന്നിയില്ല. സുമതിയുടേയും കൃഷ്ണദാസൻേറയും അന്യോന്യമുള്ള ഗാഢാനുരാഗത്തെയോർത്തു യുവതിയായ ആ പെൺകുട്ടിക്ക് അതിശയവും അത്ഭുതവും തോന്നിട്ടുണ്ട്. പുത്രിയായ തനിക്കുകൂടി അച്ഛനമ്മമാർ സ്വൈരവാസം ചെയ്തുപോന്ന ആ വിചിത്രലോകത്തിൻെറ പുറംതിണ്ണയോളമേ ചെല്ലുവാൻ സാധിച്ചുള്ളു.

അവർ അവളെ സ്നേഹിച്ചു—അവർ അന്യോന്യം ആരാധിച്ചു. അമ്മയോടുള്ള ഗാഢസ്നേഹത്തെസ്സംബന്ധിച്ചു ഹൃദയാന്തർഭാഗത്തുള്ള ഒരഭിനന്ദനത്തോടു സമ്മേളിച്ചു പിതൃസ്നേഹം, അദ്ദേഹത്തിൻെറ പ്രവൃത്തിയെക്കുറിച്ചു ചോദ്യംചെയ്യാനോ കുററാരോപണം ചെയ്യാനോ അവളെ ഒരുതരത്തിലും പ്രേരിപ്പിച്ചില്ല.

അങ്ങിനെ പതിനാറുകൊല്ലം അവൾ അവിടെത്താമസിച്ചു.

ഒരുദിവസം ഒരവിചാരിതസംഭവം നന്ദിനിയെ ഉദ്വിഗ്നഹൃദയയാക്കിത്തീർത്തു. അവൾക്കു് ഒരെഴുത്തു കിട്ടി. മുററത്തുള്ള കല്ലുബഞ്ചിന്മേൽ ഇരുന്നുകൊണ്ടു് അവൾ അതു വായിച്ചു. അതു വായിച്ചുകഴിഞ്ഞതോടുകൂടി അവൾ കമ്പിതഗാത്രിയായി. അവളുടെ ഫാലപ്രദേശത്തു വിയർപ്പുതുള്ളികൾ പൊടിഞ്ഞു.

അവൾ വായിച്ചതു് ഇതാണു്:

"പ്രിയപ്പെട്ട കുട്ടീ,

ഇതെഴുതുന്ന ആളെ നീ അറിയുകയില്ല. പക്ഷേ, നിൻെറ അച്ഛന്നു വിവാഹിതയായ ഒരു പത്നിയുള്ളതു നീ അറിഞ്ഞിട്ടുണ്ടോ? അതു നിന്നോടു് അദ്ദേഹം പറഞ്ഞിട്ടുണ്ടോ എന്നു് എനിക്കറിഞ്ഞുകൂട. ഏതായാലും ആ നിർഭാഗ്യവതിയായ സ്ത്രീയാണു് ഞാൻ. കുറച്ചുകാലമായി ഞാൻ രോഗബാധിതയായിക്കിടക്കുകയാണു്. നിന്നെ ഒന്നു കാണണമെന്നു് എനിക്കു മോഹമുണ്ടു്. നിൻെറ അച്ഛൻ അനുവദിക്കുന്നപക്ഷം നീ എൻെറ അടു

ക്കലേയ്ക്കു വരുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്നു

ഭാഗ്യഹീനയായ ഭാമ."

അവൾ എഴുന്നേററു നേരെ കൃഷ്ണദാസൻെറ അരികിലേയ്ക്കു ചെന്നു. അവളുടെ അച്ഛൻ ആ എഴുത്തു വായിക്കുമ്പോൾ, നന്ദിനി നിർന്നിമേഷാക്ഷിയായി അയാളുടെ മുഖത്തുതന്നെ നോക്കിക്കൊണ്ടു നിന്നു. അയാൾ യാതൊരു ഭാവഭേദവുംകൂടാതെ ആ കത്തു മുഴുവൻ വായിച്ചു. അതു മെല്ലെ മടക്കി അയാൾ അവൾക്കുതന്നെ തിരികെ കൊടുത്തു. കസാലയുടെ പിന്നിലേയ്ക്കു ചാരിക്കിടന്ന്, അല്പം നരച്ചുതുടങ്ങിയ ശിരസ്സു കൈകൊണ്ടു മെല്ലെ തടവിക്കൊണ്ട് അയാൾ പറഞ്ഞു:

"അവൾക്കു സുഖക്കേടാണ്, അല്ലേ? പാവം! ഭാമ ഒരു സാധുപ്രകൃതിയാണ്. എനിക്ക് ഒരിക്കലും അവളോട് ഒരു അനിഷ്ടം തോന്നിയിട്ടില്ല."

നന്ദിനി ചുരുട്ടിപ്പിടിച്ച കത്തിലേയ്ക്കു നോക്കിക്കൊണ്ടു ചോദിച്ചു:

"ഞാൻ എന്തു ചെയ്യണമെന്നാണ് അച്ഛൻ പറയുന്നത്?"

കൃ. ദാ.—"നിനക്കു പോകേണമെന്നുണ്ടെങ്കിൽ, ഞാൻ ഒരിക്കലും തടസ്ഥം പറകയില്ല; ഇതിൽ നിൻെറ ഇഷ്ടംപോലെ ചെയ്യുന്നതിന്നു വിരോധമില്ല."

നന്ദിനി—"എനിക്ക് അവരുടെ അടുക്കലേയ്ക്കു പോകണമെന്നുണ്ട്."

കൃ. ദാ.—"ശരി, പോയ്ക്കൊള്ളൂ. കുറുസമയം, ഈ രോഗാവസ്ഥയിൽ നീ അവൾക്കൊരു സഹായമായിരിക്കും."

പിറേറന്നുതന്നെ ദാസിയേയും, വൃദ്ധനായ ഭൃത്യനേയുംകൂട്ടി നന്ദിനി ഭാമയുടെ ഗൃഹത്തിലേയ്ക്കു പുറപ്പെട്ടു.

ഭാമയുടെ ഗൃഹത്തിലേയ്ക്കു പോകേണ്ടതെങ്ങിനെയാണെന്നും, ആ ഗൃഹം പട്ടണത്തിൽ എവിടെയാണെന്നും കൃഷ്ണദാസൻ പുത്രിക്കു വിശദമായി പറഞ്ഞുകൊടുത്തിരുന്നു. ആ ചെറിയ വീടു കൃഷ്ണദാസന്റെ അച്ഛൻ അഗതിയായ ഭാമയ്ക്കു നൽകിയ ദാനമാണു്. അധികം ജനബഹുലമല്ലാത്ത ഒരു പ്രദേശത്താണു് അതു സ്ഥിതിചെയ്തിരുന്നതു്. അല്പം പഴക്കംചെന്നതും, സാമാന്യം ഭംഗിയുള്ളതുമായ ആ ഗൃഹത്തിന്നുചുററും ഒരു ഉയരംകുറഞ്ഞ മതിൽക്കെട്ടും, പുരോഭാഗത്തു ക്ഷയിച്ചുതുടങ്ങിയ ഒരു പൂന്തോട്ടവുമുണ്ടു്. ഗൃഹത്തിന്റെ ഇരുഭാഗങ്ങളിലും പിൻപുറത്തും അങ്ങിങ്ങായി നിന്നിരുന്ന വൃക്ഷങ്ങളുടെ വളർന്നുതൂങ്ങിയ ശിഖരങ്ങൾ, അവയുടെ ശ്യാമളച്ഛായകൾ ആ ഗൃഹാഗ്രഭാഗങ്ങളിൽ വീഴ്ത്തിക്കൊണ്ടിരുന്നു. അതിന്റെ മിക്ക ജനലുകളും ബന്ധിച്ചിട്ടുണ്ടു്. മററുള്ളവ യവനികകളാൽ മൂടപ്പെട്ടിരുന്നു. നിശ്ശബ്ദമായ ആ ഗൃഹത്തിന്നുമുമ്പിൽ നന്ദിനിയുടെ 'ജട്ക്ക' വന്നുനിന്നു. കൽവിരിയിൽക്കൂടി ചക്രങ്ങൾ ഉരുളുമ്പോൾ ഉണ്ടാകുന്ന ശബ്ദം ആ ഗൃഹത്തെ ചൂഴ്ന്നുനിന്നിരുന്ന വൃക്ഷങ്ങളുടെ നിബിഡച്ഛായകൾക്കിടയിലൂടെ, ചുററുപാടും പ

ന്നുപോകുന്ന പക്ഷികളുടെ ചിറകടിശബ്ദങ്ങൾപോലെ മാറെറാലിക്കൊണ്ടു.

ക്ഷണത്തിൽ ഉമ്മറവാതിൽ തുറന്നു്, ഏകദേശം നാല്പതോളം വയസ്സു പ്രായംചെന്ന ഒരു സ്ത്രീ പുറത്തേയ്ക്കു വന്നു. ഒന്നുരണ്ടു കല്പടകൾ ഇറങ്ങിവന്നു് ആ സ്ത്രീ ചോദിച്ചു:

"നന്ദിനിയാണോ?"

നന്ദിനി—"അതെ."

സ്ത്രീ—"വരൂ, അകത്തേയ്ക്കു പോകാം."

പോകുമ്പോൾ ആ സ്ത്രീ പറഞ്ഞു: "അവൾ മുകളിലാണു് കിടക്കുന്നതു്." മുകളിൽ, സാമാന്യം ഇരുളടഞ്ഞ ഒരു വരാന്തയുടെ, അററത്തു സ്ഥിതിചെയ്തിരുന്ന ഒരു മുറിയുടെ വാതിൽ മെല്ലെ മെല്ലെ തുറന്നു് ആ സ്ത്രീ നന്ദിനിയെ അതിന്നുള്ളിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. നന്ദിനിക്കു് ഒന്നും നല്ലവണ്ണം കാണ്മാൻ കഴിഞ്ഞില്ല. ഒരു ചെറിയ കട്ടിലിൽ ഒരാൾ കിടക്കുന്നതു് അവൾ അവ്യക്തമായിക്കണ്ടു. നന്ദിനി ആ കട്ടിലിന്നരികിൽ ചെന്നു നിന്നു. ഒരു നിമിഷം കഴിഞ്ഞു മെല്ലെ, ഒരു ദീനസ്വരത്തിൽ ആ രോഗിണി ചോദിച്ചു:

"നീ വന്നു, അല്ലേ?"

നന്ദിനി—"ഉവ്വ്; ഞാനിതാ വന്നിരിക്കുന്നു."

അല്പനേരം നിശ്ശബ്ദമായി കിടന്നതിന്നുശേഷം ആ സ്ത്രീ പറഞ്ഞു:

"പാർവ്വതി! ആ ജനൽ ഒന്നു തുറക്കു. പാർവ്വതിയെ നീ അറിയുകയില്ല, അല്ലേ? അവൾ എന്റെ അച്ഛ

ൻെറ സഹോദരിയാണ്. എനിക്കിപ്പോൾ ഇവൾ മാത്രമേ ഉള്ളു."

അസ്തമനാക്കൻെറ അരുണശോഭ മുറിയിൽ പ്രവേശിച്ചതോടുകൂടി നന്ദിനിക്ക് എല്ലാം വ്യക്തമായി കാണ്മാൻ കഴിഞ്ഞു. ഒരു ചുകന്ന 'സാൽവ'കൊണ്ടു മദ്ധ്യഭാഗംവരെ ഭാമ പുതച്ചിട്ടുണ്ട്. നന്നെ കൃശമല്ലാതിരുന്ന അവളുടെ ദേഹം രോഗബാധകൊണ്ടു വിളത്തുകാണപ്പെട്ടു. ആഭരണങ്ങൾ ഒന്നും അവൾ അണിഞ്ഞിരുന്നില്ല. അല്പം മാംസളങ്ങളായ കവിൾത്തടങ്ങൾ വിളത്തും, അധരങ്ങൾ കറുത്തുമിരുന്നു. മുഷിഞ്ഞുപോയിരുന്ന അവളുടെ തലമുടി, കോതിയൊതുക്കാത്തതിനാൽ, ധൂസരമായി കാണപ്പെട്ടു. ഭാമയുടെ കണ്ണുകൾ വിശാലങ്ങളും, മനോഹരങ്ങളുമായിരുന്നു.

നന്ദിനിയെ കുറെനേരം ഇമവെട്ടാതെ നോക്കിയതിനുശേഷം, സാൽവത്തുമ്പുകൾ കിടക്കയുടെ വക്കത്തുനിന്ന് ഒതുക്കിക്കൊണ്ടു പറഞ്ഞു:

"ഇവിടെ ഇരിക്കൂ.!"

ഭാമ നന്ദിനിയുടെ കൈപ്പടം സ്വകരത്തിൽ ഗ്രഹിച്ച്, ആ കൈപ്പടത്തെ നോക്കി മെല്ലെ തടവിക്കൊണ്ടു പറഞ്ഞു:

"നിൻെറ കൈവിരലുകൾക്കു നിൻെറ അച്ഛൻെറ വിരലുകളുടെ ഛായയുണ്ട്.

ഭാമ പിന്നീടു പാർവ്വതിയെ വിളിച്ച്, നന്ദിനിക്കു ഭക്ഷണം കൊടുപ്പാനും, അവളുടെ മുറി കാണിച്ചുകൊടുപ്പാനും ഏല്പിച്ചു. മുറിയിൽനിന്നു നന്ദിനി പുറത്തു പോകുമ്പോൾ അവൾ പറഞ്ഞു:

"നീ വരുമെന്നു് എനിക്കു മുമ്പുതന്നെ അറിയാം."

പാർവ്വതിയുടെ നിർദ്ദേശപ്രകാരം അന്നു രാത്രി രോഗിണിയെ നന്ദിനി കാണ്മാൻ പോയില്ല. രാത്രി വളരെ വൈകുന്നതുവരെ അവൾ ചിന്തയിലാണ്ടു കിടന്നു. നാനാതരം ചിന്തകളാൽ അവളുടെ കൊച്ചുഹൃദയം തരളിതമായി.

പിറേറന്നു രാവിലെ അവൾ ഭാമയുടെ അരികിലേയ്ക്കു ചെന്നു. അന്നു് ആ രോഗിണിയുടെ മുഖത്തു് ഒരുന്മേഷച്ഛായയുണ്ടായിരുന്നു. അല്പനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം ആ സ്ത്രീ പറഞ്ഞു:

"നിന്റെ മുഖത്തിന്നു് അച്ഛന്റെ ഛായയില്ല."

നന്ദിനി—"എനിക്കു് അമ്മയുടെ ഛായയാണു്."

ഭാമ—"അതെ, ഞാനവരെ കണ്ടിട്ടുണ്ടു്, നിന്റെ അമ്മയെ. അതു് അവൾ നിന്നോടു പറഞ്ഞിട്ടില്ലേ?"

നന്ദിനി—"അവർ എന്നോടു് ഒന്നും പറഞ്ഞിട്ടില്ല."

"ഓ! അങ്ങിനെയാണല്ലേ?"

ഭാമ, മുഖം അല്പം ചുമരിന്നു നേരെ തിരിച്ചു. ആ ചുമരിന്മേലുണ്ടായിരുന്ന ചെറിയ ചെറിയ പുള്ളികളും പാടുകളും അവൾ കൈവിരൽകൊണ്ടു തൊട്ടുനോക്കി. മെല്ലെ നന്ദിനിയുടെ നേക്കു മുഖം തിരിച്ചു് അവൾ ചോദിച്ചു:

"നിണക്കു് എല്ലാം അറിയേണമെന്നുണ്ടോ?"

നന്ദിനിയോടു് എല്ലാം അവളുടെ അച്ഛൻ വിശദമായി പറഞ്ഞിരുന്നു, ആ പ്രേമസംഗതിയെക്കുറിച്ചു്.

അത് ഒരു പുരുഷൻെറ വിവരണമായിരുന്നു. അതിനെ ക്കറിച്ച് ആ സ്ത്രീയുടെ ഹൃദയമറിവാനുള്ള യൌവനോചിതമായ ജിജ്ഞാസയാൽ നന്ദിനി പറഞ്ഞു:

"ഉവ്വ്"

ഭാമ—"ഞാൻ നിൻെറ അച്ഛനെ ഞങ്ങളുടെ വിവാഹത്തിന്നു മുമ്പുതന്നെ അറിയും. ഹാ! ആ കാലങ്ങൾ!! എപ്പോഴെങ്കിലും രഹസ്യമായി കാണ്മാൻ സന്ദർഭം ലഭിച്ചാൽ, എൻെറ കൈകൾ പിടിച്ച് അരികിൽ മിണ്ടാതെ നിൽക്കും. അന്ന് അദ്ദേഹം ഒരു വിദ്യാർത്ഥിയായിരുന്നു. എനിക്കു മുഖത്തേയ്ക്കു നോക്കാൻ സാധിക്കില്ല. പക്ഷേ, എനിക്കു പറവാനുള്ളതെല്ലാം ഞാൻ എൻെറ എഴുത്തുകളിൽ പറയും. വിവാഹത്തിന്നു പിമ്പിലേക്കാൾ, അതിന്നു മുമ്പാണ് അധികവും എഴുത്തുകൾ എഴുതിയിരുന്നത്. എല്ലാം ഞങ്ങൾ അന്നുതന്നെ പറഞ്ഞു തീർത്തു."

ഒരു പുഞ്ചിരി ആ അധരങ്ങളിൽ സ്ഫുരിച്ചു. ഒരാനന്ദസ്മരണയാൽ നനഞ്ഞുപോയ വിശാലനയനങ്ങൾ അവൾ മെല്ലെ കൈവിരൽകൊണ്ടു തുടച്ചു.

ഭാമ—"ഒരെഴുത്തിൽ എനിക്കെഴുതി: 'നീ എന്നോട് ഇന്നലെ പെരുമാറിയത് ഓൎക്കുമ്പോൾ, ഞാൻ പോകുന്നതിന്നുമുമ്പു നിന്നെ കാണാതിരിക്കുന്നതാണ് നല്ലതെന്നു തോന്നുന്നു.' നോക്കു! എത്ര വേഗം മുഷിഞ്ഞുപോയി?"

നന്ദിനി—"നിങ്ങൾ എങ്ങിനെയാണ് പെരുമാറിയത്?"

ഭാമ—"അയ്യോ, അതൊന്നുമില്ല! എൻെറ അയൽ വീട്ടിൽ ഒരു കല്യാണമുണ്ടായിരുന്നു. അതിന്നു് അദ്ദേഹവും വന്നിരുന്നു. ബഹളമെല്ലാം കഴിഞ്ഞതിന്നുശേഷം അദ്ദേഹം അകത്തേയ്ക്കു കടന്നുവന്നു. ഞങ്ങളുടെ കൂട്ടത്തിൽ, അദ്ദേഹത്തിന്നു പരിചയമുള്ള വേറെയും സ്ത്രീകഠം ഉണ്ടായിരുന്നു. അവരോട്ട് ഉപചാരം പറവാൻ ഞങ്ങളുടെ അടുക്കലേയ്ക്കു വന്നു. പക്ഷേ, ഞാൻ അദ്ദേഹത്തോട്ട് ഒന്നും സംസാരിച്ചില്ല. കണ്ടതായിക്കൂടി നടിച്ചില്ല. പെൺകുട്ടികഠംക്കു് ഇടയ്ക്കുള്ള ചില ചാപല്യങ്ങഠം!! അത്രയേ ഉള്ളു. അപ്പോഴേയ്ക്കും മുഖം ചുവന്നുപോയി. പിന്നീട്ടു് അവിടെനിന്നു പോകുന്നതുവരെ കൈകഠം മാറത്തുകെട്ടി, ചുമർചാരി, എന്നെ തുറിച്ചു നോക്കിക്കൊണ്ടു നിന്നു."

ശക്തിക്ഷയത്താൽ ഭാമയ്ക്കു് ഇടയ്ക്കിടെ നിൎത്തേണ്ടി വന്നു. നന്ദിനി മിണ്ടാതിരുന്നു. ഒരു വശത്തേയ്ക്കു് അല്പം ചെരിഞ്ഞു് അവഠം തുടൎന്നു:

"പക്ഷേ, അതെല്ലാം വേഗത്തിൽ ശരിപ്പെട്ടു. പിന്നീടുള്ള കഥ്യെഴുത്തിൽ, ആവൂ! എനിക്കതെല്ലാം കാണാപ്പാഠമാണു്. എൻെറ ഹൃദയം സന്തോഷംകൊണ്ടു നിറഞ്ഞു. അടുത്ത വേനൽക്കാലത്തു ഞങ്ങളുടെ വിവാഹം കഴിഞ്ഞു.

പിന്നെ വളരെക്കാലം ഞങ്ങഠം ഒന്നിച്ചു താമസിച്ചു. അന്നൊക്കെ പ്രവൃത്തികഠംക്കായി പല സ്ഥലത്തും പോകും. എന്നാൽ ക്ഷണത്തിൽ തിരിച്ചു വരും. അങ്ങിനെ പോകുന്ന കൂട്ടത്തിൽ, ഒരു കുറി ആ ഗ്രാമത്തിലേയ്ക്കു പോയി......അവിടെ നിൻെറ അമ്മയെക്കണ്ടു."

ഭാമയുടെ നേത്രങ്ങൾ മെല്ലെ ഉയൎന്നു നന്ദിനിയുടെ മുഖത്തു ചെന്നുപററി. നന്ദിനി മെല്ലെ മുഖം താഴ്ത്തി. താൻ ഇതുവരെ കണ്ടിട്ടുകൂടിയില്ലാത്ത ആ മുത്തച്ഛൻെറ ഗൃഹത്തിൽവെച്ച്, പതിനെട്ടു കൊല്ലങ്ങൾക്ക മുമ്പു ഭാമയുടെ ഭൎത്താവിന്നു ദൎശനം നൽകിയ തൻെറ അമ്മയുടെ ആ അപരാധത്തിന്നു താൻകൂടി ഭാഗഭാക്കാകുമോ എന്ന് അവൾക്കൊരു അവ്യക്തമായ ശങ്ക തോന്നി.

ഭാമ—"അതിന്നുശേഷം രണ്ടുമാസം കഴിഞ്ഞാണ് അദ്ദേഹം മടങ്ങിവന്നത്. എന്തോ തകരാറുണ്ടെന്ന് എനിക്ക് ഉടനെ മനസ്സിലായി. 'എന്താണ്?' എന്നു ഞാൻ ചോദിച്ചു. 'ഒന്നുമില്ല, ഭാമേ! ഞാൻ ഈ ലോകത്തിൽ ഏററവും വലിയ നിൎഭാഗ്യവാനാണ്.' പിന്നീട് എന്നോട് എല്ലാം പറഞ്ഞു. ഞങ്ങൾ തമ്മിലുള്ള വിവാഹബന്ധം മോചിപ്പിക്കണമെന്ന് എന്നോടാവശ്യപ്പെട്ടു. ഞാൻ കൂട്ടാക്കിയില്ല. എന്നോടു കയൎത്തു; കോപിച്ചു. ഒരിക്കൽ എൻെറ കാൽക്കൽ മുട്ടുകുത്തി കൈകൾ പിടിച്ചപേക്ഷിച്ചു. ഞാൻ കൂട്ടാക്കിയില്ല. പിന്നീടു കുപിതനായി, ഭക്ഷണവുംകൂടി കഴിക്കാതെ ഇവിടെനിന്നിറങ്ങിപ്പോയി. പിന്നീടാണ് അതുണ്ടായത്."

ഭാമ പറഞ്ഞുനിൎത്തിയപ്പോൾ, ഏതോ ഒരജ്ഞാത ചോദനത്താൽ നന്ദിനി ചോദിച്ചു:

"നിങ്ങൾ അച്ഛനെ, വാസ്തവത്തിൽ, ഇഷ്ടപ്പെട്ടിരുന്നു, ഇല്ലേ?"

ഭാമ—"കുട്ടീ! ഞാൻ അദ്ദേഹത്തെ എൻെറ പ്രാണനേക്കാൾ സ്നേഹിച്ചു."

ഭാമ തുടൎന്നു—"ഞാനിതറിഞ്ഞതിന്നുശേഷം, ഒരി ക്കൽ, ആ ഗ്രാമത്തിലേയ്ക്കു പോയി. അതു് ആരും അ റിഞ്ഞില്ല. അവരുടെ ഗൃഹത്തിന്നു വടക്കുവശത്തുള്ള കാവിന്നരികെവെച്ചു ഞാൻ നിന്റെ അമ്മയെക്കണ്ടു. ഞാൻ ആരാണെന്നറിഞ്ഞപ്പോൾ ആ സ്ത്രീ, പാവം! വെണ്ടപ്പൂപോലെ വിളൎത്തുപോയി. ഞാൻ അവളോടു പലതും പറഞ്ഞു. ഞാൻ കെഞ്ചി അപേക്ഷിച്ചു; ഭീ ഷണിപ്പെടുത്തി. അതുകഴിഞ്ഞു രണ്ടു ദിവസത്തിന്നു ള്ളിൽ അവർ അവിടം വിട്ടുപോയി. പിന്നീടു ഞാൻ അദ്ദേഹത്തെ കണ്ടിട്ടില്ല. അതു കഴിഞ്ഞിട്ടു് ഇപ്പോൾ പതിനെട്ടു കൊല്ലമായി."

ചിന്താകുലങ്ങളായ ദൃഷ്ടികൾ കുറെനേരം 'മേൽക്ക ട്ടി'യിന്മേൽ ഉറപ്പിച്ചുകൊണ്ടു ഭാമ കിടന്നു. ഒരു ദീൎഘ നിശ്വാസത്തോടുകൂടി, കേശഭാരത്തിലെ രണ്ടുനാലിഴ കൾ മുഖത്തുനിന്നു ശിരസ്സിലേയ്ക്കു മാടിവെച്ചു് അവൾ ചോദിച്ചു:

"അവർ ഇപ്പോഴും സ്നേഹത്തോടും സന്തോഷത്തോ ടുംകൂടി ജീവിതം കഴിക്കുന്നുണ്ടോ?"

നന്ദിനി—"ഉവ്വു്. വളരെ സ്നേഹത്തോടും സന്തോ ഷത്തോടുംകൂടി."

ഭാമ—"അതേ, അവളേയും എന്നേയും ഒരിക്കലും ഒന്നിച്ചുപറഞ്ഞുകൂടാ. അവൾ സുഭഗയും, എന്നേക്കാൾ പ്രായം കുറഞ്ഞവളുമാണു്—പക്ഷേ, ഞാൻ അദ്ദേഹ ത്തെ സ്നേഹിച്ചു. അദ്ദേഹം എന്റേതായിരുന്നു."

അപമാനിതമായ ഭാൎയ്യാപ്രണയം നൈരാശ്യനി ഹിതമാക്കിത്തീൎത്ത ഒരു ഹൃദയത്തിന്റെ ഈ വിഷാദജ

ല്പനത്താൽ തരളിതഹൃദയയായിത്തീൎന്ന ആ പെൺകു ട്ടിക്ക്, ആ കിടക്കയ്ക്കരികിലിരുന്ന്, സമാധാനവാക്കുക ളോ, സാന്ത്വനോക്തികളോ ഉച്ചരിക്കുവാൻ സാധിച്ചി ല്ല. 'അദ്ദേഹം എന്റേതായിരുന്നു' എന്ന രോഗിണി യുടെ വാചകത്തിന്റെ അനുരണനം ഹൃദയത്തിൽ അ വസാനിക്കുന്നതിന്നുമുമ്പായി, ഈ പ്രേമപൂൎണ്ണതയെ നി ൎദ്ദയം തട്ടിനീക്കിയതിൽ, തന്റെ പിതാവു പ്രവൎത്തിച്ച അനീതിയെക്കുറിച്ചുള്ള കുറ്റപരാധശങ്ക നന്ദിനിയുടെ ഹൃ ദയത്തിൽ അന്നാദ്യമായുണ്ടായി.

ഭാമയുടെ കണ്ണുകൾ മെല്ലെമെല്ലെ അടഞ്ഞു. പ തുക്കെ നന്ദിനി മുറിവിട്ടുപോയി.

പട്ടണത്തിൽനിന്ന് ഒരു ഡോക്ടർ നിത്യവും ഭാമ യെ വന്നു പരിശോധിക്കാറുണ്ട്. രോഗാവസ്ഥയെക്കുറി ച്ച് അവളുടെ യഥാൎത്ഥാഭിപ്രായം എന്താണെന്നറിയു വാൻ നന്ദിനി പലപ്പോഴും ആഗ്രഹിച്ചു. ഭാമയുടെ ഗൃ ഹത്തിൽ വന്നതിന്നുശേഷം അവൾ അച്ഛന്ന് ഒന്നുര ണ്ടെഴുത്തുകൾ അയയ്ക്കുകയുണ്ടായി. പക്ഷേ, അവൾ അതിൽ രോഗാവസ്ഥയെക്കുറിച്ച് ഒന്നും സൂചിപ്പിക്കുക കൂടി ചെയ്തില്ല. ഇത്രയും പരിതാപകരമായ ഒരു പരി തഃസ്ഥിതിയിൽ തന്നെത്താൻ ചെന്നുചാടുവാൻ അനുവ ദിച്ചതിൽ അവരുടെ വാത്സല്യപൂൎണ്ണങ്ങളായ ഹൃദയങ്ങൾ വേദനപ്പെടുമെന്ന് അവൾക്കു നിശ്ചയമുണ്ട്.

അന്നു പാൎവ്വതി പൊടുന്നനെ അവളുടെ മുറിയിലേ യ്ക്കു കടന്നുചെന്നു.

"വരൂ. ഭാമ വിളിക്കുന്നു."

"നന്ദിനി!" ആ രോഗിണി പതുക്കെ വിളിച്ചു.

നന്ദിനി:—"എന്താണ്?"

ഭാമ:—"നീ വന്നതു് എനിക്കു വളരെ സന്തോഷമായി. എനിക്കു നിന്നോട് ഒരു സംഗതികൂടി പറയണമെന്നുണ്ട്. പക്ഷേ, എനിക്കു വല്ലാത്ത ക്ഷീണം തോന്നുന്നു. കണ്ണിന്നു് എന്തോ ഒരു മങ്ങലുണ്ട്. ആ വിളക്കു കെട്ടുപോയോ? ഞാൻ പറയുന്നതു നിനക്കു കേൾക്കാനുണ്ടോ?"

നന്ദിനി:—"ഉവ്വ്, ഞാൻ കേൾക്കുന്നുണ്ട്."

ഭാമ:—"നന്ദിനി! നിനക്കറിഞ്ഞുകൂടേ, എനിക്കു കുട്ടികളില്ല. പക്ഷേ, നീ വന്നതോടുകൂടി എനിക്കു എല്ലാ ദുഃഖവും തീർന്നുപോയി. നിമിഷംതോറും ഓരോന്നാലോചിച്ചാലോചിച്ച് ഇപ്പോൾ എൻെറ ഹൃദയം എന്തായെന്നറിയാമോ?"

നന്ദിനിയുടെ നേത്രങ്ങൾ അശ്രുകലുഷിതങ്ങളായി. ഒരു ക്ഷീണസ്വരത്തിൽ ഭാമ പറഞ്ഞു:

"അവൾക്ക് ഒരു പുത്രി ജനിച്ചുവെന്നു ഞാൻ കേട്ടു. അന്നുമുതൽ നിന്നെ ഒന്നു കാണുവാൻ, നിന്നെ ഒന്നു തൊടുവാൻ, നിന്നെ ഒന്നാലിംഗനംചെയ്വാൻ, ഞാൻ കൊതിച്ചിരിക്കയാണ്. വരു, നിന്നെ ഞാൻ ആലിംഗനം ചെയ്യട്ടെ."

നന്ദിനി ഏങ്ങി ഏങ്ങിക്കരഞ്ഞു. അവളുടെ ശിരസ്സ്, അറിയാതെ, ആ രോഗിണിയുടെ കണ്ഠപ്രദേശത്തേയ്ക്കു താണുചെന്നു. അവളുടെ അശ്രുബിന്ദുക്കൾ മാതൃഹൃദയയുക്തയായ ആ സ്ത്രീയുടെ മാർവ്വിടത്തിൽ ഇററിറുവീ

ണു. നന്ദിനിയുടെ ചിബുകംപിടിച്ചുയർത്തിക്കൊണ്ട് ആ സ്ത്രീ പറഞ്ഞു.

"മകളേ! അവസാനമായി നിന്നോട് എനിക്കൊരപേക്ഷയുണ്ട്. നീ മടങ്ങിപ്പോയാലുടനെ സുമതിയെക്കൊണ്ട് അദ്ദേഹത്തെ വിവാഹം ചെയ്യിക്കണം."

നന്ദിനി ഗൽഗദാക്ഷരത്തോടെ പറഞ്ഞു: "ഞാൻ, തീച്ചയായും അച്ഛനെക്കൊണ്ട് അമ്മയെ വിവാഹം ചെയ്യിക്കാം."

വഷാരംഭത്തിന്നു മുമ്പുള്ള മിന്നൽപ്പിണരുകൾപോലെ, ഭാമയുടെ നേത്രങ്ങളിൽ ഒരു പ്രകാശരേഖ വ്യാപിച്ചു. അവൾ പിന്നെയും എന്തോ പറവാൻഭാവിച്ചു. പക്ഷേ, അവളുടെ ശബ്ദം പുറത്തുവന്നില്ല. കരുണാപൂണ്ണങ്ങളായ ആ നേത്രങ്ങൾ മെല്ലെമെല്ലെ അടഞ്ഞു. ആ ശുഷ്കകണ്ഠത്തിൽനിന്നു മിക്കതും അവ്യക്തമായി നന്ദിനി ഇങ്ങിനെ കേട്ടു:

"ഞാൻ പാപിയാണ്. അദ്ദേഹത്തെ സ്വതന്ത്രനാക്കാൻ ഞാൻ കൂട്ടാക്കിയില്ല. എനിക്കു വൈകിപ്പോയി... മാപ്പ്"

പിന്നീട് ആ സ്ത്രീ സംസാരിച്ചില്ല. ഡോക്ടർ വന്നെത്തി. പക്ഷേ, അയാളുടെ പരിശ്രമങ്ങൾ നിഷ്ഫലങ്ങളായി. ദേഹപഞ്ജരത്തിൽനിന്നു മോചനം ലഭിച്ച അവളുടെ ജീവൻ ആ അനന്തപഥത്തിലേക്കു പറന്നുപോയി. വിവിധവിചാരങ്ങളാൽ വിലോലചിത്തരായ ആ മൂന്നുപേർ ചുററും നിശ്ശബ്ദരായി നോക്കിക്കൊണ്ടുനിന്നു.

# നവോദയം

ആർത്തണയുന്ന വീചീനിചയങ്ങളാലും, അത്യുന്നതങ്ങളായ ഗിരിനിരകളാലും ചുററപ്പെട്ട ഒരു പരിപാവനപ്രദേശത്ത്, ഭാവനാതീതമായ ഒരു മനോഹരപരിസരം നിർമ്മിച്ചുണ്ടാക്കിയ പൂന്തോപ്പിൽ, മന്ദവായുവേററിളകിക്കൊണ്ടിരിക്കുന്ന പുഷ്പലതകളാൽ ചുററപ്പെട്ട ഒരു സുവർണ്ണസിംഹാസനത്തിൽ, ഒരു ശരല്പൂർണ്ണചന്ദ്രികാരാത്രിയിൽ ഒരു കമനീയധാമം കാണുമാറായി. ആ പാവനാംഗിയുടെ നെററിത്തടത്തിൽ, 'ഹിമാലയ'പർവ്വതത്തിൻെറ ഹിമാവൃതശിഖരത്തിലെ, നിർമ്മലത വിളങ്ങിക്കണ്ടു; ആ കാലടികളിൽ 'കന്ന്യാകുമാരി'യിലെ കടൽത്തിരമാലകളിലെ മനോഹരസൌന്ദര്യം തിരയടിച്ചു. ആ സൌന്ദര്യത്തിന്നു ചുററും ഒരു ദിവ്യതേജസ്സു പരിവേഷംപോലെ പരിലസിച്ചു. ആ കോമളനേത്രങ്ങൾ, ആ മനോഹരവദനത്തിൻെറ സൌന്ദര്യസമുൽകൃഷ്ടതയെ പരിപുഷ്ടമാക്കി. പക്ഷേ, കടലോരങ്ങളിലേക്കു തള്ളിയലക്കുന്ന ഊർമ്മിമാലപോലെ, ആ മുഖാരവിന്ദത്തിലേക്കു ഹൃദയാന്തർഭാഗത്തുനിന്നു ചില വിഷാദവികാരങ്ങൾ തള്ളിയലച്ചിരുന്നു.

പുരോഭാഗത്ത്, ആ സിംഹാസനത്തിലേക്കുള്ള സുവർണ്ണസോപാനങ്ങൾക്കു താഴെ, വിനീതവേഷരായ രണ്ടു സഹോദരന്മാർ നിന്നിരുന്നു. ജ്യേഷ്ഠസഹോദരൻ, അഞ്ജലിബദ്ധങ്ങളായ കൈകളിൽ ഒരു ത്രിവർണ്ണപതാകയുടെ കേതുദണ്ഡം മാറോടു ചേർത്തു നിൽക്കുന്നു. ഒരു തപോനിഷ്ഠനെപ്പോലെ വിനയാന്വിതനായി കാണപ്പെട്ട അ

ദ്ദേഹത്തിൻെറ ലലാടപ്രദേശം, ജഗൽപരിപാവനവേദിയായിത്തോന്നി. യൌവനത്തിലെ കഷ്ടതകളും, സേവകജീവിതത്തിലെ നിതാന്തക്ലമങ്ങളും ഒരു ദിവ്യതേജസ്സിനെ ആ മുഖത്തു വ്യാപരിപ്പിച്ചു. ആ വ്യാകുലനേത്രങ്ങളിൽ സത്യവും അഹിംസയും തെളിഞ്ഞു കണ്ടു.

മറുവശത്തു്, തൊഴുകയ്യിൽ അരിവാളും ചുററികയുമണിഞ്ഞ ചെങ്കൊടിക്കുററ ചേർത്തുപിടിച്ചു നില്ക്കുന്ന യുവാവു സുഭഗനും! പുഷ്ടശരീരനുമായിരുന്നു. ജീവചൈതന്യം പ്രതിബിംബിച്ചുകൊണ്ടിരുന്ന ആ ഗണ്ഡതടങ്ങൾ യൌവനോന്മേഷത്തിൻെറ നൃത്തരംഗമായി കാണപ്പെട്ടു. സത്യവും ധർമ്മവും ആ കണ്ണുകളെ പ്രകാശമാനങ്ങളാക്കി. യുദ്ധരംഗത്തിലേയ്ക്കിറങ്ങുവാൻ സേനാധിപതിയുടെ കല്പന കാത്തുനില്ക്കുന്ന ഒരു യുവഭടനെപ്പോലെ അയാൾ കാണപ്പെട്ടു. മന്ദാകിനിയുടെ ജലകണങ്ങളണിഞ്ഞ മന്ദവായുവിൽ ആ സുവർണ്ണപതാക ഇളകിക്കൊണ്ടിരുന്നു; ആ രജതകിരണങ്ങളിൽ അരിവാളും ചുററികയും തിളങ്ങി.

ആ സൌന്ദര്യധാമത്തിൻെറ കാലടികളിൽ തങ്ങിനിന്നിരുന്ന ദൃഷ്ടികൾ മന്ദം ഉയർത്തി ആ ജ്യേഷ്ഠസഹോദരൻ,

"അമ്മേ!"

നിബിഡനിശ്ശബ്ദതയിൽ ആ വിളി അവ്യക്തസംഗീതധ്വനിപോലെ മന്ദം മാറെറാലിക്കൊണ്ടു. ചക്രവാളത്തിൻെറ വിദൂരതയിൽ ഉഴറിനിന്നിരുന്ന ആ തേ

ജോത്സ്യപിണിയുടെ മനോഹരനേത്രങ്ങൾ, ആ ഭക്തൻെറ നേക്കു പാഞ്ഞു.

"അമ്മേ! അവിടത്തെ മുഖത്തു കാണുന്ന ഈ ചിന്താകുലതയ്ക്കു കാരണമെന്താണ്?"

ആ ചോദ്യം ഗാഢചിന്തയിൽനിന്ന് ആ അസ്വസ്ഥഹൃദയയെ ഉണർത്തിവിട്ടു. പ്രഭാതവേളയിൽ എങ്ങുനിന്നോ വന്നണയുന്ന ആമോദപൂരിതമായ ഒരു ചെറുകാററുപോലെ, ഒരു ദീൎഘനിശ്വാസം ആ മുഖത്തുനിന്നു പൊട്ടിപ്പുറപ്പെട്ടു.

"ഹാ! ഞാനെൻെറ കഴിഞ്ഞുപോയ കാലങ്ങളെക്കുറിച്ചു ചിന്തിക്കയായിരുന്നു."

പൂൎവ്വസ്മരണകളുടെ അന്ധകാരമയമായ അഗാധതയിൽനിന്ന് ഒരു നേരിയ കരിനിഴൽ ആ മുഖത്തെ സ്വല്പനേരത്തേയ്ക്കു ക്ഷീണപ്രഭമാക്കി.

ജ്യേഷ്ഠൻ—"ഭൂതകാലങ്ങളെക്കുറിച്ച് അവിടന്നിനി സ്മരിക്കാതിരിക്കണം."

യുവാവ്—"അവിടത്തെ ഭാവിജീവിതത്തിൽ ഇനി അത്തരത്തിലുള്ള കാൎയ്യങ്ങൾ അസംഭാവ്യങ്ങളാണ്."

ജ്യേഷ്ഠൻ—"അന്നു മുതൽ അവിടത്തെ മുഖത്തു കണ്ടുതുടങ്ങിയ ഈ അസ്വാസ്ഥ്യമാണ്, എൻെറ പുരോഗാമികളെ ഈ മഹനീയോദ്യമത്തിന്നു പ്രേരിപ്പിച്ചിട്ടുള്ളതു്."

അമ്മ—"അവരുടെ മഹൽകൃത്യങ്ങളെ ഞാൻ മറക്കയില്ല. ശാസനയും ശകാരവുമനുഭവിച്ചു ഞാനൊരടിമയായി ജീവിച്ചു."

ജ്യേഷ്ഠൻ—"അമ്മയുടെ മടിയിൽ വളൎന്നു വന്നിരുന്നവരും അന്ന് അമ്മയെപ്പോലെത്തന്നെ അടിമകളായിരുന്നു."

അമ്മ—"പെട്ടെന്ന്, ഒരു ദിവസം എന്നെ കെട്ടുകുററിയിൽനിന്ന് അഴിച്ചുവിട്ടു. അപരിചിതയായ ഏതോ ഒരു വഴിയാത്രക്കാരിയുടെ സ്വാതന്ത്ര്യം മാത്രമെടുത്ത് എന്നോട് ഈ വീട്ടിൽ പെരുമാറിക്കൊൾവാൻ പറഞ്ഞു."

ജ്യേഷ്ഠൻ—"ആ ശിലാഹൃദയങ്ങളിൽ ആ ചെറിയ കനിവിന്നായി ഞങ്ങൾ അപേക്ഷിച്ചു കണ്ണുനീർ വാൎത്തു."

അമ്മ—"പിന്നെ ഒരു ദിവസം, രാവിലെ, ആ ഗൃഹനായകൻ ഒരപരിചിതയുടെ നില വിട്ട് എന്നെ ഒരതിഥിയെപ്പോലെ സ്വീകരിച്ച് അകത്തേക്കു ക്ഷണിച്ചു. ക്രമേണ, എനിക്കൊരു സംശയം ജനിച്ചു."

യുവാവ്—"ആ അപേക്ഷാപ്രാൎത്ഥനകൾവിട്ട്, ഈ സ്വീകാരത്തിന്നു ഗൃഹനായകനെ ഞങ്ങൾ ശാസിക്കാൻ തുടങ്ങി."

അമ്മ—"ക്രമേണ സംശയം നീങ്ങി, സൂൎയ്യോദയംപോലെ, സത്യം എനിക്കു വെളിപ്പെട്ടു. ഞാനാണ് ഈ ഗൃഹത്തിൻെറ യഥാൎത്ഥനായികയെന്നും, അവരാണ് ഇവിടെ അതിഥികളും അപരിചിതരും, അടിമകളുമെന്നും എനിക്കു ബോധമുണ്ടായി."

പുളകിതഗാത്രന്മാരായി ആ സഹോദരന്മാർ ഹൎഷാശ്രുക്കളോടെ,

"അമ്മേ! അവിടത്തെ ഈ അവകാശലബ്ധിക്ക ഞ ങ്ങളുടെ നിഷ്കാമകർമ്മങ്ങൾ അല്പമെങ്കിലും ഉപയുക്തമാ യിട്ടുണ്ടെങ്കിൽ ഞങ്ങൾ കൃതാൎത്ഥരാണ്. അമ്മയുടെ പൂ ൎണ്ണമോചനത്തിന്നായി ഞങ്ങൾ ജീവൻകൂടി ഉപേക്ഷി ക്കും."

അമ്മ—"പരിത്യക്തയായിരുന്ന എനിക്കവേണ്ടി നിങ്ങൾ പ്രയത്നിക്കുവാൻ തുടങ്ങിയതിൽ ഞാൻ സ ന്തോഷിക്കുന്നു. പക്ഷേ, എൻെറ മുഖത്ത് ഇപ്പോൾ കാണുന്ന അസ്വാസ്ഥ്യതക്ക് അതല്ലാ കാരണം."

ജ്യേഷ്ഠൻ—"പിന്നെയെന്താണ്?"

അമ്മ—"എന്താണ് കുറച്ചു ദിവസമായി നിങ്ങളു ടെ മുഖത്ത് ഒരസ്വാരസ്യവും, അവിശ്വാസവും നിഴലാടി ക്കാണുന്നത്?"

ഒരു കുററം ചെയ്യുന്നതു പൊടുന്നനെ ഒരാൾ ക ണ്ടെത്തിയാലെന്നപോലെ, അവർ, ഒരു ഞെട്ടലോടെ പ രസ്പരം നോക്കി. ധൈൎയ്യസമേതം ആ യുവാവു പറ ഞ്ഞു:

"എനിക്ക ജ്യേഷ്ഠനോട് ഒരവിശ്വാസവും അസ്വാര സ്യവുമില്ല. പക്ഷേ, ജ്യേഷ്ഠന്ന് എന്നോടുണ്ടെന്നാണ് എ ൻെറ വിശ്വാസം."

ജ്യേഷ്ഠൻ—"അമ്മേ! അവിടത്തെ മോചനപ്രാപ്തി ക്കായി ഇവൻ അംഗീകരിച്ചിരിക്കുന്ന ഈ ആയുധങ്ങ ളിൽ എനിക്ക് അവിശ്വാസമുണ്ട്. ഞാൻ നിൎദ്ദേശിച്ച മാ ൎഗ്ഗത്തിൽ പ്രയാണം ചെയ്വാൻ കൂട്ടാക്കാതിരിക്കുന്നതിൽ എനിക്ക് അസ്വാരസ്യവുമുണ്ട്."

യുവാവ്—"അമ്മയുടെ മോചനമാണ് ലക്ഷ്യം; അതാണ് പ്രധാനം. അതിന്നുള്ള മാർഗ്ഗങ്ങളല്ല. അതിലേയ്ക്ക് അവരവൎക്കു കാമ്യമെന്നു തോന്നുന്ന മാർഗ്ഗങ്ങൾ അവരവർ സ്വീകരിക്കുന്നു."

ജ്യേഷ്ഠൻ—"അമ്മേ! ഈ ധർമ്മസമരത്തിന്നായി ഇവനെ ഞാൻ ആദ്യമായി യുദ്ധഭൂമിയിലേയ്ക്കിറക്കിക്കൊണ്ടു വന്നപ്പോൾ, ഇവന്നിങ്ങിനെ മാർഗ്ഗഭ്രമേണം വന്നുപോകുമെന്നു ഞാനാലോചിച്ചില്ല. ഈ അനിഷ്ടപഥസഞ്ചാരം പ്രതിയോഗിക്കു ഗൂഢമാർഗ്ഗങ്ങൾ കാട്ടിക്കൊടുക്കുന്നു. ഉള്ളിലുള്ളവൎക്കു നിർബാധമായ രക്ഷ നൽകുന്ന ഒരു കോട്ടയല്ല അത്."

യുവാവ്—"അമ്മയുടെ രക്ഷയ്ക്കു കോട്ടകെട്ടുവാൻ ജ്യേഷ്ഠൻ കണ്ടെത്തിയിട്ടുള്ള ചില ഉപകരണങ്ങൾ തന്നെ ശക്തിയില്ലാത്തവയാണ്. എൻെറ ഉപകരണങ്ങൾ വ്യത്യസ്തങ്ങളാണ്. അതിനെ ഭേദിക്കുവാനുള്ള ആയുധങ്ങൾതന്നെ ഇതുവരെ എവിടേയും, നിർമ്മിതമായിട്ടില്ല."

ജ്യേഷ്ഠൻ—"ഇവൻെറ മിത്ഥ്യാഭ്രമങ്ങൾ അവിടുത്തെ അഭിവൃദ്ധിയെ കെടുത്തുകളയും; അവിടുത്തെ ഈ പുരാതനനിലയത്തിൻെറ സൌന്ദൎയ്യത്തെ വിരൂപമാക്കും."

യുവാവ്—"ഈ പുരാതനഗൃഹത്തിന്നുള്ളിലുള്ള അധിവാസംതന്നെ അപകടമാണ്. ഞാനൊരു നവീനഗൃഹം നിർമ്മിക്കുവാൻ ആഗ്രഹിക്കുന്നു. അമ്മേ! അവിടുത്തെ ഗൃഹാങ്കണങ്ങളിൽ പച്ചനീരാളം വിരിക്കുന്നതു്

ഈ കൈകളാണ്; അവിടുത്തെ പൂന്തോപ്പുകളെ ഫല പുഷ്ടമാക്കുന്നത് എന്റെ പ്രയത്നങ്ങളാണ്; അവിടുത്തെ ഭണ്ഡാരത്തിൽ രത്നങ്ങൾ ചൊരിയുന്നത് എന്റെ സ്വേദബിന്ദുക്കളാണ്. ജ്യേഷ്ഠാ! ദാരിദ്ര്യപൂരിതമായ ഒരു ഗൃഹം, അതിന്റെ പുറംപൂച്ചുകൊണ്ടുമാത്രം അഭിവൃദ്ധമാവുകയില്ല."

ജ്യേഷ്ഠൻ—"അവിടുത്തെ ഒരു സഹോദരി എവിടേയോ, അങ്ങിനെ ഒരു ബീഭത്സവേഷമെടുത്തിരിക്കുന്നുണ്ടത്രേ! ഇവന്റെ അനുകരണഭ്രമം അമ്മയേയും രൂപാന്തരപ്പെടുത്തുവാൻ ശ്രമിക്കുന്നു. സ്വപുത്രനെന്നു കരുതിയിരുന്ന ഇവൻ ഒരന്യയെ അമ്മയെന്നു കരുതുന്നു! അപമാനിതമായ മാതൃസ്നേഹം അമ്മയുടെ ഹൃദയത്തിൽ വീർപ്പുമുട്ടുന്നുണ്ടാവും."

യുവാവ്—"കേവലം വിസ്മരിക്കപ്പെട്ട്, നിരാലംബരായിക്കിടന്നിരുന്ന അനേകായിരം സന്താനങ്ങൾ, തങ്ങൾക്ക് ഒരു അമ്മതന്നെ ഉണ്ടോ എന്നുകൂടി അറിയാതെ, അനാഥരായി ജീവിച്ചുവന്നു. രോഗങ്ങളിൽനിന്നും ദാരിദ്ര്യത്തിൽനിന്നും അവർ ജനിച്ചുണ്ടായി. അസ്വതന്ത്രതയും അസമത്വവും അവരെ വളർത്തിക്കൊണ്ടുവന്നു. നിറവേറാത്ത അവരുടെ ആവശ്യങ്ങൾ അവരെ അടിമകളുമാക്കി. ഇപ്പോൾ അവർ വെളിച്ചം കണ്ടുതുടങ്ങി. സ്വാർത്ഥത്താലും അത്യാഗ്രഹത്താലും ഇത്രയുംകാലം അവരുടെമേൽ പ്രയോഗിച്ചിരുന്ന ആ മായാജാലങ്ങൾ ഇനി നിലനില്ക്കുകയില്ല. സ്നേഹശീതളമായ അമ്മയുടെ വക്ഷസ്സിലേയ്ക്കു് അവർ, അതാ! പാഞ്ഞണയുന്നു. തിരി

ച്ചെത്തുന്ന ആ ഭാമനസ്സന്താനങ്ങളുടെ നേൎക്ക്, സ്നേഹത്തിന്നായി ഉഴറിയിരുന്ന അമ്മയുടെ ഹൃദയത്തിൽനിന്നു വാത്സല്യാമൃതം അനുസ്യൂതമായി ഒഴുകിക്കൊണ്ടിരിക്കുന്നു. അതു്, അവിടെ വീഴ്പ്പുമുട്ടുകയില്ല, ജ്യേഷ്ഠാ!"

അമ്മ—"അജ്ഞതയിലും, അന്ധകാരത്തിലും ദാരിദ്ര്യത്തിലും കിടന്നുഴലുന്ന ലക്ഷോപിലക്ഷം പ്രിയസന്താനങ്ങളുടെ നിശ്ശബ്ദരോദനം ഇതാ! ഇപ്പോഴും എന്റെ ചെവികളിൽ വന്നലയ്ക്കുന്നു! അവരുടെ മോചനമാണ് എന്റെ മോചനം. അവരുടെ സ്വാതന്ത്ര്യമാണ് അമ്മയുടെ സ്വാതന്ത്ര്യം!!"

ജ്യേഷ്ഠൻ—"എന്നിൽ, അമ്മയ്ക്കുകൂടി തൃപ്തിയില്ലാതായല്ലോ! മാതാവിന്നു് എപ്പോഴും ഇളയവനിൽ കനിവേറുമെന്നു പ്രസിദ്ധമാണ്."

അമ്മ—"സന്താനലോപാതുരയായിരുന്ന എനിക്കു നീ ജനിച്ചതിന്നുശേഷം എത്രയെത്ര ഉന്നതിയുണ്ടായിട്ടുണ്ടെന്നു നല്ലപോലെ അറിയാം. എനിക്ക് ഇവനോടു കൂടുതൽ വാത്സല്യമുണ്ടെങ്കിൽ, നിന്നോടു കൃതജ്ഞതയുമുണ്ടു്."

അല്പനേരം നിശ്ശബ്ദമായിരുന്നതിന്നുശേഷം ആ യുവാവു പറഞ്ഞു:

"പിന്നെ, അമ്മേ! എന്താണ് വേറൊരു വൎത്തമാനം കേൾക്കുന്നതു്? അമ്മയുടെ സമ്പൽസമൃദ്ധിക്കും, പുരോഗതിക്കുമാണത്രേ, അവിടുത്തെ ഗുണകാംക്ഷികളെ

ന്നു പറയുന്ന ആ വഞ്ചകർ ഒരു രാക്ഷസനെ, ഒരു ധൂമകേതുവിനെ, ഇങ്ങോട്ടയയ്ക്കുന്നുണ്ടത്രേ!" *

ആ യുവശരീരം ആവേശത്താൽ പ്രകമ്പിതമായി. ആ ഉജ്ജ്വലനേത്രങ്ങൾ അഗ്നികണങ്ങൾ വർഷിച്ചു. ഉദ്ധതവീര്യനായ ആ യുവാവു പറഞ്ഞു:

"ഈ ദേഹത്തിൽ ജീവനുള്ളേടത്തോളം കാലം, ഈ സിരകളിൽ ഒരിററു ജീവരക്തമെങ്കിലും ബാക്കിയുള്ളേടത്തോളം കാലം, അമ്മയുടെ ഈ പാവനപുണ്യക്ഷേത്രം, ആ നീചാഗ്ര്യൻ മലിനപ്പെടുത്തുകയില്ല! നെടുനീളം കിടക്കുന്ന ഹിമാദ്രിയുടെ നാനാനികരങ്ങൾക്കും, അവിടത്തെ വലയം ചെയ്യുന്ന ഈ വിശാലനീരാഴികൾക്കും ഈ രാക്ഷസബാധയെ തടസ്ഥപ്പെടുത്തുവാൻ സാധിക്കയില്ലെങ്കിൽ, അമ്മേ! ആ നിരോധക്രിയക്കായി എൻെറ ഒരു കൈവിരലിളകുന്നതു സശ്രദ്ധം നോക്കിക്കൊണ്ടിരിക്കുന്ന ലക്ഷോപലക്ഷം യുവഹൃദയങ്ങൾ അവയുടെ ചുടുരക്തങ്ങൾ ചൊരിഞ്ഞു ജീവിതാഹുതി ചെയ്യാൻ അതാ! കാത്തുനില്ക്കുന്നു! അതിലെ ഒരൊററ ജീവപ്രാണി ജീവിച്ചിരിക്കുന്നതുവരെ ആ നീചവിടാഗ്രേസരന്നു് അമ്മയെ വ്യഭിചരി........"

പെട്ടെന്നുണ്ടായ ഭയപരിഭ്രമത്തോടെ ആ യുവാവു പിന്നിലേയ്ക്കു മാറി. ആ അരുണകപോലങ്ങൾ വെണ്ടപ്പൂപോലെ വിളർത്തുവശായി. മുകുളീകൃതപാണിയായി ആ യുവാവു് ഒരു കാൽ മുട്ടു കുത്തി.

---

* Govt. of India Act, 1935. Federal Portion—നടപ്പിൽ വരികയുണ്ടായില്ല.

"അമ്മേ! ഹൃദയക്ഷോഭത്താൽ ഞാൻ ഈ സന്നിധിയിൽവെച്ച്, ആ വാക്കുച്ചരിച്ചുപോയി. ക്ഷമാശീലയായ അവിടുന്ന്........"

അമ്മ—"പറഞ്ഞോളൂ, കുട്ടീ! പറഞ്ഞോളൂ—അമ്മയെ വ്യഭിചരിക്കുവാൻ! ഇതിലും നീചവും, ബീഭത്സവുമായ എത്രയെത്ര കുത്സിതക്രിയകൾക്കു നിന്റെ ഈ അമ്മ പാത്രമായിട്ടുണ്ടെന്നു നിനക്കറിഞ്ഞുകൂടാ. ആ വക അക്രമങ്ങളിൽനിന്ന് അമ്മയിതാ! വിമുക്തയാവുന്നേയുള്ളൂ. അമ്മയെ വ്യഭിചരിക്കുന്നതു കാണേണ്ടിവരുന്നതിൽ മീതെയാണോ, കുട്ടി! നിനക്ക് എന്റെ മുമ്പിൽ ആ വാക്കുച്ചരിക്കേണ്ടി വരുന്നത്?"

യുവാവ്—"അവിടുത്തെ മഹനീയമോചനത്തിനു ഞാനിങ്ങിനെ സന്നാഹങ്ങൾ ചെയ്യുമ്പോൾ, ജ്യേഷ്ഠനെന്താണമ്മേ! ഇങ്ങിനെ വൈമനസ്യം പൂണ്ടിരിക്കുന്നത്?"

ജ്യേഷ്ഠൻ—"എനിക്കു നിന്റെ മനോഗതികൾ മനസ്സിലാവുന്നില്ല."

യുവാവ്—"അതു് എന്റെ കുററമാണോ?"

ജ്യേഷ്ഠൻ—"നാം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ആഗതൻ ഇത്ര നീചനും നിഷ്ഠുരനുമാണെന്നു നാം എന്തിനു വിചാരിക്കുന്നു? അതിന്റെ യഥാർത്ഥരൂപം എന്താണെന്നു നാമെങ്ങിനെ മുൻകൂട്ടി അറിയുന്നു? ആകാരവൈരൂപ്യങ്ങൾ പരിണാമവിധേയങ്ങളാണ്. ആ മലിനദേഹം രൂപാന്തരപ്പെട്ട്, അതുതന്നെ അവിടുത്തെ

ഉൽക്കൃഷ്ടകാരിയായി പരിണമിക്കയില്ലെന്നു് എങ്ങിനെ വിശ്വസിക്കാം.”

അമ്മ—“നിൻെറ ഈ സ്വീകാര്യസന്നദ്ധത പ്രേക്ഷകക്ക് പ്രോത്സാഹനം കൊടുക്കുന്നു. നാം ഇനിയൊരതിഥിയെ ക്ഷണിക്കുന്നതു സൂക്ഷിച്ചിട്ടുവേണം. ഗൃഹസ്ഥൻ അതിഥിയുടെ അടിമയായിരിക്കാൻ, ഇനി, കഴികയില്ല, മകനേ!”

യുവാവു്—“ജ്യേഷ്ഠാ! പ്രത്യക്ഷത്തിൽ കാണുന്നതിനെ നമുക്കു വിശ്വസിക്കുക. ഒരിക്കൽ അതിൻെറ അടിമകളായിട്ടാണോ, നാം അതിനെ പരിവർത്തനപ്പെടുത്തുവാൻ പോകുന്നതു്. ഒടുവിൽ ഈ ‘ഇത്തിക്കണ്ണി’ മൂലതരുവിനെക്കൂടി തിന്നുകളയും. ജ്യേഷ്ഠൻെറ ഈ് ധർമ്മപുത്ര’വ്രതം അല്പം മാററിവെയ്ക്കുക. അമ്മയുടെ പൂർണ്ണമോചനത്തിന്നു ശേഷം നമുക്കിവിടെ അതിഥികളെ സ്വീകരിച്ചുതുടങ്ങാം. ഔദാര്യപ്രകടനത്തിൽ അമ്മയുടെ പൂമുഖം ഒരിക്കലും വിരസമല്ലെന്നു വിശ്രുതവുമാണല്ലോ!”

ജ്യേഷ്ഠൻ—“പക്ഷേ, ഞാനതിന്നു വിമനസ്സാണെന്നു നീയെന്തിന്നു പറയുന്നു?”

യുവാവു്—“തീർച്ചയായും ജ്യേഷ്ഠൻ അനുകൂലിയല്ലെങ്കിലും, പ്രതികൂലിയല്ല.”

ജ്യേഷ്ഠൻ—“നീ ദൂഷ്യാരോപണം ചെയ്യുകയാണു്. ശരി! നീ നിൻെറ പന്ഥാവിൽക്കൂടെ, യഥേഷ്ടം, പുരോഗമനംചെയ്യുക. ഞാൻ പ്രതിബന്ധമായി നില്ക്കുകയില്ല! അമ്മേ! എനിക്കു വിട തരിക.”

അപ്രതീക്ഷിതമായ ഒരത്ഭുതസംഭവത്തിൽനിന്നുണ്ടായ ഒരാഘാതമേററതുപോലെ, ആ തേജോരൂപിണി സിംഹാസനത്തിൽനിന്നുത്ഥാനം ചെയ്തു. ആ മുഖത്തുനിന്നു സ്നേഹവാത്സല്യങ്ങൾ അപ്രത്യക്ഷമായി. അതിൻെറ സ്ഥാനത്ത് ഒരു ശാന്തതയും ഗൌരവവും പ്രത്യക്ഷപ്പെട്ടു. ആ മോഹനഗാത്രി സുവൎണ്ണസോപാനങ്ങളിലേയ്ക്കിറങ്ങിവന്നു വൃഥാച്ഛിദ്രം മതിയാക്കുവാൻ കരാംഗുലികളുയൎത്തി. ഹൃദയത്തിൽ വാത്സല്യാമൃതവും, കൈകളിൽ സ്വൎഗ്ഗീയാനുഗ്രഹങ്ങളുമായി, അവരുടെ നമ്രശീൎഷങ്ങൾക്കുമീതെ വന്നു നില്ക്കുന്ന ഏതോ ദൈവികവിഗ്രഹമാണതെന്ന് ആ സഹോദരന്മാൎക്കു തോന്നി. ആ മാതൃവക്ഷസ്സിൽനിന്ന് ഒഴുകിവന്ന വാത്സല്യസ്രോതസ്സിൽ ആ രണ്ടു ഹൃദയങ്ങൾ പൂൎണ്ണതയെ പ്രാപിച്ചപ്പോൾ, അവിടെ തങ്ങിനിന്നിരുന്ന അവിശ്വാസലാഞ്ഛനകൾ വിസ്മൃതിയിൽ വിലീനമായിപ്പോയി. ആ പരിപൂൎണ്ണഹൃദയങ്ങൾ ഏകീകരിക്കുന്ന ദിവ്യമുഹൂൎത്തത്തിൻെറ ഏകാന്തനിശ്ശബ്ദതയിൽ ആ ദിവ്യമൂൎത്തി ഇങ്ങിനെ അരുളിച്ചെയ്തു.

"നിങ്ങൾ കലഹിച്ച് അകന്നു നില്ക്കുമ്പോൾ, ശത്രുക്കൾക്ക് ഇങ്ങോട്ടുള്ള മാൎഗ്ഗം സുഗമമാകുന്നു. ആ വിദൂരതയിൽനിന്ന്, ആ കാണുന്ന കുന്നുകൾക്കപ്പുറത്തുനിന്ന്, നമ്മുടെ ഈ മനോഹരപുഷ്പവാടിയെ കീഴ്മേൽ മറിക്കുവാനുള്ള ഒരു കൊടുങ്കാററിൻെറ പോൎവിളികൾ, ഞാൻ സുവ്യക്തമായി കേൾക്കുന്നു! ധൎമ്മമാൎഗ്ഗത്തിൽനിന്നു വ്യതിചലിക്കാതെ, ഈ കൊടുങ്കാററിൽ അടിയിള

കാതെ, സ്വതന്ത്രപ്രാ[illegible]യി കൈകോർ[illegible] ഉദ്യമിക്കുക!"

പൂർവ്വചക്രവാളം അരുണവർണ്ണമായി. ആ സോപാനത്തിൻെറ ഇരുവശവും നിന്നിരുന്ന പ്രിയപുത്രന്മാരുടെ കോമളഹസ്തങ്ങൾ സ്വകരങ്ങളിൽ ഗ്രഹിച്ചു മാറോടു ചേർത്ത് ആ പ്രിയമാതാവു പ്രഭാതശോഭയെ നോക്കി. ആ രണ്ടു കണ്ഠങ്ങളിൽനിന്നു പ്രതിജ്ഞാരൂപത്തിൽ ഇത്തരം ചില വചനങ്ങൾ വിനിർഗ്ഗളിച്ചു:

"ഹാ! ശുക്രനക്ഷത്രത്തിൻെറ മംഗളസൂചകമായ സിന്ദൂരതിലകവുമിട്ട്, സ്നിഗ്ദ്ധപാടലാംബരത്തിൻെറ പട്ടുചേലയുമുടുത്ത്, ത്രിവിധവർണ്ണാഭ്രങ്ങളുടെ വിജയപതാകകളുമായി, പക്ഷിജാലങ്ങളുടെ സ്വാതന്ത്ര്യഗാനങ്ങളുമതിർത്ത്, മരമൃതകുംഭവുമേന്തി, അമ്മയുടെ പ്രതിച്ഛായയപോലെ, അതാ! ആ സമീപവർത്തിനി നമ്മെ കാത്തുനില്ക്കുന്നു! ആലിംഗനോത്സുകങ്ങളായി നീട്ടിയ ആ കൈകളിലേയ്ക്കു് അമ്മ അതിശീഘ്രം അണയുമാറാകട്ടെ!!"

---

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. MF9 Acc. No. 9467

This book should be returned on or before the date last stamped below.

27 DEC 1987

MF9 9467

പ്രഭാകരനുണ്ണി, കെ. എം.

നവോദയം.